
38 Assembly Office



# ഒന്നാം വർഷം.

൧൯൬൦ ജൂലായി ൧



KERALA LEGISLATURE
LIBRARY

Section:

Title: ഒന്നാം വർഷം

Stock No. 57721


(ഭൂതത്താൻ കെ … മെന്നതു്")

# ഒന്നാം വർഷം

തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം ഒരു വർഷ
കാലത്തു് സംസ്ഥാനത്തിനു കൈവന്നിട്ടുള്ള നേട്ടങ്ങളുടെ
ഒരു സംക്ഷിപ്ത വിവരമാണു് സംയോജനത്തിന്റെ
ഒന്നാമത്തെ വാർഷിക ദിനത്തിൽ പ്രസിദ്ധ
പ്പെടുത്തുന്ന "ഒന്നാംവർഷ" മെന്ന ഈ
ലഘുഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതു്



57721



നാട്ടുരാജ്യസംയോജനത്തിന്റെ കർത്താവായി ബഹുമാനപ്പെട്ട ഇന്ത്യാ ഡെപ്യൂട്ടി
പ്രധാന മന്ത്രി സർദാർ വല്ലഭായി പട്ടേലും തിരുവിതാംകൂർ-കൊച്ചി
രാജപ്രമുഖൻ തിരുമനസ്സുകൊണ്ടും കൊച്ചിമഹാരാജാവ്
തിരുമനസ്സുകൊണ്ടും

സംയോജനത്തിന്റെ ഉൽഘാടനകർമ്മം ൧൧൨൫ ജൂലായി ൧-ാംനു- നിർവ്വഹിച്ച ശ്രീ. വി. പി. മേനോൻ



# ഒന്നാം വർഷം

## ഏകീകരണ നടപടികൾ

ചരിത്രം സൃഷ്ടിച്ച ഒരു സുദിനമാണ് ൧൯൪൯ ജൂലായി ൧-ാം൹. ഏകഭാഷ, പാരമ്പര്യം, സംസ്കാരം, ചരിത്രം എന്നിവയാൽ ദൃഢബന്ധിതരെങ്കിലും ചരിത്രപരമായ ചില യാദൃശ്ചികസംഭവങ്ങളാൽ ശതാബ്ദങ്ങളായി വിഭിന്ന ഘടകങ്ങളായി വർത്തിച്ചുപോന്ന തിരുവിതാംകൂറും കൊച്ചിയും ഏകോപിച്ചു തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനമെന്ന നാമധേയത്തിൽ ഒരു പുതിയ സംസ്ഥാനമായി ഭാരതീയ രാഷ്ട്രീയനഭോമണ്ഡലത്തിൽ ഉദയംകൊണ്ടതു് അന്നാണു്. ഈ മഹൽസംഭവത്തിന്റെ ആദ്യത്തെ വാർഷികദിനം കുറിക്കുന്ന ഇന്നു തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിന്റെ ഉത്ഭവം മുതൽ ഇന്നുവരെയുള്ള ഒരു വർഷകാലത്തിൽ അവർക്ക് കൈവന്നിട്ടുള്ള നേട്ടങ്ങളെപ്പറ്റി ചിന്തിക്കുന്നതു് സന്ദർഭോചിതമായിരിക്കും.

വിഭിന്ന ഘടകങ്ങളായിരുന്ന സംസ്ഥാനങ്ങളുടെ സംയോജനത്തെ തുടർന്നു് അത്യന്താപേക്ഷിതങ്ങളായി നടക്കേണ്ട പല ഏകീകരണ ചടങ്ങുകളുമുണ്ടു്. ഈ ഏകീകരണങ്ങൾ ഉടനെ സാധിക്കാത്തിടത്തു് അവയുടെ അഭാവം നിമിത്തം ഭരണപരമായ വൈകല്യങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതലുകളും ആവശ്യമാണു. തിരുവിതാംകൂർ—കൊച്ചി സംയോജനം പ്രഖ്യാപിച്ച ഉടൻതന്നെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഹൈക്കോട്ടുകളും സിക്രട്ടേറിയറ്റുകളും നിയമസഭകളും ഏകോപിപ്പിച്ചു് ഏക സിക്രട്ടേറിയറ്റും, ഹൈക്കോടതിയും നിയമസഭയും സ്ഥാപിച്ചു. സംയോജനത്തിനു മുൻപു് രണ്ടു സംസ്ഥാനങ്ങളിലുമുണ്ടായിരുന്ന നിയമങ്ങളുടെ ഏകീകരണത്തിനു സ്വാഭാവികമായി കാലതാമസം വരുന്നതായതുകൊണ്ടു് താൽക്കാലികമായി അതാതു് പ്രദേശങ്ങളിലെ നിയമങ്ങൾക്ക് പ്രാബല്യം നൽകുന്ന ഒരു ഓർഡിനൻസു പാസാക്കുകയും നിയമങ്ങളുടെ സംയോജനം എത്രയും വേഗത്തിൽ സാധിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. അതുപോലെതന്നെ, തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടായിരുന്ന പബ്ലിക്ക് സർവീസ് കമ്മീഷനുകൾക്ക പകരം സംസ്ഥാനത്തു് ഏക പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സ്ഥാപിച്ചു. ഏറെത്താമസിയാതെ, തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിലെ ഡിസ്ട്രിക്ടുകൾ തിരിച്ചു കൊച്ചി സംസ്ഥാന

പ്രദേശത്തോട് തിരുവിതാംകൂറിലെ ഏതാനും താലൂക്കുകൾ കൂട്ടിച്ചേർത്തു ഒരു പുതിയ ഡിസ്ത്രിക്റ്റ് സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ വിശദാംശങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്. വകുപ്പുകളുടെ സംയോജനവും മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങിനെ സംയോജനത്തെ തുടർന്നുള്ള ഏകീകരണ ചടങ്ങുകൾ ഏറെക്കുറെ പൂർത്തിയായെന്നുതന്നെ പറയാം. ചുരുക്കം ചില വകുപ്പുകളുടെ സംയോജനവും ശമ്പള സമീകരണവും ഏതാനും നിയമനിർമ്മാണങ്ങളുമാണ് ശേഷിച്ചിട്ടുള്ളവയിൽ പ്രധാനങ്ങളായിട്ടുള്ളതു്.

**ചൌക്കകൾ.**

ദീർഘകാലമായി തിരുവിതാംകൂറും കൊച്ചിയുമായുള്ള സ്വതന്ത്രസമ്പർക്കത്തിനു വിഘാതമായി നിലകൊണ്ടിരുന്ന എക്സൈസ് നിബന്ധനകളും ചൌക്കകളും നിറുത്തലാക്കുകയെന്നതാണ് തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിന്റെ രൂപവൽക്കരണത്തിനുശേഷം ഗവർമ്മെണ്ട് ആദ്യമായി ചെയ്തതു്. ഇവ നിറുത്തലാക്കിയ സന്തോഷവാർത്ത സംയോജനത്തിന്റെ ഉൽഘാടനയോഗത്തിൽ വച്ചുതന്നെ ബഹു. ചീഫ് മന്ത്രി പ്രഖ്യാപിച്ചു. ഈ ഭരണപരിഷ്കാരംകൊണ്ടു ഗവർമ്മെണ്ടിനു ഗണ്യമായ ഒരു സംഖ്യ കൊല്ലം തോറും നഷ്ടപ്പെടേണ്ടതായി വന്നിട്ടുണ്ടെങ്കിലും ഇതിന്റെ അടിയന്തിരാവശ്യത്തെ പരിഗണിച്ച് ആ നഷ്ടം ഗവർമ്മെണ്ടു സസന്തോഷം വഹിക്കുകയാണുണ്ടായതു്. തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിലെ വാണിജ്യവ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനും ഇവിടത്തെ സാമാന്യജനങ്ങളെ അലട്ടിക്കൊണ്ടിരുന്ന അസൗകര്യങ്ങൾ നിർമാർജനം ചെയ്യുന്നതിനും ഈ പരിഷ്കാരം തികച്ചും പര്യാപ്തമായിട്ടുണ്ടെന്നു നിസ്സംശയം പ്രസ്താവിക്കാവുന്നതാണ്. ൧൯൪൯ സെപ്തംബർ ൧൬-ാംനു തുടങ്ങി തിരുവിതാംകൂർ—കൊച്ചിയുടെയും മദിരാശി സംസ്ഥാനത്തിന്റെയും അതിർത്തികളിലുള്ള എക്സൈസ് ചുങ്കങ്ങളും നിറുത്തലാക്കി.

**ഡിസ്ത്രിക്ട് വിഭജനം.**

തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിന്റെ രൂപീകരണത്തോടുകൂടി പുതിയ ഡിസ്ത്രിക്ട് വിഭജനം ആവശ്യമായി തീർന്നു. അതനുസരിച്ചു സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശിവപേരൂർ എന്നിങ്ങനെ നാലു ഡിസ്ത്രിക്റ്റുകളാക്കി തിരിക്കുകയും ഡിവിഷൻ പേഷ്കാർമാരെയും അസിസ്റ്റണ്ടു പേഷ്കാർമാരെയും കളക്ടർമാരായും ഡെപ്യൂട്ടി കളക്ടർമാരായും ഉദ്യോഗപ്പേരു മാറ്റുകയും ചെയ്തു. ഈ പുതിയ ഡിസ്ത്രിക്ട് വിഭജനപദ്ധതി അനുസരിച്ചു കുന്നത്തുനാട്ടും പറവൂരും താലൂക്കുകൾ കോട്ടയം ഡിസ്ത്രിക്ടിൽനിന്നും തിരിച്ചു തൃശ്ശിവപേരൂർ ഡിസ്ത്രിക്ടിനോടു കൂട്ടിച്ചേർക്കുകയും പുതിയ ഡിസ്ത്രിക്ടായ തൃശ്ശിവപേരൂർ ഡിസ്ത്രിക്ടിന്റെ തലസ്ഥാനം തൃശ്ശിവപേരൂരായി നിശ്ചയിക്കുകയും ചെയ്തു.

**മദ്രാസ് സംസ്ഥാനത്തു നിന്നും ലഭിച്ച പ്രദേശങ്ങൾ.**

മദ്രാസ് സംസ്ഥാനത്തിൽ പെട്ടിരുന്നതും തിരുവിതാംകൂർ—കൊച്ചിയുടെ അതൃത്തിക്കുള്ളിൽ കിടക്കുന്നതുമായ അഞ്ചുതെങ്ങ്, തങ്കശ്ശേരി, പണകുടി മുതലായ ൯൪൩൬.൨൭ എക്കർ സ്ഥലം തിരുവിതാംകൂർ—കൊച്ചിക്കു വിട്ടുകിട്ടുകയും അതിനു പകരം ൩൦൯.൧൭ എക്കർ സ്ഥലം മദിരാശി ഗവമ്മെണ്ടിനു വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

**ചില പ്രദേശങ്ങളിലെ നീതിന്യായ വകുപ്പിന്റെ വിഭജനം.**

സംയോജനത്തിനു മുൻപ് കൊച്ചി സംസ്ഥാനത്തിൽ നീതിന്യായവകുപ്പ് എക്സിക്യൂട്ടീവിൽനിന്നും വിഭജിച്ചിരുന്നു. തിരുവിതാംകൂറിൽ ഡിവിഷൻപേഷ്കാർമാക്കും അസിസ്റ്റൻറ് പേഷ്കാർമാക്കും തഹസീൽദാർമാക്കും ഈ രണ്ടു അധികാരങ്ങളും ഉണ്ടായിരുന്നു. സംയോജനത്തിനുശേഷം തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ ചേർത്ത പറവൂർ—കുന്നത്തുനാട് താലൂക്കുകളിൽ നീതിന്യായാധികാരം എക്സിക്യൂട്ടീവ് അധികാരത്തിൽനിന്നും വേർതിരിച്ചു. തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ മുഴുവനും ഇപ്പോൾ നീതിന്യായവകുപ്പ് എക്സിക്യൂട്ടീവ് അധികാരത്തിൽനിന്നും വേർതിരിഞ്ഞാണ് വത്തിക്കുന്നത്.

**റവന്യൂബോർഡ് രൂപീകരണം**

സംയോജനം കഴിഞ്ഞ ഉടനെതന്നെ ഗവമ്മെണ്ട് ഒരു റവന്യൂബോർഡ് രൂപീകരിച്ചു. ലാൻറ റവന്യൂ എക്സൈസ്, കസ്റ്റംസ്, മദ്യനിരോധനം, വില്പനനികുതി മുതലായ വകുപ്പുകളുടെ മേൽ ബോർഡിനു നിയന്ത്രണാധികാരമുണ്ട്. അതിനു പുറമെ വില്ലേജ് പഞ്ചായത്ത്, സഹകരണം, ഫിഷറീസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ പ്രവത്തനങ്ങൾ രൂപീകരിക്കുവാനുള്ള അധികാരവും റവന്യൂ ചട്ടങ്ങൾ പ്രകാരം ഗവമ്മെണ്ടിനുണ്ടായിരുന്ന അപ്പീലധികാരങ്ങളും ബോർഡിനു നൽകിയിട്ടുണ്ട്. തിരുവിതാംകൂർ ജന്മികുടിയാൻ നിയമപ്രകാരം ജന്മികരം സെററിൽമെൻറാഫീസർ നടത്തിയിരുന്ന അധികാരങ്ങളും കുത്തകപ്പാട്ടം സംബന്ധിച്ചു കളക്ടർമാരും ഡെപ്യൂട്ടി കളക്ടർമാരും ചെയ്യുന്ന തീരുമാനങ്ങളിന്മേലും കണ്ടുകൃഷി ചട്ടങ്ങളനുസരിച്ചുള്ള തീരുമാനങ്ങളിന്മേലുമുള്ള അപ്പീലധികാരങ്ങളും റവന്യൂബോർഡിനാണ് നൽകിയിരിക്കുന്നത്.

---

വകുപ്പുകളുടെ വിശദസംയോജനത്തിന്റെയും കേന്ദ്രഗവമ്മെണ്ടുമായുള്ള സാമ്പത്തിക സംയോജനത്തിന്റെയും വിവരങ്ങൾ അന്യത്ര ഒരു പ്രത്യേക അദ്ധ്യായമായി ചേർത്തിട്ടുണ്ട്.

# ഭക്ഷ്യപ്രശ്നം

സംസ്ഥാനത്തെ ബാധിക്കുന്ന ഏററവും പ്രധാനമായ ഒരു പ്രശ്നമാണല്ലോ ഇതു്. സംസ്ഥാനത്തുണ്ടാകുന്ന നെല്ലു കഴിയുന്നത്ര സംഭരിക്കുക, പുറമേനിന്നും ലഭിക്കാവുന്നത്ര ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരിക, ഇവയെല്ലാം കാര്യക്ഷമമായി വിതരണംചെയ്യുക, കൂടുതൽ ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കുവാൻ പരിശ്രമിക്കുക—ഇവയാണു് ഈ പ്രശ്നത്തിന്റെ പരിഹാരമാർഗ്ഗങ്ങൾ. സംയോജനത്തിനുശേഷം ഇക്കാര്യത്തിൽ ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധപതിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

**സംസ്ഥാനത്തുണ്ടാകുന്ന നെല്ലിന്റെ സംഭരണം.**

കൊച്ചിയിൽ നിലവിലിരിക്കുന്നതുപോലെ മിച്ചമുള്ള നെല്ലു മുഴവനും ഗവമ്മെണ്ടിലേക്കു് എടുക്കുക എന്ന അടിസ്ഥാനത്തിലുള്ള സംഭരണസമ്പ്രദായം ൧൯൫൯ ജൂലായിക്കുശേഷം സംസ്ഥാനമൊട്ടുക്കു നടപ്പിൽ വരുത്തി. കർഷകന്റെ വീട്ടാവശ്യത്തിനും വിത്തിനും കൃഷിച്ചിലവിനും ന്യായമായി വേണ്ടത്ര അനുവദിക്കുന്നതു കഴിച്ചു് ബാക്കിയുള്ള നെല്ലു മുഴവനും ഗവമ്മെണ്ടിലേക്കു എടുക്കുക എന്നതാണു് മേല്പറഞ്ഞ സംഭരണരീതി. നെല്ലെടുപ്പിനുള്ള ഉദ്യോഗസ്ഥനിയമനവും മററും ശരിപ്പെടുത്തുക, ഗവമ്മെണ്ടിലേക്കു കിട്ടേണ്ട നെല്ലു് കരിഞ്ചന്തവ്യാപാരംമൂലം തീരെ നഷ്ടപ്പെടുന്നില്ലെന്നു് ഉറപ്പുവരുത്തുക എന്നീ രണ്ടു മാർഗ്ഗങ്ങളിൽ കൂടിയാണു് കൂടുതൽ നെല്ലു സംഭരിക്കുന്നതിനുള്ള പരിശ്രമങ്ങൾ സ്വാഭാവികമായി നടത്തേണ്ടതു്. ഇതിലേക്കായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ടു്.

നെല്ലെടുപ്പു് ഊർജ്ജിതപ്പെടുത്തുവാൻ സൗകര്യമുള്ള മിച്ചപ്രദേശങ്ങളും സംസ്ഥാനത്തിന്റെ തെക്കെ അററത്തു സ്ഥിതിചെയ്യുന്നവയുമായ മൂന്നു താലൂക്കുകളിൽ സ്പെഷ്യൽ സ്റ്റാഫോടുകൂടി ഫുൾടൈം അഡിഷണൽ തഹസീൽദാരന്മാരെ നിയമിച്ചിട്ടുണ്ടു്.

മിച്ചപ്രദേശങ്ങളായ കാർത്തികപ്പിള്ളി, അമ്പലപ്പുഴ, തിരുവല്ല, ചങ്ങനാശേരി, കോട്ടയം, പറവൂർ, കുന്നത്തുനാടു്, മൂവാററുപുഴ എന്നീ താലൂക്കുകളിലും കൂടുതൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു്.

നിലവിലിരിക്കുന്ന ചട്ടങ്ങളിലുള്ള ചില ന്യൂനതകൾ പരിഹരിക്കുന്നതിനും, കർഷകരിൽനിന്നും ഗവമ്മെണ്ടിലേക്കു ചെല്ലേണ്ട നെല്ലു് തിട്ട

പ്പെടുത്തുന്നതും ആവശ്യപ്പെടുന്നതും സംഭരിക്കുന്നതും സംബന്ധിച്ച വ്യവസ്ഥാപിതമായ ഒരു അടിസ്ഥാനമുണ്ടാക്കുന്നതിനും വേണ്ടി നെല്ല ശേഖരിക്കുന്നതും ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതും സംബന്ധിച്ച സംസ്ഥാനമൊട്ടുക്കു ബാധിക്കുന്ന സമഗ്രമായ ഒരു നിയന്ത്രണ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

ന്യായമല്ലാത്ത അവകാശവാദങ്ങളേയും നെല്ലു് ആവശ്യത്തിലധികം ചിലവാക്കുന്നതിനേയും ഒഴിവാക്കുവാൻ വേണ്ടി കൃഷിക്കാർക്കു് അനുവദിച്ചിട്ടുള്ള നെല്ല സംബന്ധിച്ച കണക്കുകൾ സൂക്ഷ്മമായി പരിശോധിച്ചുവരുന്നു. സദ്യകൾക്കായി ഗവണ്മെൻറ സ്റ്റോക്കുകളിൽനിന്നു നെല്ല നൽകുന്നതിനെ നിരോധിച്ചിട്ടുണ്ടു്. മതകാര്യങ്ങൾക്കു വേണ്ടിയുള്ള ചിലവും ഏററവും പരിമിതമായ തോതിലേക്കു കുറച്ചുവരികയാണു്.

മിച്ചത്തിൻെറ അടിസ്ഥാനത്തിലുള്ള നെല്ലെടുപ്പു മിക്കവാറും സംയോജനത്തോടുകൂടിത്തന്നെ തിരുവിതാംകൂർ പ്രദേശത്തു നടപ്പിൽ വരുത്തിയതിനാൽ രണ്ടു പ്രദേശങ്ങളിലെയും ഭരണസമ്പ്രദായങ്ങൾ സംബന്ധിച്ചിടത്തോളം നിസ്സാരങ്ങളായ ചില വ്യത്യാസങ്ങൾ മാത്രമേ ശേഷിച്ചിട്ടുള്ളു. പുതിയ നെല്ല നിയന്ത്രണ ഉത്തരവു നടപ്പിലാക്കുന്നതോടുകൂടി ഈ വ്യത്യാസങ്ങളും അവസാനിക്കുന്നതാണു്.

**വിതരണം.**

രണ്ടു പ്രദേശങ്ങളിലും നിയമപ്രകാരമുള്ള റേഷനിംഗു് നടപ്പിലിരിക്കുന്നുണ്ടു്. റേഷൻ സാധനങ്ങളുടെ അളവും ഇനവും രണ്ടുപ്രദേശങ്ങളിലും ഒന്നുതന്നെയാണു്. സംസ്ഥാനമൊട്ടുക്കു ബാധകമാകത്തക്ക ഒരു റേഷനിംഗു് ഓർഡറും പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുമുണ്ടു്.

വിതരണത്തെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ പ്രദേശത്തു വ്യാപാരം നടത്തിക്കൊണ്ടിരുന്നവരിൽനിന്നും തിരഞ്ഞെടുത്തവരെ മൊത്തവ്യാപാരികളായി അധികാരപ്പെടുത്തിയിട്ടുണ്ടു്. കൊച്ചിയിലാകട്ടെ വ്യാപാരം മുഴുവനും ഡിപ്പാർട്ടുമെണ്ടിൻെറ ആഭിമുഖ്യത്തിൽതന്നെയാണു് നടത്തുന്നതു്. ഇതിൻെറ ഫലമായി രണ്ടു പ്രദേശങ്ങളിലും ഉപഭോക്താക്കൾ നൽകേണ്ട റേഷൻ വിലയിൽ വ്യത്യാസമുണ്ടു്. ഇക്കാര്യത്തിൽ ഒരേരീതിയിലുള്ള നടപടി കൈക്കൊള്ളുന്ന പ്രശ്നം ഗവണ്മെണ്ടിൻെറ പര്യാലോചനയിലിരിക്കുകയാണു്.

കൊച്ചിയിൽ ഗവണ്മെൻറ സംഭരിക്കുന്ന നെല്ലിൻെറ ഏറിയഭാഗവും അരിയാക്കിയാണു് വിതരണം ചെയ്യുന്നതു്. തിരുവിതാംകൂറിലെപ്പോലെ ഇവി

ട്ടെയും ചില പ്രദേശങ്ങളിൽ നെല്ലായിത്തന്നെ വിതരണം നടത്തുന്നുണ്ട്. ഗവണ്മെൻറ സംഭരിക്കുന്ന നെല്ല് കുത്തുന്നതിനായി തിരുവിതാംകൂറിലെ ഏതാനും പ്രദേശങ്ങളിലും മില്ലുകൾ സ്ഥാപിക്കുന്നകാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുന്നു. ലൈസൻസിനുള്ള അപേക്ഷകൾ ഗവണ്മെൻറ ക്ഷണിച്ചിട്ടുമുണ്ട്.

സംസ്ഥാനമൊട്ടുക്കു ബാധകമാകുന്ന റേഷനിംഗ് ഓർഡറും രൂളുകളും പുറപ്പെടുവിക്കുന്നതോടുകൂടി റേഷനിംഗ് ചട്ടങ്ങളുടെ പ്രവൎത്തനം സംബന്ധിച്ചു നിലവിലിരിക്കുന്ന നിസ്സാരങ്ങളായ മററു വ്യത്യാസങ്ങളും ഇല്ലാതാകുന്നതാണ്.

---



പീച്ചി ജലസേചനപദ്ധതിയുടെ വേല നടന്നുകൊണ്ടിരിക്കുന്നു

# ഭക്ഷ്യോല്പാദനം

തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിന് അഭിമുഖീകരിക്കേണ്ടതായി വന്നിരിക്കുന്ന പ്രശ്നങ്ങളിൽ ഏററവും പ്രധാനമായ ഒന്നാണല്ലോ ഭക്ഷ്യധാന്യങ്ങളുടെ കമ്മി നികത്തുക എന്നുള്ളത്. ഇവിടത്തെ ജനങ്ങൾക്കാവശ്യമുള്ളതിൽ ഏകദേശം ൫൦ ശതമാനം ഭക്ഷ്യധാന്യങ്ങൾ മാത്രമേ ഇവിടെ ഉണ്ടാകുന്നുള്ളു. ൧൯൫൧ അവസാനത്തോടുകൂടി ഭക്ഷ്യവിഷയത്തിൽ ഭാരതം സ്വയംസംപൂർണ്ണമാകണമെന്നുള്ള ഇൻഡ്യാഗവണ്മെൻറിൻെറ നയത്തെത്തുടൎന്നു തിരുവിതാംകൂർ—കൊച്ചിയിലും ഭക്ഷ്യോല്പാദനപദ്ധതികൾ ആരംഭിച്ചു സ്വയം സംപൂർണ്ണത പ്രാപിക്കേണ്ടതു് ആവശ്യമായിത്തീൎന്നു. സംസ്ഥാനത്തെ ഭക്ഷ്യോല്പാദനപരിശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ൧൯൫൦ ജനുവരിയിൽ ഗവണ്മെൻറ് ഒരു ഭക്ഷ്യോല്പാദനബോർഡു രൂപീകരിക്കുകയും ചെയ്തു. ഇതുവരെ കൃഷി ചെയ്തിട്ടില്ലാത്ത സ്ഥലങ്ങൾ കൃഷിചെയ്യു, കൂടുതൽ ജലസേചനപദ്ധതികൾ നടപ്പിലാക്കുക, കട്ടംവളമുപയോഗിച്ചു വിളവു വർദ്ധിപ്പിക്കുക, വിളവുനാശങ്ങൾക്കുള്ള എല്ലാ ഹേതുക്കളും നിർമ്മാജ്ജനംചെയ്യു—എന്നിവയാണ് ഇവിടത്തെ ഭക്ഷ്യോല്പാദനപദ്ധതിയുടെ പ്രധാനഭാഗങ്ങൾ.

**പ്രധാന ജലസേചന പദ്ധതികൾ.**

തിരുവിതാംകൂർ—കൊച്ചിയിലെ ഭക്ഷ്യോല്പാദനപരിശ്രമങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഇവിടത്തെ ജലസേചനപദ്ധതികൾ. ഈ പദ്ധതികൾ സംയോജനത്തിനു മുമ്പ് ആരംഭിച്ചുവെങ്കിലും അവയുടെ പണി സംയോജനത്തിനുശേഷം ഗണ്യമായി പുരോഗമിച്ചിട്ടുണ്ടു്. ഈ പദ്ധതികളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒന്നാണ് പീച്ചി ജലസേചനപദ്ധതി.

**പീച്ചി ജലസേചന പദ്ധതി**

മണലിപ്പുഴയിൽനിന്നു നിരുപയോഗമായി ഒഴുകിപ്പോകുന്ന വെള്ളം അണകെട്ടി ശേഖരിച്ചു കൃഷിക്കുപയോഗിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ൪൦ നാഴിക നീളത്തിൽ രണ്ടു പ്രധാന തോടുകളും ൧൦൦ നാഴിക നീളത്തിൽ ചെറിയ തോടുകളുംകൂടി വെട്ടേണ്ടതുണ്ടു്. ഈ പദ്ധതികൊണ്ടു ൧൮,൦൦൦ ഏക്കർ സ്ഥലം ഇരുപ്പൂനിലങ്ങളായും ൪,൦൦൦ ഏക്കർ ഒരുപ്പൂനിലം ഇരുപ്പൂനിലമായും തീൎക്കുവാനും ൧൦,൦൦൦ ഏക്കർ സ്ഥലത്തിനു കൂടുതൽ വെള്ളം നൽകുവാനും ൮൦,൦൦൦ ഏക്കർ കോൾനിലത്തിനു് ഉണക്കു തട്ടാതെ കഴിപ്പാനും കഴിയുന്നതാണ്. ഒട്ടാകെ ൪൩,൦൦൦ ഏക്കർ സ്ഥലത്തിനു


ഈ പദ്ധതികൊണ്ടു് ഉപകാരം സിദ്ധിക്കുന്നതാണു്. ൧൫,൦൦൦ ടൺ നെല്ലു് ഇതിൽനിന്നും കൂടുതൽ ലഭിക്കുന്നതുമാണു്. ൧൯൪൭-ൽ ആരംഭിച്ച ഇതിന്റെ പണി ഇപ്പോൾ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ൧൯൫൨-ൽ ഈ പദ്ധതി പൂർത്തിയാകുമെന്നും ഇതിനു ൧൫൦ ലക്ഷം ഉറുപ്പിക ചിലവു വരുമെന്നുമാണു് പ്രതീക്ഷിക്കപ്പെടുന്നതു്. ഈ പദ്ധതിയുടെ പണിയുടെ മദ്ധ്യത്തിൽവെച്ചു് അണയുടെ അസ്ഥിവാരം കെട്ടിയിരിക്കുന്നിടത്തു് ഒരു ദ്വാരം കാണുകയുണ്ടായി. അതു ഇപ്പോൾ കോൺക്രീറ്റുകൊണ്ടു് പൂർത്തിയായി അടക്കുകയും അതിനോടനുബന്ധിച്ചുള്ള ഭാഗങ്ങൾ സോഡിയം സിലിക്കേറ്റു് കുത്തിവെച്ചു ബലപ്പെടുത്തുകയും ചെയ്തു. ൧൫൦ അടി പൊക്കമുള്ള തറയിൽ ഇപ്പോൾ ൧൩൦ അടി പൊക്കംവരെ കല്ലുകൾ കെട്ടി പൊക്കി കഴിഞ്ഞു. ൩ പ്രധാന കൈത്തോടുകളുടെ പണിയും നല്ലപോലെ പുരോഗമിക്കുന്നുണ്ടു്. ഇവയുടെ പണി ആറു മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്. തോടിന്റെ പണി ൧൦ മൈൽ ദൂരം മുഴുവനും അവസാനിച്ചു. ശേഷിച്ച ൧൩ മൈൽ ദൂരവും തൃപ്തികരമായി പുരോഗമിക്കുന്നുണ്ടു്. ഒല്ലൂക്കര കൈവഴിയും ഇടത്തെ തോടും താഴ്ത്തിത്തുടങ്ങി. ൧൭ ലക്ഷം രൂപാ ഈ പദ്ധതിയിൽ ഇക്കൊല്ലം ചിലവാക്കിയിട്ടുണ്ടു്. ഇന്നുവരെ ൩൦ ലക്ഷം ഉറുപ്പിക ഈ പദ്ധതിക്കു ഒട്ടാകെ ചിലവുവന്നിട്ടുണ്ടു്.

**ചാലക്കുടി പദ്ധതി.**

ചാലക്കുടി പുഴയിൽനിന്നും സമുദ്രത്തിലേക്കൊഴുകിപ്പോകുന്ന വെള്ളം അതിരപ്പള്ളി വെള്ളച്ചാട്ടത്തിന്റെ ൧൦ നാഴിക താഴെയായി തുമ്പൂർമുഴിയെന്ന സ്ഥലത്തു് ശേഖരിച്ചു് രണ്ടു കൈത്തോടുകൾ വഴി കൃഷിക്കായി ഉപയോഗിക്കുവാനാണു് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നതു്. ഈ പദ്ധതികൊണ്ടു് ൧൩,൫൦൦ ഏക്കർ തരിശുസ്ഥലം കൃഷിചെയ്യാനും ൧൨,൦൦൦ ഏക്കർ ഒരുപ്പൂ നിലം ഇരുപ്പൂവാക്കാനും ൧൭,൦൦൦ ഏക്കർ സ്ഥലം ഉണക്കുതട്ടാതെ കഴിക്കുവാനും കഴിയുന്നതാണു്. തന്മൂലം വർഷംതോറും ൧൫,൦൦൦ ടൺ നെല്ലു് കൂടുതൽ ലഭിക്കുന്നതുമായിരിക്കും. ചീപ്പിന്റേയും തോടുകളുടേയും പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ൧൯൫൧-ൽ അതു പൂർത്തിയാകുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്. ൧൨൦ ലക്ഷം ഉറുപ്പിക ഇതിനു ചിലവു വരുമെന്നു കരുതുന്നു.


വലതുവശത്തെ തോടുപണി സംയോജനത്തിനു മുമ്പു് അനുവദിച്ചിട്ടുള്ളതാണു്. സംയോജനത്തിനുശേഷം ഇടതുഭാഗത്തെ തോടിന്റെ സർവ്വെ തുടങ്ങുകയും ആദ്യത്തെ ൩½ മൈൽ തോടു് താഴ്ത്തി തുടങ്ങുകയും ചെയ്തു.

ഈ പദ്ധതിയുടെ പ്രാരംഭഘട്ടമായി വലതുഭാഗത്തെ തോടിന്റെ ഒടുവിലത്തെ ൩ നാഴിക ദൂരം താഴ്ത്തുവാൻ തുടങ്ങുകയും ജോലിക്കാർക്കുള്ള പാർപ്പിട




MODEL OF
PEECHI IRRIGATION SCHEME
DAM

# പീച്ചി ജലസേചനപദ്ധതി ജോലിയുടെ ചില രംഗങ്ങൾ



മണലിയാററിലെ മരപ്പാലം



വാണിയംപാറ റോഡിലുള്ള താണിക്കടം ക്യാമ്പ്



മലമ്പനി പ്രതിരോധന പരിപാടികളിൽ ഏപ്പെ്
ട്ടിരിക്കുന്ന സംഘം



വലത്തുവശത്തെ തോട്ട കഴിക്കുന്നതു്

ങ്ങളുടെ പണി ആരംഭിക്കുകയും ചെയ്തു. ൨൦൦൦ ജോലിക്കാർ ഈ തോട്ടപ്പണിയിൽ ഏർപ്പെട്ടിട്ടുണ്ട്. വേറെ പല ജോലികളും ധൃതഗതിയിൽ നടന്നുവരുന്നുണ്ട്. ഈ വർഷത്തിൽ ൬,൩൬,൨൯൦ ഉറപ്പിക ഈ പദ്ധതിക്കായി ചിലവായിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്.

**പെരുഞ്ചാണി തുപ്പരപ്പ് പദ്ധതികൾ.**

കോതയാർ വിപുലീകരണ പദ്ധതിയിലാണ് ഇവ ഉൾപ്പെടുന്നതു്. പറളിയാററിൽ ഒരു അണ കെട്ടി തെക്കൻ തിരുവിതാംകൂറിലെ കോതയാർ പദ്ധതിക്കു പോരാത്തതായ വെള്ളം നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. കോതയാർ പദ്ധതികൊണ്ട് ഇപ്പോൾ വെള്ളം ലഭിക്കുന്ന ൭൦,൦൦൦ ഏക്കർ ഭൂമിക്കു കൂടുതൽ വെള്ളം ലഭിക്കുന്നതിനു പുറമെ ഏകദേശം ൩,൦൦൦ ഏക്കർ മേരി ഈ പദ്ധതിയുടെ ഫലമായി കൂടുതൽ കൃഷി ചെയ്യാൻ സാധിക്കുന്നതുമാണ്. ഇതിനും പുറമെ കൽക്കുളം, വിളവങ്കോട്, എന്നീ താലൂക്കുകളിൽ വെള്ളം നൽകുവാനും ഇതുകൊണ്ടു സാധിക്കും. ഈ പദ്ധതി ആരംഭിച്ചിട്ട് ഇപ്പോൾ ൪ വർഷമായി. അണകെട്ടൽ ഒഴിച്ചു ബാക്കിയുള്ള ജോലികൾ പൂർത്തിയായി. അണ കെട്ടേണ്ടതിനു അസ്ഥിവാരമുറപ്പിക്കേണ്ട സ്ഥലത്തെപ്പററി ചില അഭിപ്രായവ്യത്യാസമുണ്ടായിരുന്നതിനാൽ അണ കെട്ടുവാൻ താമസം വന്നതാണ്. ഇപ്പോൾ അണകെട്ടു ആരംഭിച്ചു. ധൃതഗതിയിൽ പണി നടന്നുകൊണ്ടിരിക്കയാണ്. ൭൧.൪൨ ലക്ഷം ഉറപ്പികയാണ് ഈ പദ്ധതിയുടെ ഉദ്ദേശ ചിലവ്. ഇതിൽ ൪൩ ലക്ഷം ഉറപ്പിക ചിലവായിക്കഴിഞ്ഞു. മേൽപ്പറഞ്ഞവക്കുപുറമെ ഏതാനും പദ്ധതികളുടെ അന്വേഷണം പൂർത്തിയാവുകയും ചിലതിന്റെ അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനമായ ഒന്നാണ് ഭൂതത്താൻ കെട്ടു പദ്ധതി.

**ഭൂതത്താൻകെട്ടു പദ്ധതി.**

പറവൂർ, കുന്നത്തുനാട്, മൂവാററുപുഴ എന്നീ പ്രദേശങ്ങളിൽ കൃഷിക്കു കാര്യമായി ഉണക്കു ബാധിക്കുന്നുണ്ട്. പെരിയാർ നദിയിൽ ഒരു അണകെട്ടി നദിയുടെ രണ്ടു ഭാഗത്തുക്കും ഓരോ തോടുണ്ടാക്കി പെരിയാർ നദിയിലെ വെള്ളം ഈ പ്രദേശങ്ങളിലേക്കു കൊണ്ടുപോകുവാനാണ് ഈ പദ്ധതി കൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. ഈ പദ്ധതികൊണ്ട് ൨ ലക്ഷം ഏക്കർ സ്ഥലത്തിനു ജലസേചനം ലഭിക്കുന്നതായിരിക്കും. ൭൩,൦൦൦ ടൺ അരി ഈ പദ്ധതിയിൽനിന്നും കൂടുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്. വലത്തുവശത്തെ തോടിനെപ്പററിയുള്ള അന്വേഷണം ൨൯൪൯—൩൦-ൽ പൂർത്തിയായി കഴിഞ്ഞു. ഇതിനു് ൧൦,൦൦൦ ഉറപ്പിക ചിലവായിട്ടുണ്ട്.

P 2

മററ് ഒൻപതു ജലസേചന പദ്ധതികളുടെ അന്വേഷണവുംകൂടി പൂർത്തിയായി. ഇവയുടെപണി ഇക്കൊല്ലം ആരംഭിക്കുന്നതുമാണ്. ഇവ മൂവാററുപുഴ വ്യതിയാനപദ്ധതി, തൊമ്മൻകുത്ത് അണ, കുഴിക്കാട്ട് അണ മീൻപിടിപ്പാറ പദ്ധതി, മായന്നൂർ അണ, ചിററൂർ ലിഫ്ററ ഇറിഗേഷൻ പദ്ധതി, മായന്നൂർ അണ, കോഠംനില ജലസേചന പദ്ധതി, തൃപ്പൂണിത്തുറ ഡ്രേയിനേജു പദ്ധതി, തിക്കനംകോട്ട് കാൽ പദ്ധതി എന്നിവയാണ്.


**വടക്കാഞ്ചേരി നദീ പദ്ധതി.**

തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി നദിയിൽനിന്നും കൃഷിക്കു വെള്ളം കൊണ്ടുപോകുന്നതിനു ഇപ്പോൾ ൨൪ കെട്ടുകൾ ഉണ്ട്. എന്നാൽ ഈ കെട്ടുകൾ കൊണ്ടു ഗണ്യമായ ഉപയോഗമുണ്ടാകുന്നില്ല. ഇതിനു പകരം നദിയുടെ ഉത്ഭവസ്ഥാനത്തു തന്നെ ഒരു അണ കെട്ടുന്നതായാൽ കൂടുതൽ കൃഷിസ്ഥലത്തിനു ഈ നദി ഉപയോഗപ്രദമാക്കുവാൻ കഴിയുന്നതാണ്. ഈ പദ്ധതികൊണ്ടു ൫൦,൦൦൦ ഏക്കർ സ്ഥലത്തിനു ജലസേചനം ലഭിക്കുമെന്നാണ് ആദ്യം വിചാരിച്ചിരുന്നതു്. എന്നാൽ മദ്രാസ് ഗവമ്മെൻറിൽനിന്നും ഡാക്ടർ ശ്രീ. കെ. എൻ. റാവുവിനെ കൊണ്ടുവന്നു് ഈ പദ്ധതി വീണ്ടും പരിശോധിപ്പിച്ചതിൽ മുമ്പ് ഉദ്ദേശിച്ചിരുന്നതു് വിട്ടു് ൫൬ അടികൂടി അണ ഉയർത്തിയാൽ ൨൦,൦൦൦ ഏക്കർ സ്ഥലത്തിനു ജലവിതരണം ലഭിക്കുമെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഈ പദ്ധതിയുടെ അന്വേഷണം സംയോജനത്തിനു മുൻപ് ആരംഭിക്കുകയും ഇപ്പോൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

ഏതാനും പദ്ധതികളുടെ അന്വേഷണം ആരംഭിക്കുവാനും തീച്ചയാക്കിയിട്ടുണ്ട്. ഇവ താഴെ പറയുന്നവയാണ്.

**നെയ്യാർ പദ്ധതി.**

നെയ്യാററിൽ പൊങ്ങ പാറ എന്ന സ്ഥലത്തു ഒരു അണകെട്ടി ജലവിതരണത്തിനും മലവെള്ളം തടയുന്നതിനും വിദ്യുച്ഛക്തി ഉൽപ്പാദത്തിനും ഉപയോഗിക്കുക എന്നതാണ് ഈ പദ്ധതികൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ പദ്ധതികൊണ്ടു ൫൯,൦൦൦ ഏക്കർ സ്ഥലത്തിന് ഇന്നത്തെക്കാൾ കൂടുതൽ വെള്ളം നൽകുവാനും, ൩,൦൦൦ ഏക്കർ സ്ഥലം പുതുതായി കൃഷി ചെയ്യാനും കഴിയുന്നതാണ്. ഇതിൽനിന്നു ൫൨൭൦ കിലോവാട്ട്സ് വിദ്യുച്ഛക്തി ലഭിക്കും. ൯൦ ലക്ഷം ഉറുപ്പിക ഇതിനു ചിലവു വരുന്നതായിരിക്കും. ഈ പദ്ധതിയുടെ അന്വേഷണം ആരംഭിക്കുവാൻ പോകയാണ്.



പീച്ചി അണയുടെ മറെറാരുഭാഗം.


## പീച്ചി ജലസേചനപദ്ധതി ജോലിയുടെ ചില രംഗങ്ങൾ



പാറ തുരക്കുന്നതു് - ജാക്കഹാമർ പ്രയോഗിക്കുന്നു



തുരപ്പൻയന്ത്രങ്ങൾ ഉപയോഗിച്ചു പാറ തുളക്കുന്നു



കാലിക്സ് ഡ്രിൽ ഉപയോഗിക്കുന്നതു്



വലത്തുവശത്തെ തോടു കുഴിക്കുന്നതു്

**വേമ്പനാട്ടുകായൽ ൮-ാം പദ്ധതി.**

ഇപ്പോൾ വേമ്പനാട്ടു കായലിൽ നിന്നും ഉപ്പുകയറി പല പ്രദേശങ്ങളിലെയും പുഞ്ചകൃഷി നശിക്കുന്നുണ്ട്. അഞ്ചു നദികൾ ഈ കായലിലേക്കു ഒഴുകുന്നുണ്ട്. വർഷകാലത്തു ഈ നദികളിൽനിന്നു വെള്ളപ്പൊക്കമുണ്ടാകുകയും വേനൽക്കാലത്തു ഇവയിൽക്കൂടി ഉപ്പുകയറിയും ഒട്ടേറെ കൃഷിക്കു നാശം വരികയാണുണ്ടാകുന്നതു്. ഇതു തടയുവാൻ ഏററവും നല്ലപോം വഴി ഈ നദികളുടെ ഉത്ഭവത്തിൽതന്നെ അണകെട്ടി വർഷകാലത്തു മലവെള്ളം തടയുകയും വേനൽക്കാലത്തു വെള്ളം നല്ലവണ്ണം വിട്ടു ഉപ്പുകയറാതെ തടയുകയുമാണ്. ഈ പദ്ധതികൊണ്ടു ൧½ ലക്ഷം ഏക്കർ സ്ഥലത്തിനു വെള്ളം ലഭിക്കുന്നതാണ്. ചണം കൃഷിക്കു ൨൦,൦൦൦ ഏക്കർ സ്ഥലവും ഈ പദ്ധതികൊണ്ടു് ലഭ്യമാകുന്നതാണ്. ഇതിൻെറയും അന്വേഷണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**ലിഫ്ട്ട് ഇറിഗേഷൻ.**

വടക്കെ തിരുവിതാംകൂർ, മദ്ധ്യതിരുവിതാംകൂർ, കൊച്ചി എന്നീ പ്രദേശങ്ങളിൽ നദികളുടെ സമീപത്തു ഒട്ടധികം കൃഷി സ്ഥലങ്ങളുണ്ട്. എന്നാൽ നദികളിൽ വെള്ളമുണ്ടെങ്കിലും വയലുകളുടെ നിമ്നത്തിനു വളരെ താഴെയായി വെള്ളം ഒഴുകുന്നതുകൊണ്ടു് ഈ വെള്ളം ഉപയോഗപ്രദമാകാതെ കൃഷി ഉണങ്ങിപ്പോകുകയാണ് ചെയ്യുന്നതു്. ഈ വിപത്തു തടയുവാനുള്ള ഏകമാർഗ്ഗം നദികളിൽനിന്നും വെള്ളം പൊക്കത്തേക്കു പമ്പുചെയ്തു കയററുകയാണ്. ഈ പദ്ധതിയാണ് ലിഫ്ററ് ഇറിഗേഷൻ എന്നു പറയുന്നതു്. ഇങ്ങനെ സംസ്ഥാനത്തു് പല സ്ഥലങ്ങളിലും ലിഫ്ററ് ഇറിഗേഷൻ ആരംഭിച്ചിട്ടുണ്ട്. പമ്പുചെയ്തു കയററുന്ന വെള്ളം വയലുകളിലേക്കു കൊണ്ടുപോകുവാനായി തോടുകളും ഉണ്ടാക്കിയിട്ടുണ്ട്. ൧൯൪൯—൫൦-ൽ ൮൦ ലക്ഷം ഉറുപ്പിക ലിഫ്ററ് ഇറിഗേഷൻ പദ്ധതിക്കായി ഗവൺമെൻറു് ചിലവു ചെയ്തിട്ടുണ്ട്. ഇതിൽ ൫,൦൦,൦൦൦ ക. തോടുകൾമുതലായ പണികൾക്കും ബാക്കിയുള്ളതു വിദ്യുച്ഛക്തിക്കുമാണ് വിനിയോഗിച്ചിട്ടുള്ളതു്. ഈ പദ്ധതിയുടെ ഫലമായി കൃഷിക്കു ഉണക്കു തട്ടാതെയും ഒരുപ്പൂനിലങ്ങൾ ഇരുപ്പൂവാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഏകദേശം ൬,൦൦൦ ടൺ അരിയോളം ഈ പദ്ധതിയുടെ ഫലമായി കൂടുതൽ ലഭിക്കുന്നുണ്ട്. ൧൯൫൦—൫൧-ൽ ൧൮,൦൦൦ ഏക്കർ സ്ഥലത്തിനു ഉപകരിക്കാവുന്ന ൧൭ ലിഫ്ററ് ഇറിഗേഷൻ പദ്ധതികളും നടപ്പിൽ വരുത്തുന്നതാണ്. ഇവക്കു് ൧൫ ലക്ഷം ഉറുപ്പിക ചിലവാകുന്നതാണ്. ൧൦,൦൦൦ ടൺ നെല്ലു് ഈ പദ്ധതികൾകൊണ്ടു് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നതു്. ഈ പദ്ധതികൾ ചേരാനെല്ലൂർ, വാഴക്കുളം, ചാലക്കൽ, എളൂർ നോർത്തു്, കിഴമാടു്, ചൂർണിക്കര, കീട്ടാണിശേരി, അയിക്കരനാടു്, മൂവാററുപുഴ, പുത്തിരിക്ക, മൂവാ

റവപുഴ, തൃശ്ശൂർ കോൾനിലങ്ങൾ, പടിഞ്ഞാറെ ചാലക്കുടി, അന്നനാട്ട്, തച്ചുവാടി, കല്ലുപാറ, ചാക്കോഭാഗം എന്നീപ്രദേശങ്ങളിലാണ്.

**പുതിയ സ്ഥലങ്ങൾ കൃഷിചെയ്യുന്നു.**

൧൯൪൯—൫൦-ൽ ൩൨,൮൦൦ ഏക്കർ സ്ഥലം പുതുതായി കൃഷി ചെയ്യിട്ടുണ്ട്. ഈ സ്ഥലത്തുനിന്നും ൮,൦൦൦ ടൺ നെല്ലും ൩,൦൦൦ ടൺ മററു ഭക്ഷ്യസാധനങ്ങളും ലഭിക്കുന്നതാണ്. ൧൯൫൦—൫൧-ൽ അൻപതിനായിരത്തിൽ പരം ഏക്കർ സ്ഥലം കൂടി കൃഷി ചെയ്യുവാനുള്ള പദ്ധതികളുമുണ്ട്. ഈ പദ്ധതികളനുസരിച്ച ചില സ്ഥലങ്ങളിൽ കൃഷിക്കായി സ്ഥലം കൊടുത്തു തുടങ്ങിയിട്ടുമുണ്ട്. പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നവയാണ്.

**വണ്ടൻമേട്ട് കുടിയേറിപ്പാർപ്പ് പദ്ധതി.**


ഏകദേശം ൩൨,൦൦൦ ഏക്കറോളം വരുന്ന സ്ഥലം കുടിയേറിപ്പാർപ്പിനും കൃഷിക്കുമായി കൊടുക്കുകയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ൬൦൦ പേർക്കായി ൩,൦൦൦ ഏക്കർ സ്ഥലം ഇതിനകം വീതിച്ചു കൊടുത്തു കഴിഞ്ഞു. സ്ഥലം വീതിച്ചുകൊടുക്കൽ ത്വരിതപ്പെടുത്തുവാനായി ഒരു സ്പെഷ്യൽ ലാൻഡ് ഡവലപ്പ്മെണ്ട് ആഫീസറെ നിയമിച്ചിട്ടുമുണ്ട്. ഇക്കൊല്ലം അവസാനത്തിനുമുമ്പായി കൃഷിക്കുപയുക്തമാകുന്ന സ്ഥലം മുഴുവനും വീതിച്ചുകൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

**കുന്നത്തുകാൽ പദ്ധതി.**

ഈ പദ്ധതിപ്രകാരം ഏകദേശം ൪,൦൦൦ ഏക്കർ സ്ഥലം കൃഷിക്കായി ലഭിക്കുന്നതാണ്. ൧,൨൦൦ ഏക്കറോളം സ്ഥലം സബ്ഡിവിഷൻ സർവ്വേ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥലം ഉടനേതന്നെ ഭൂമിയില്ലാത്തവർക്കു കൃഷിക്കായി വീതിച്ചുകൊടുക്കുന്നതായിരിക്കും. ക്രമേണ ബാക്കിയുള്ള സ്ഥലവും സർവ്വേ ചെയ്തു കൃഷിക്കു നൽകുന്നതാണ്.

**വൈശേരിക്കണ്ടം പദ്ധതി.**


ആനമല റോഡിന്റെ സമീപം വൈശേരിക്കണ്ടമെന്ന സ്ഥലം നിരത്തിയെടുത്ത് കൃഷിക്കുപയോഗപ്രദമാക്കി ലേലം ചെയ്തു കൊടുക്കുകയാണ് ഈ പദ്ധതികൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. സ്ഥലം നിരത്തുവാനായി ഏതാനും യന്ത്രങ്ങൾ സംയോജനത്തിനു മുൻപു തന്നെ ഇവിടെ പണിതുടങ്ങിയിരുന്നു. മൊത്തം ൨,൦൦൦ ഏക്കറോളം സ്ഥലം വൈശേരിക്കണ്ടത്തിൽ കൃഷിക്കായി ലഭിക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളതു്. ഇതിൽ ൪൦൦ ഏക്കർ സ്ഥലം യാന്ത്രികസഹായംകൊണ്ടു നിരത്തി കഴിഞ്ഞു. ഇതിൽ ൨൫൦ ഏക്കർ സ്ഥലം ലേലം



ചാലക്കുടിക്കടുത്തു കുന്നുകൾ തട്ടിനിരത്തി കൃഷിക്കു പാകമാക്കുന്നതു്
(കുന്നു മുഴുവൻ നിരത്തികഴിയുന്നതിനു കുറച്ചുമുൻപു്)



കുന്നു നിരത്തികഴിഞ്ഞു്



കുന്നു നിരത്തലിന്റെ അവസാനത്തെ രംഗം



തോടു കുഴിക്കുവാനുള്ള യന്ത്രം

ചെയ്തു കൊടുക്കുവാനായി സർവ്വേ ചെയ്തിട്ടുമുണ്ട്. ബാക്കിസ്ഥലം കുടിയേററിപ്പാർപ്പു പദ്ധതിക്കു് ഉപയോഗിയ്ക്കുവാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

**വെമ്പനാട്ടു കായൽ പദ്ധതി.**

വെമ്പനാട്ടുകായലിൽ ഏകദേശം നാലായിരത്തിൽ കൂടുതൽ ഏക്കർ സ്ഥലം കൃഷിക്കുപയുക്തമാകുന്ന വിധം നികത്തിയെടുത്തു കൊടുക്കുവാനാണു് ഈ പദ്ധതികൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. നികത്തൽ ജോലി ഏതാനുമാവുകയും സർവ്വേ ആരംഭിക്കുകയും ചെയ്തു. ഈ സ്ഥലം പുതുവൽ ചട്ടങ്ങളനുസരിച്ചു കൃഷിക്കായി പതിച്ചുകൊടുക്കുന്നതാണു്.

**ദേവികുളം പദ്ധതി.**

ദേവികുളത്തും പീരുമേട്ടിലുമായി ൧൧,൦൦൦ ഏക്കർ സ്ഥലം സർവ്വേ ചെയ്തു അപേക്ഷകർക്കു പാട്ടത്തിനു കൊടുത്തു കഴിഞ്ഞു. ഇനിയും സർവ്വേ നടന്നുകൊണ്ടിരിക്കയാണു്.

മേൽപ്പറഞ്ഞവക്കു പുറമേ ഇപ്പോൾ അന്വേഷണത്തിലിരിക്കുന്ന ഒരു പദ്ധതിയാണു് കായംകുളം കായൽ പദ്ധതി.

**കായംകുളം കായൽ പദ്ധതി.**

കായംകുളം കായലിൽ ൧,൩൦൦ ഏക്കർ സ്ഥലം നികത്തി കൃഷിക്കായി ഉപയോഗിക്കുവാനാണു് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നതു്.

**എല്ലാവർഷവും കൃഷിചെയ്യാത്ത സ്ഥലങ്ങൾ കൃഷിചെയ്യിക്കുന്നു.**

കുട്ടനാട്ടു പ്രദേശത്തു വെള്ളം കെട്ടി നിൽക്കുന്ന ചില വയലുകൾ ഒന്നിടവിട്ട കൊല്ലങ്ങളിൽ മാത്രമേ കൃഷിചെയ്തിരുന്നുള്ളു. മൂന്നുവർഷം കൂടുമ്പോൾ ഒരിക്കൽ മാത്രം കൃഷിചെയ്യുന്ന വയലുകളുമുണ്ടായിരുന്നു. വെള്ളം വററിക്കുന്നതിനുള്ള വിഷമമാണു് എല്ലാക്കൊല്ലവും ഈ സ്ഥലങ്ങൾ കൃഷിചെയ്യാതിരിക്കുവാനുള്ള മുഖ്യകാരണം. ഇങ്ങനെ എല്ലാക്കൊല്ലവും കൃഷിചെയ്യാത്തതായി ൭൦,൦൦൦ ഏക്കർ സ്ഥലത്തോളമുണ്ടായിരുന്നു. ഈ ഭൂമി ഉടമസ്ഥന്മാരെ കൃഷി ചെയ്യുവാൻ ഗവൺമെന്റു നിർബന്ധിച്ചു. ൪,൦൦൦ ഏക്കർ സ്ഥലമൊഴികെയുള്ള എല്ലാ സ്ഥലവും കൃഷിചെയ്യിപ്പിച്ചു. ഇങ്ങനെ കൃഷി ചെയ്യുന്നവർക്കു ചില പ്രോൽസാഹനങ്ങളും ഗവൺമെന്റു് നൽകി. ഗവൺമെന്റിൽ നിന്നും നിർബ്ബന്ധിച്ചിട്ടും കൃഷി ചെയ്യാത്തവരുടെ ഭൂമി എടുത്തു മററുള്ളവരെക്കൊണ്ടു കൃഷി ചെയ്യിപ്പിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ നടപടികൾകൊണ്ടു ൨,൦൦൦ ടൺ അരി കൂടുതലായി ലഭിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

കുളങ്ങൾ, തോടുകൾ മുതലായവ കുഴിക്കുക, നന്നാക്കുക എന്നിങ്ങിനെ നി
രവധി പണികളും ഗവൺമെണ്ട് അനുവദിച്ചിട്ടുണ്ട്.

**ചെറിയ ജലസേചനപദ്ധതികൾ.**

൧൯൬൯—൭൦-ലും, ൧൯൭൦—൭൧-ലും കൂടി
൧൭൮൬ ഇനങ്ങൾ ഈവകയിൽ അനുവദിക്കുക
യും ഇവയിൽ ൩൧൯ എണ്ണത്തിന്റെ പണി പൂർത്തിയാക്കുകയും മററുള്ളവയു
ടെ പണി ധ്രുതഗതിയിൽ നടക്കുകയും ചെയ്യുന്നുണ്ട്. ൨൭ ലക്ഷം ഉറുപ്പിക
യോളം ഈ വകക്ക ചിലവു വരുന്നതുമാണ്. ൧൦൦൦൦ ടൺ നെല്ല് ഈ
പദ്ധതികൊണ്ട് കൂടുതൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുപോലെ
തന്നെ കിണറുകൾ കുഴിച്ച ജലവിതരണം സാധിക്കുന്നതിനും ഒരു പദ്ധതി
ആരംഭിച്ചിട്ടുണ്ട്. അററകുററപ്പണികളോ, കിണറു കുഴിക്കുന്നതിനു വരുന്ന ചില
വിന്റെ പകുതിയോ, ഏതാണ് കുറവെങ്കിൽ അതു കൊടുത്തു പുതിയ കിണറു
കൾ കുഴിക്കുന്നതു ഗവൺമെണ്ടിൽനിന്നും പ്രോത്സാഹിപ്പിക്കുകയാണ് ഈ പ
ദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ൫൦൦ അപേക്ഷകൾ ഇതിനായി ലഭിച്ചിട്ടുണ്ട്.
൮൧ കിണറുകളുടെ പണി പുരോഗമിക്കുന്നുമുണ്ട്. ഈ പദ്ധതിയിൽതന്നെ
കുളങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കുളങ്ങൾക്കുള്ള സഹായധനം ൩൦൦
ഉറുപ്പികക്കു പകരം ൧,൭൦൦ ഉറുപ്പികയാണ്. ൩൫ അപേക്ഷകളോളം
ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

**കൂട്ടുവളം ഉപയോഗിക്കുന്നു.**

ശാസ്ത്രീയ വളങ്ങൾ ഉപയോഗിച്ചു കൃഷി വികസിപ്പിക്കുകയാണ് ഈ പ
ദ്ധതികൊണ്ടുദ്ദേശിച്ചിരിക്കുന്നത്. സംയോജനത്തിനു
മുമ്പ് ആരംഭിച്ചിട്ടുള്ള ഈ പദ്ധതി വികസിപ്പിക്കു
വാനുള്ള എല്ലാ പരിശ്രമങ്ങളും ഗവൺമെണ്ട് ചെയ്തിട്ടു
ണ്ട്. ൧൯൬൯ ആഗസ്റ്റ് മുതൽ ൧൯൭൦ ഫെബ്രുവരിവരെതന്നെ ൮,൦൦൦
ടൺ വളം ൫൬ ലക്ഷം ഉറുപ്പിക ചിലവാക്കി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ
൮,൩൦,൦൦൦ ഉറുപ്പിക സഹായധനമായി വളത്തിന്റെ വിലയിൽനിന്നും
കുറച്ചാണ് കർഷകർക്ക കൊടുത്തിട്ടുള്ളതു്. ഈ വളം ൮൦,൦൦൦ ഏക്കർ സ്ഥല
ത്തു് പ്രയോഗിക്കുകയും ചെയ്തു. ഇപ്പോൾ സംസ്ഥാനത്തു ൫൬ ഗവൺമെണ്ടു ഡി
പ്പോകളും സഹകരണസംഘങ്ങൾ, പഞ്ചായത്തുകൾ, വില്ലേജ് യൂണിയനുകൾ
എന്നിവ നടത്തുന്ന ഡിപ്പോകൾ ഉൾപ്പെടെ ൨൩൦ ഏജൻസി ഡിപ്പോക
ളും വളവിതരണജോലി നിർവ്വഹിക്കുന്നുണ്ട്. ഗവൺമെണ്ടിൽനിന്നും കൊടു
ക്കുന്ന സഹായധനം ൨൨ ൧/൨ ശതമാനമാണ്. കുട്ടനാട്ട് പുഞ്ചകൃഷിക്കു
൭൦ ശതമാനവും ധനസഹായം നൽകിയിട്ടുണ്ട്. നെൽകൃഷിക്കായി നൽ
കുന്ന വളം ദുരുപയോഗപ്പെടുത്താതിരിക്കുവാൻ വേണ്ടി നെൽകൃഷിക്കുപയോ
ഗിക്കാവുന്ന കണക്കിനുള്ള സ്റ്റാൻഡേർഡുവളവും വിതരണം ചെയ്തിരുന്നു. ശാ
സ്ത്രീയവളത്തിന്റെ വിതരണം കൂടുതൽ കാര്യക്ഷമമാക്കുവാനായി ൫൫ കൃഷി

ഇൻസ്പെക്ടർമാർ, ഡെമൺസ്ട്രേറ്റർമാർ, ഫീൽഡ്മെൻ എന്നിവരുൾപ്പെടെ കൂടുതൽ ഉദ്യോഗസ്ഥന്മാരേയും ഗവമ്മെണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിനായി ൮൦,൦൦൦ ഉറുപ്പികയോളം ഗവമ്മെണ്ടിനു ചിലവുവരുന്നതുമാണ്.

**കൂട്ടുവളവും പച്ചിലവളവും.**

നിരുപയോഗമായി പോകുന്ന പല വസ്തുക്കൾകൊണ്ടും നല്ല വളം ഉണ്ടാക്കി കൃഷിക്കുപയോഗിക്കാവുന്നതാണ്. ഈ കൂട്ടുവളം എങ്ങനെ ഉണ്ടാക്കാമെന്നു പൊതുജനങ്ങളെ മനസ്സിലാക്കുകയാണ് കൂട്ടുവളത്തിന്റെ പ്രചരണത്തിനു ഏററവും ആവശ്യമായിരിക്കുന്നതു്. ഒരു പ്രചരണ ഉദ്യോഗസ്ഥനെ ഗവമ്മെണ്ട് താല്ക്കാലികമായി നിയമിക്കുകയും പ്രചരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇതിനും പുറമെ മുനിസിപ്പാലിററികളിൽ കൂട്ടുവളം ഉണ്ടാകുന്നതിനും അതാതു സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നതിനും ഗവമ്മെണ്ട് സഹായങ്ങൾ നൽകുന്നുണ്ട്. ൨൭,൦൦൦ ടൺ കൂട്ടുവളം ൧൯൪൯—൫൦-ൽ ഉണ്ടാക്കി വിതരണം ചെയ്തുകഴിഞ്ഞു. ൧൩,൫൦൦ ഏക്കർ സ്ഥലത്തു ഇതു് ഉപയോഗിക്കുകയും ഡോക്ടർ ആചാര്യ സ്ഥലത്തുവന്നു തയ്യാറാക്കിയ പദ്ധതിയനുസരിച്ചു ൧൯൫൦—൫൧-ലേക്കു ഒരു പദ്ധതി ഗവമ്മെണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമെ 'ഡെയിഞ്ച' എന്ന പച്ചിലവളച്ചെടിയുടെ കൃഷിയും ഗവമ്മെണ്ട് പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ൮൦൦ ഏക്കർ സ്ഥലത്തേക്കുള്ള പച്ചിലവളമുണ്ടാക്കുന്നതിനുള്ള വിത്ത് ഗവമ്മെണ്ടിൽനിന്നും ഇപ്പോൾ വിതരണം ചെയ്തിട്ടുണ്ട്.


**നല്ലവിത്തു വർദ്ധിപ്പിക്കുന്നു.**

ഇപ്പോൾ ഉണ്ടാകുന്നതിനേക്കാൾ പത്തും പതിനഞ്ചും ഇരട്ടി വിളവു വർദ്ധിപ്പിയ്ക്കുവാൻ പര്യാപ്തമായ വിത്തുകൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി കൃഷി ഡിപ്പാർട്ടുമെണ്ട് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ പദ്ധതി സംയോജനത്തിനു മുമ്പ് ആരംഭിച്ചു. ഇപ്പോൾ അതു ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. നാലുകേന്ദ്രങ്ങളിൽ ഈ വിത്തു വർദ്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ൨൨൨൫ മന്നവിത്ത് ൧൯൪൯-൫൦-ൽ വിതരണം ചെയ്തിട്ടുണ്ട്. ൨,൨൨൫ ഏക്കർ സ്ഥലത്തു ഇതു വിതക്കാവുന്നതാണ്. ഇതിനും പുറമെ ൧൨,൦൦൦ പറ വിത്തു കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും പരിശോധിച്ചു് ഇപ്പോൾ കൃഷിക്കായി നൽകിയിട്ടുണ്ട്. മുണ്ടകൻ വിത്തിന്റെ വിതരണത്തിനും ഗവമ്മെൻറ് വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

**വിളവുനാശങ്ങൾ പരിഹരിക്കുന്നു.**

ഉണക്ക വരുന്നതു യഥാകാലം പരിഹരിച്ചും പുഴു, ചാഴി മുതലായ രോഗങ്ങൾ തടഞ്ഞു വിളവുനാശം കുറച്ചും ഒട്ടധികം കൃഷിനാശം തടയുന്നതിനും ഇതിനകം ഗവമ്മെൻറിനു് സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷനിൽ ൧,൦൦൦

ഏക്കറും, കൊല്ലം ഡിവിഷനിൽ ൫൦൦ ഏക്കറും, കോട്ടയം ഡിവിഷനിൽ ൮൨൦ ഏക്കറും സ്ഥലങ്ങളിൽ ഉണക്കവരാതെ കൃഷി ഡിപ്പാർട്ടുമെൻറിലെ പരിശ്രമംകൊണ്ടുതന്നെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കൊച്ചിപ്രദേശത്തു പൊതുമരാമത്തു വകുപ്പിൽനിന്നും വളരെ അധികം പമ്പുസെററുകൾ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്. പുഴ, ചാഴി മുതലായ രോഗങ്ങളും ഗണ്യമായി കൃഷി ഡിപ്പാർട്ടുമെൻറിന്റെ പരിശ്രമങ്ങൾകൊണ്ട് പല സ്ഥലങ്ങളിലും തടഞ്ഞിട്ടുണ്ട്.



ബുൾഡോസർ കുന്നു തട്ടിനിരത്തുന്നു

# ഭവനനിർമ്മാണപദ്ധതി

**ഭവനനിർമ്മാണ പദ്ധതി.**

ഭവനനിർമ്മാണപദ്ധതിയുടെ പ്രാധാന്യം നല്ലപോലെ മനസ്സിലാക്കിക്കൊണ്ട് ഗവൺമെണ്ട് ൨,൨൫,൦൦൦ ഉറുപ്പിക ൧൯൫൮-൫൯-ലെ ബഡ്ജററിൽ ഈ പദ്ധതിക്കായി നീക്കിവെക്കുകയും അതനുസരിച്ച് ൧൫൧ വീടുകളുടെ പണി കഴിയുകയും ചെയ്തു. ഈ വീടുകളിൽ ൧൧ എണ്ണം കന്യാകുമാരിയിലും ൧൦ കൊല്ലത്തും ൧൮ പുനലൂരും ൧൦ കുമരകത്തും ൨ എണ്ണം വീതം തേവര, ആലുവാ, ആലപ്പുഴ, ഇരിഞ്ഞാലക്കുട എന്നീ സ്ഥലങ്ങളിലുമാണ്. ഇവയ്ക്ക് ൧,൩൭,൬൪൪ ക. ചിലവായിട്ടുണ്ട് ബഡ്ജററിൽ ഈ ഇനത്തിൽ നീക്കിവച്ചിരുന്ന സംഖ്യയിൽ ബാക്കിയുള്ളത് അടുത്ത വർഷത്തിലെ ബഡ്ജററിൽ കൊള്ളിച്ചിരിക്കയാണ്. ഈ ബഡ്ജററിൽ ൪,൩൪,൦൦൦ ക. ഭവനനിർമ്മാണത്തിനായി നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാധാന്യത്തെ പരിഗണിച്ച് ബഹു. ചീഫ് മന്ത്രി, ബഹു. ഫൈനാൻസ് മന്ത്രി, ചീഫ് സിക്രട്ടറി, ഡെവലപ്പ്മെൻറ് സിക്രട്ടറി, ലോക്കൽസെൽഫ് ഗവൺമെണ്ട സിക്രട്ടറി, ചീഫ് എഞ്ചിനീയർ, പബ്ളിക്ക് ഹെൽത്ത് ഡയറക്ടർ, കൊ-ഓപ്പറേറീവ് റജിസ്ട്രാർ, ലേബർ കമ്മീഷണർ, പിന്നോക്കസമുദായോദ്ധാരണ കമ്മീഷണർ, സഹകരണ ഭവനനിർമ്മാണ സ്പെഷ്യലാഫീസർ എന്നിവരടങ്ങിയ ഒരു ബോർഡ് നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭവനനിർമ്മാണത്തെപ്പററിയുള്ള എല്ലാ പ്രശ്നങ്ങളും ഈ ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. ഒരു ദശവർഷപദ്ധതിയനുസരിച്ച് സംസ്ഥാനത്തെ ഓരോ ഭാഗത്തും ആവശ്യാനുസരണം ഭവനങ്ങൾ നിർമ്മിക്കുവാൻ വേണ്ട ഏർപ്പാടുകൾ ബോർഡ് ചെയ്യുന്നതാണ്.

ഇതിനും പുറമേ, തൊഴിലാളികൾക്ക്—പ്രത്യേകിച്ച് ഗ്രാമങ്ങളിലെ കർഷകത്തൊഴിലാളികൾക്ക്—ഭവനങ്ങൾ നിർമ്മിക്കേണ്ട പ്രശ്നം ഗവൺമെണ്ടിന്റെ അടിയന്തരശ്രദ്ധക്ക വിഷയീഭവിച്ചിട്ടുണ്ട്. ഏതാനും കേന്ദ്രങ്ങളിൽ കർഷകത്തൊഴിലാളികൾക്ക വീടുപണിയിക്കുവാൻ ഗവൺമെണ്ട തീരുമാനിച്ചിട്ടുണ്ട്. ൧൦,൦൦൦ ക. ചിലവാക്കി പുളിങ്കുന്നു പകുതിയിൽ കുടിലുകൾ പൊളിച്ചു പണിയുവാൻ ഗവൺമെണ്ട് അനുവദിച്ചുകഴിഞ്ഞു.

ഭവനനിർമ്മാണ ബോർഡിന്റെ ആദ്യത്തെ യോഗം ൧൯൫൯ ജൂൺ ൨൩-ാംനു കൂടുകയും പ്രധാനങ്ങളായ പല തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഇവയിൽ ഒന്ന് എല്ലാ ഡിസ്ത്രിക്ടുകളിലും ഓരോ കേന്ദ്രത്തിലെങ്കിലും കർഷകതൊഴിലാ


ളികൾക്ക ഭവനങ്ങൾ നിർമ്മിക്കണമെന്നാണ്. അതിനായി ഒരു ലക്ഷം ഉറുപ്പിക നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഖ്യ ൫ ൦ ൦ വീടുകൾക്കാണ്. ഈ ഭവനങ്ങൾ നിർമ്മിക്കുകയും ആർക്കാണ് കൊടുക്കേണ്ടതെന്ന് തീരുമാനിക്കുകയും ചെയ്യാനുള്ള ചുമതല അതു നിർവ്വഹിക്കുവാൻ ശേഷിയുള്ള സഹകരണസംഘങ്ങളെ ഏല്പിക്കേണ്ടതാണെന്നും ബോർഡ് തീരുമാനിച്ചു. അത്തരം സഹകരണസംഘങ്ങളില്ലെങ്കിൽ പുതിയ സഹകരണസംഘങ്ങൾ തുടങ്ങാവുന്നതുമാണ്. സഹകരണസംഘങ്ങൾക്ക് മുൻകൂറ് നൽകുന്ന സംഖ്യ ഗവൺമെന്റ് നിശ്ചയിക്കുന്ന വ്യവസ്ഥകളനുസരിച്ചു മടക്കികൊടുക്കേണ്ടതുമാണ്. കടലോരങ്ങളിൽ താമസിക്കുന്ന മത്സ്യപിടുത്തക്കാർക്ക ഭവനങ്ങളുണ്ടാക്കുന്ന പദ്ധതി ഇക്കൊല്ലവും തുടരണമെന്നും അതിനായി ൫ ലക്ഷം ഉറുപ്പിക നീക്കിവക്കേണ്ടതാണെന്നും ബോർഡു തീരുമാനിച്ചിട്ടുണ്ട്. വീടുകൾ പണിയിക്കേണ്ട കേന്ദ്രങ്ങൾ നിശ്ചയിക്കുകയും ചെയ്തു. ഗവൺമെന്റുവക വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിക്കേണ്ടതിന് അത്തരം വ്യവസായങ്ങളിലെ ലാഭത്തിന്റെ ഒരു ഭാഗം നീക്കിവച്ച് ഒരു ഭവനനിർമ്മാണഫണ്ടു രൂപീകരിക്കുവാനും ബോർഡു തീരുമാനിക്കുകയുണ്ടായി. വ്യവസായിക തൊഴിലാളികളുടെ ക്ഷേമത്തിനായി, കൊല്ലം, ചവറ, ആലപ്പുഴ, ആലുവാ, എറണാകുളം, തൃശ്ശിവപേരൂർ എന്നീ സ്ഥലങ്ങളിൽ വീടുകൾ പണിയിക്കുവാനും ഒരു ലക്ഷം ഉറുപ്പിക നീക്കിവക്കേണ്ടതാണെന്നും ബോർഡു തീരുമാനിച്ചു. വീടു പണിയിക്കേണ്ട സ്ഥലം ലേബർ കമ്മീഷനോടാലോചിച്ചു തീർച്ചപ്പെടുത്തേണ്ടതാണ്. ഈ വീടുകൾ പണിയിക്കുവാനുള്ള ചിലവിൽ ൩൦ ശതമാനം മുതലാളിമാർ കൊടുക്കേണ്ടതും ൭൦ ശതമാനം ഗവൺമെന്റു മുൻകൂറായി കൊടുക്കുന്നതുമാണ്. ഗവൺമെന്റിൽനിന്നും കൊടുക്കുന്ന സംഖ്യ ൨൫ കൊല്ലമായി പലിശയില്ലാതെ മുതലാളിമാർ മടക്കികൊടുക്കണം. ഗവൺമെന്റിൽനിന്നും കൊടുക്കുന്ന സംഖ്യക്ക് വീടുകൾക്ക പുറമെ തക്കതായ ജാമ്യം മുതലാളിമാർ കൊടുക്കേണ്ടതുമാണ്. വീടുപണിയിക്കുന്നതിനു ചിലവാകുന്നതിന്റെ ൨½ ശതമാനത്തിൽ കൂടുതൽ വാടകയായി ഈ വീടുകൾക്ക് പിരിക്കാവുന്നതല്ല. വീടു പണിയുന്നതിന് ആവശ്യമായ സ്ഥലം ഗവൺമെന്റ് പുറമ്പോക്ക സ്ഥലമുണ്ടെങ്കിൽ അതിൽനിന്ന് കൊടുക്കുന്നതാണ്. അല്ലാത്തപക്ഷം, മററു ഭൂമി അക്വയർ ചെയ്തും കൊടുക്കുന്നതാണ്. ബോർഡിന്റെ ഈ തീരുമാനങ്ങൾ ഭവനനിർമ്മാണപദ്ധതിയുടെ പുരോഗമനം ത്വരിതപ്പെടുത്തുന്നതിനു സഹായിക്കുമെന്ന് വ്യക്തമാണ്.



ഗവമ്മെൻറിൻെറ ഭവനനിമ്മാണപദ്ധതിയനുസരിച്ച് ആലുവായിൽ പണിയിച്ചിട്ടുള്ള ഭവനം. (൧ ൫ ൧ ഭവനങ്ങൾ സംസ്ഥാനത്ത് നിമ്മിച്ചുകഴിഞ്ഞു)



വീടിൻെറ മറെറാരുഭാഗം



# സഞ്ചാര സൌകര്യങ്ങൾ

തിരുവിതാംകൂറും കൊച്ചിയും ഒന്നായി തീർന്നതോടുകൂടി സംസ്ഥാനത്തിന്റെ വടക്കേ അററത്തേക്കു യാത്രാസൌകര്യങ്ങൾ സജ്ജമാക്കേണ്ട ആവശ്യം പൂർവ്വാധികം വർദ്ധിച്ചു.

**എക്സ്പ്രസ്സ് സർവ്വീസുകൾ.**

സംയോജനത്തിനു മുമ്പ് ആലപ്പുഴനിന്നും തിരുവനന്തപുരത്തേക്ക് ഒരു എക്സ്പ്രസ്സ് ബസ്സ് സർവ്വീസുണ്ടായിരുന്നു. സംയോജനത്തിന് മൂന്നുദിവസം മുമ്പുതന്നെ ആലപ്പുഴ നിന്നും എറണാകുളത്തേക്ക് അരൂർ വഴി ഒരു എക്സ്പ്രസ്സ് സർവ്വീസാരംഭിച്ചു. തൻമൂലം എറണാകുളത്തുനിന്നു തിരുവനന്തപുരത്തേക്ക് ഒരു എക്സ്പ്രസ്സ് ലൈൻ പൂർത്തിയായി. ഇതുപോലെ തന്നെ തിരുവനന്തപുരത്തുനിന്നും കൊട്ടാരക്കര, മൂവാററുപുഴ, തൃപ്പൂണിത്തുറ വഴി എറണാകുളത്തേക്കു ഒരു എക്സ്പ്രസ്സ് മെയിൽ സർവ്വീസും ആരംഭിച്ചു. ഇങ്ങനെ തിരുവനന്തപുരത്തു നിന്നും എറണാകുളത്തേക്ക് ആലപ്പുഴവഴിയും കോട്ടയംവഴിയും ഓരോ എക്സ്പ്രസ്സ് ബസ്സ് സർവ്വീസ് നടപ്പിലാകുകയും തൻമൂലം യാത്രാക്ലേശങ്ങൾ ഗണ്യമായി കുറക്കുകയുംചെയ്തു. ഇവയ്ക്കു പുറമേ പൊതുജനങ്ങളുടെ ആവശ്യാർത്ഥവും ഗവമ്മെണ്ടിന്റെ ദേശവല്ക്കരണ നയത്തെ തുടർന്നും ചില പുതിയ വഴികളിലും ഗവമ്മെണ്ട് ബസ്സ്സർവ്വീസ് നടപ്പിലാക്കി. ൧൭—൮—൧൧൨൪ൽ മുതൽ കൊല്ലം–ആലപ്പുഴ ലൈനും, ൨൦—൮—൧൧൨൪ൽ മുതൽ കോട്ടയം—ആലുവാ ലൈനും, കോട്ടയം—എറണാകുളം ലൈനും, ആലുവാ—പറവൂർ ലൈനും, മുഴുവനായി ഗവമ്മെണ്ട് ഏറെറടുത്തു. ഇവയ്ക്കു പുറമെ, ഓരോ ബസ്സ് ലൈനിലും ബസ്സുകളുടെ എണ്ണവും ട്രിപ്പുകളും വർദ്ധിപ്പിക്കുന്നതായ ഒരു പദ്ധതിയും ആരംഭിച്ചു. ഈ പദ്ധതി തിരുവനന്തപുരം–കൊല്ലം ലൈനിൽ ൧—൯—൧൧൨൫ തുടങ്ങിയും

**ട്രിപ്പുകൾ വർദ്ധിപ്പിക്കുന്നു.**

ആലപ്പുഴ—കൊല്ലം ലൈനിൽ ൧൫—൯—൧൧൨൫ തുടങ്ങിയും, തിരുവനന്തപുരം—കോട്ടയം ലൈനിൽ ൧—൭—൧൧൨൫ മുതലും ആരംഭിച്ചു. സംയോജനത്തിനു മുമ്പ് ഈ ലൈനുകളിൽ ൪൨ ബസ്സുകളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ൫൩ ബസ്സുകൾ ഓടുന്നുണ്ട്. ഈ പരിഷ്ക്കരണങ്ങളുടെ ഫലമായി തിരുവനന്തപുരം—കൊല്ലം ലൈനിൽ ഓരോ മണിക്കൂറിലും, ആലപ്പുഴ—കൊല്ലം ലൈനിൽ അര മണിക്കൂറിലും തിരുവനന്തപുരം—കോട്ടയം ലൈനിൽ കൊട്ടാരക്കര വരെയും, കൊട്ടാരക്കരമുതൽ കോട്ടയം വരെയും ഓരോ മണിക്കൂറിലും ബസ്സുകൾ ലഭിക്കുന്നതാണ്. മേൽപറഞ്ഞ എക്സ്പ്രസ്സ് സർവ്വീസുകൾക്കുപുറമേ ലോക്കൽ സർവ്വീസിന്റെയും എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം—കൊ

ട്ടാരക്കര, കൊട്ടാരക്കര—കോട്ടയം, തിരുവനന്തപുരം—കിളിമാനൂർ, കിളിമാനൂർ—കൊട്ടാരക്കര, കൊട്ടാരക്കര—ചെങ്ങന്നൂർ, ചെങ്ങന്നൂർ—കോട്ടയം, തിരുവല്ലാ—കോട്ടയം, ചങ്ങനാശ്ശേരി—കോട്ടയം, ചിങ്ങവനം—കോട്ടയം എന്നീ ലൈനുകളാണ് ഈ പദ്ധതിയിൽ പെട്ടിട്ടുള്ളത്. വിപുലമായ ഈ പദ്ധതികളുടെ ഫലമായി ൧൧൧൩ ജൂലായി ൧-ാം൹-ക്കു മുമ്പ് ഒട്ടാകെ ൫൦൦ മൈൽ സ്റ്റേറ്റ ട്രാൻസ്പോർട്ടു സർവ്വീസ് നടന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ ൱൪൫ മൈൽ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാ ട്രിപ്പുകളും കൂടി നോക്കുന്നതായാൽ ഒരു ദിവസം ൧൨,൦൦൦ മൈൽ ഓടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ൪൦,൦൦൦ മൈൽ ഓടുന്നുണ്ട്. ൧൧൨൪-ൽ ൨ ൧/൪ കോടി യാത്രക്കാരെ സ്റ്റേറ്റ ട്രാൻസ്പോർട്ടിൽ കൊണ്ടുപോയിരുന്നു. ഈ പരിഷ്കരണമനുസരിച്ചു ൩ കോടി യാത്രക്കാരെ കൊണ്ടുപോകുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ബസ്സുകളിൽ കൂടുതൽ സൌകര്യങ്ങൾ.**

മേൽപ്പറഞ്ഞ പ്രകാരം സർവ്വീസ് ലൈനുകൾ വർദ്ധിപ്പിച്ചതിനുപുറമേ, ബസ്സുകളിൽ തന്നെ കൂടുതൽ യാത്രക്കാർക്ക് ഇരിക്കുവാനുള്ള സൌകര്യങ്ങളും ഉണ്ടാക്കിവരുന്നുണ്ട്. ഇതിന്നായി പുതിയ ചെയ്സിസുകൾ വാങ്ങുകയും, വലിയ "ബോഡി" സജ്ജീകൃതമാക്കുകയും ചെയ്യുന്നുണ്ട്. ൭൦ പുതിയ ഫോർഡ് ചെയ്സിസുകൾ വാങ്ങിക്കഴിഞ്ഞു. ൪൦ ചെയ്സിസുകൾ ഓർഡർ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഒരു ബസ്സിൽ ൨൫ പേർക്കാണ് യാത്രചെയ്യാവുന്നത്. അതിനു പകരം ൪൦ പേർക്ക് ഇരിക്കാവുന്ന ബസ്സുകളാണ് ഈ പദ്ധതികൊണ്ടുദ്ദേശിച്ചിട്ടുള്ളത്. അത്തരം രണ്ടു ബസ്സുകൾ ഇറക്കിക്കഴിഞ്ഞു. ഈ ബസ്സുകൾ പണിയുന്നതിനു കഴിയുന്നതും നാടൻ സാമഗ്രികളാണ് ഉപയോഗിക്കുന്നത്. രണ്ടുമാസത്തിന്നിടക്കു ൪൦ പേർക്ക് ഇരിക്കാവുന്ന ൫൦ പുതിയ ബസ്സുകൾ പണിതീരുമെന്നു പ്രതീക്ഷിക്കുന്നു. കേടുവരുന്ന ബസ്സുകൾ അപ്പപ്പോൾ നന്നാക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്യുന്നുണ്ട്.

**കൂടുതൽ ബസ്സുകൾ.**

മേൽപ്പറഞ്ഞ തീവ്രപരിശ്രമങ്ങളുടെ ഫലമായി ൧൧൧൩ ജൂലായി ൧-ാം൹-ൽ ൨൦൯ ബസ്സുകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ ൨൪൦ ബസ്സുകൾ ഓടുന്നുണ്ട്. ഇത്ര ബസ്സുകൾ വർദ്ധിപ്പിച്ചിട്ടുള്ളത് പെട്രോളിനു വളരെ ക്ഷാമമുണ്ടായിട്ടു കൂടിയാണെന്നുള്ള വസ്തുതയും വിസ്മരിച്ചുകൂടാത്തതാണ്. പെട്രോൾ ക്ഷാമം പരിഹരിക്കുവാനായി ഗ്യാസ് പ്ലാൻറ വച്ചബസ്സുകളും ഡീസിൽ ചെയ്സിസുള്ള ബസ്സുകളും ഉണ്ടാക്കുന്നുണ്ട്.

**ഗ്യാസ് പ്ലാൻറും ഡീസിൽ എഞ്ചിനുകളും.**

ഡീസിൽ ചെയ്സിസ് ബസ്സുകളുടെ പ്രവർത്തനരീതി പഠിക്കുവാനായി ൧ പേരെ സെക്കൻറർബാദിലേക്കയച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പരിശ്രമങ്ങളോടൊപ്പംതന്നെ ബസ്സുകൾ സുരക്ഷിതമായി ഇടുന്നതിനും യാത്രക്കാർക്ക് വിശ്രമിക്കുവാനുള്ള സ്ഥലങ്ങളും പണിയുന്നുണ്ട്.

**വിശ്രമസ്ഥലങ്ങൾ.**

**ഷെഡ്ഡുകൾ.**

നേമം, ആലപ്പുഴ, എറണാകുളം എന്നീ സ്ഥലങ്ങളിൽ പുതിയ ബസ്സ് ഷെഡുകളുടെ പണി പൂർത്തിയാവാറായി. കൊല്ലത്തേയും കോട്ടയത്തേയും ഷെഡുകൾ വലുതാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്ടിലും യാത്രക്കാർക്ക് ആശ്വസിക്കുവാനുള്ള സ്ഥലസൗകര്യം സജ്ജീകരിച്ചു കഴിഞ്ഞു. നാഗർകോവിലിൽ ഒരു പുതിയ ഷെഡ് ഇതിനായി പണികഴിഞ്ഞിട്ടുണ്ട്. കായംകുളത്തും മൂവാററുപുഴയിലും ഓരോന്നു പണിതുടങ്ങുകയും ചെയ്തു. ഇപ്പോൾ ആരംഭിച്ചിട്ടുള്ള ജോലികൾ നടത്തുന്നതിനായി ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ഒരു സിവിൽ സെക്ഷൻ അടുത്ത കാലത്തു ആരംഭിച്ചിട്ടുണ്ട്.



നാല്പതുപേർക്ക് ഇരിക്കാവുന്ന പുതിയ ബസ്സുകൾ ഗവൺമെൻറ് പണിയിക്കുന്നുണ്ട്. ഇപ്പോൾ പണികഴിഞ്ഞ ഒരു ബസ്സാണിതു്.

ഗവൺമെന്റ് ട്രാൻസ്പോർട്ടിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനായി മൈസൂർ സ്റ്റേറ്റ് റെയിൽവേ ട്രാൻസ്പോർട്ട് ഡയറക്ടറായ ശ്രീ. കോളിൻസിനെ തിരുവനന്തപുരത്തു ക്ഷണിച്ചുവരുത്തുകയും അദ്ദേഹം ഇവിടത്തെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കിയതിനു ശേഷം വിലയേറിയ അഭിപ്രായം ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിലുള്ള ശുപാർശ ചെയ്തിരുന്നപ്രകാരം ഏതാനും നടപടികൾ എടുത്തുകഴിഞ്ഞു. ശേഷമുള്ളവ ക്രമേണ നടത്തിക്കൊണ്ടിരിക്കയും ചെയ്യുന്നുണ്ട്.

**റെയിൽവേ ഭരണ വിഭാഗം.**

കരമാർഗ്ഗമായി യാത്രാസൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പംതന്നെ ജലമാർഗ്ഗമായും യാത്രാസൗകര്യങ്ങൾ ഉണ്ടാക്കുവാനുള്ള ഉപായങ്ങൾ ആരാഞ്ഞു റിപ്പോർട്ട് ചെയ്യുവാൻ ഒരു സ്പെഷ്യൽ ആഫീസരെ ഗവൺമെന്റ് നിയമിച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് പ്രതീക്ഷിക്കപ്പെടുന്നു. എറണാകുളം—കൊച്ചി ഫെറി സർവ്വീസ് ട്രാൻസ്പോർട്ട് ഡയറക്ടറുടെ കീഴിലാക്കിക്കഴിഞ്ഞു. ൧—൧—൧൧൨൭ മുതൽ അതു൪മൂലം ഫെറി ട്രാൻസ്പോർട്ട് ദേശവൽക്കരിക്കപ്പെടുന്നതുമാണ്.

**ബോട്ടുകൾ.**

റോഡ് ട്രാൻസ്പോർട്ട് ദേശവൽക്കരണം കൂടുതൽ വിപുലമാക്കേണ്ടതിനു വേണ്ട ശുപാർശകൾ സമർപ്പിക്കുവാനും സ്പെഷ്യൽ ആഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ഉപദേശക സമിതി**

സംയോജനത്തിനു ശേഷം ട്രാൻസ്പോർട്ട് മിനിസ്ട്രിക്കു ഒരു ഉപദേശക സമിതിയെ നിയമിച്ചു. ഈ കമ്മററിയിലെ അംഗങ്ങൾ നിയമസഭയിൽനിന്നും തിരഞ്ഞെടുത്തവരാണ്. ട്രാൻസ്പോർട്ട് കാര്യങ്ങളെക്കുറിച്ചുള്ള നയം, ട്രാൻസ്പോർട്ട് സംബന്ധിച്ചുള്ള അനൌദ്യോഗസ്ഥ ബില്ലുകൾ, ട്രാൻസ്പോർട്ട് മിനിസ്ട്രി അവതരിപ്പിക്കുവാനുദ്ദേശിക്കുന്ന നിയമനിർമ്മാണകാര്യങ്ങൾ മുതലായ എല്ലാ സംഗതികളും ഈ കമ്മററിക്കു ചർച്ചചെയ്യാവുന്നതാണ്. കമ്മററിയുടെ മൂന്നു യോഗങ്ങൾ കൂടുകയും പല കാര്യങ്ങളിലും വിലയേറിയ അഭിപ്രായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**തീവണ്ടി.**

തിരുവിതാംകൂർ—കൊച്ചിയിലെ ജനസാമാന്യത്തിന്റെ യാത്രാക്ലേശങ്ങൾ കുറക്കുവാനായി ഇതുപര്യന്തം ചെയ്തിട്ടുള്ള വിലയേറിയ നേട്ടങ്ങൾക്കു മകുടം ചാർത്തുമാറാണ് ൧൧൨൭ ത്രുൺ ൧—ാംനു ഇന്ത്യാ പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹ്റു എറണാകുളവും തിരുവനന്തപുരവും ബന്ധിക്കുന്നതിനുള്ള ഒരു റെയിൽവേ ആസന്നഭാവിയിൽ ആരംഭിക്കുവാൻ ഇന്ത്യാ ഗവൺമെന്റ തീർച്ചയാക്കിയ സന്തോഷവാർത്ത പ്രഖ്യാപനം ചെയ്തു. ഈ പ്രഖ്യാപനത്തെ തുടർന്നു റെയിൽവേ ആരംഭിക്കുന്നതിനെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുതയും പ്രസ്താവ്യമാണ്.

# ഗതാഗതമാർഗ്ഗങ്ങൾ

**അനുദ്യോഗസ്ഥ കമ്മററി.**

ഗതാഗതമാർഗ്ഗങ്ങളെ സംബന്ധിച്ച് ഓരോ വർഷവും അനുവദിക്കേണ്ട ഇനങ്ങൾ എന്തെല്ലാമായിരിക്കണമെന്നു ഗവൺമെണ്ടിനെ ഉപദേശിക്കുവാൻ നിയമസഭയിലെ അനുദ്യോഗസ്ഥാംഗങ്ങളുടങ്ങിയ ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്. ഇക്കൊല്ലത്തെ ബഡ്ജററ് തന്നെ ഈ അനുദ്യോഗസ്ഥ കമ്മററിയുടെ പരിശോധനക്കു വിധേയമായിരുന്നു കമ്മററിയുടെ തീരുമാനങ്ങൾ മുഴുവനായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംയോജനത്തിനുമുമ്പ് തിരുവിതാംകൂറിൽ ഓരോ ഇനത്തിനും കുറേശ്ശസംഖ്യ അനുവദിക്കുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നതു്. ഈ സംപ്രദായം പാടെ മാററി ഓരോ വർഷവും ആരംഭിക്കുന്ന

**ഒരു വ്യതിയാനം.**

ജോലികൾക്കു മുഴുവനായി പണം അനുവദിക്കണമെന്നു തീരുമാനിച്ചു. ഇതു് പ്രധാനമായ ഒരു മാററമാണെന്നുള്ളതു പ്രസ്താവ്യമാണു്. തിരുവിതാംകൂറിലെപ്പോലെ കൊച്ചിയിലും താലൂക്കു വർക്ക്സ് കമ്മിററികൾ ആരംഭിക്കുകയും ചെയ്തു. ഈ കമ്മിററികളുടെ ശുപാർശകൾ ഉപദേശക സമിതിയുടെ പരിശോധനക്കു വിധേയമാണു്.

**ഗ്രാമീണ റോഡു പദ്ധതി.**

ഗ്രാമങ്ങളിലെ ഗതാഗതമാർഗ്ഗങ്ങൾ ഒരു നിശ്ചിത പദ്ധതിയനുസരിച്ചു പുരോഗമിക്കണമെന്നു ഗവൺമെണ്ടു തീരുമാനിക്കുകയും ഗ്രാമങ്ങളിലെ റോഡുകളുടെ ഇന്നത്തെ സ്ഥിതിയും അവ നന്നാക്കുവാനുള്ള മാർഗ്ഗങ്ങളും ചിലവും മററും അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ടു്. ആറുമാസത്തിനകം ഇതിനെ സംബന്ധിച്ചു് ഒരു പദ്ധതി ഉണ്ടാകുമെന്നാണു് ഗവൺമെണ്ടു പ്രതീക്ഷിക്കുന്നതു്.

**മെയിൻറോഡുകൾ നന്നാക്കൽ.**

സംസ്ഥാനത്തെ മെയിൻ റോഡുകൾ നന്നാക്കി ഗതാഗതത്തിനു തികച്ചും പര്യാപ്തമാക്കുകയെന്നതു് ഒരു പ്രധാന ആവശ്യമായാൽ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ടു്. ഈ പദ്ധതികളിൽ ഒന്നു് മെയിൻ റോഡുകളുടെ വളവുകൾ തീർത്തു വീതി വർദ്ധിപ്പിക്കുകയെന്നതാണു്. കൊട്ടാരക്കര—കോട്ടയം റോഡിലാണു് ആദ്യമായി ഈ പദ്ധതി അനുസരിച്ചു ജോലി ആരംഭിച്ചിട്ടുള്ളതു്. മറെറാരു പദ്ധതി ഈ റോഡുകൾ കാൺക്രീററു ചെയ്യുകയെന്നതാണു്. തിരുവല്ലക്കും ഏററുമാനൂരിനും മദ്ധ്യേ ൧൯ മൈൽ [illegible]

ഫർലോംഗ് നീളം കോൺക്രീററ ചെയ്യുന്ന ജോലി ആരംഭിച്ചു കഴിഞ്ഞു.
ഇതിനു് ൧൫ ലക്ഷം ഉറപ്പികയാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്.
ഇതിനുംപുറമേ പട്ടണങ്ങളിലെ റോഡുകളിൽ പൊടിയുടെ ശല്യമി
ല്ലാതിരിക്കുവാനും മററുമായി 'ടാർക്രീററ്' ചെയ്യുവാൻ തീരുമാനിക്കുകയും ആ
ലപ്പുഴ പട്ടണത്തിൽ ഈ ജോലി ആരംഭിക്കുവാനായി ൩൨,൧൪൦ ക. അനുവ
ദിക്കുകയും ചെയ്തു. ഈ പണി തുടങ്ങിക്കഴിഞ്ഞു. കൊല്ലം-ആലപ്പുഴ റോഡി
ലും ആദ്യത്തെ ഒരു മൈൽ റോഡ് ഷെൽക്രീററ് ചെയ്തുകഴിഞ്ഞു. രണ്ടും മൂന്നും
മൈലുകളിൽ ജോലി നടന്നുകൊണ്ടിരിക്കയാണ്. മെയിൻ റോഡുകൾ കോൺ
ക്രീററചെയ്യുവാൻ സാധിക്കാത്തിടത്തു 'ബിററമൻ' ഇടുവാൻ തീരുമാനിക്കുക
യും ൨൦,൬൨,൦൦൦ ക.യുടെ'ബിററമൻ' വാങ്ങുവാൻ ഏർപ്പാടുകൾ പൂർത്തി
യാക്കുകയും ചെയ്തിട്ടുണ്ട്. ആലുവാ മുതൽ എറണാകുളംവരെയും മൂവാററുപുഴ
റോഡിൽ ഒരു മൈലും 'ബിററമിൻ' ഇട്ടുകഴിഞ്ഞു. ആററിങ്ങൽ മുൻസിപ്പാലി
ററിയിൽ ഒരു മൈലും കൊല്ലം-ആലപ്പുഴ റോഡിലും തിരുവനന്തപുരം-കൊല്ലം
റോഡിലും മുൻസിപ്പൽ അതൃത്തിക്കുള്ളിൽ മുഴുവൻ റോഡും 'ടാർക്രീററ' ചെയ്തുവ
രുന്നുണ്ട്.

## പുതിയ റോഡുകൾ

ഹൈറേഞ്ചിലേയും വണ്ടൻമേട്ടിലേയും വനപ്രദേശങ്ങൾ കുടിയേറിപ്പാ
ർത്തു കൃഷിചെയ്യുവാനും മററുമായി ശാന്തൻപാറ മുതൽ വണ്ടൻമേടുവരെയുള്ള
റോഡുപണി ആരംഭിച്ചിട്ടുണ്ട്. ഈ റോഡിനു ൩൮
മൈൽ നീളമുണ്ട്. ൨൫ ലക്ഷം ഉറപ്പികയാണ് ഇ
തിനു ചിലവുവരുമെന്നു പ്രതീക്ഷിക്കുന്നതു്. ഇതി

**ശാന്തൻപാറ-വണ്ടൻമേട് റോഡ്.**

ന്റെ മൺപണിയും പാറപൊളിക്കലും മുഴുവനും കഴിഞ്ഞു. പാലങ്ങളും കൽവ
ട്ടുകളും മിക്കവാറും പണിതീർന്നിട്ടുണ്ട്.

**സേതുപാർവ്വതിപുരം കന്തല്ലൂർ റോഡ്.**

സേതുപാർവ്വതീപുരം മുതൽ കന്തല്ലൂർവരെ ൬ മൈൽ നീളമുള്ളതും ൩ ലക്ഷം
ഉറപ്പിക ചിലവു വരുന്നതുമായ റോഡിന്റെ പണി
യും മിക്കവാറും പൂർത്തിയായി.

**കുമിളി-ദേവികുളം റോഡ്.**

കുമിളിമുതൽ ദേവികുളംവരെയുള്ള റോഡ് കരിങ്കൽ വിരിക്കുവാനും ഭാര
വണ്ടികൾ പോകത്തക്കവണ്ണം പാലങ്ങൾ ബലപ്പെടു
ത്തുവാനുമുള്ള ഒരു പദ്ധതിയും ഗവമ്മെണ്ടു് അനുവദി
ച്ചിട്ടുണ്ട്. ഈ പദ്ധതിക്കു ൬,൦൦,൦൦൦ക. ചിലവു
ചെയ്തുകഴിഞ്ഞു.

57721



**വൈപ്പിൻ-പള്ളിപ്പുറം റോഡ്.**

വൈപ്പിൻ മുതൽ പള്ളിപ്പുറം വരെയുള്ള കടലോരപ്രദേശത്തിൽ ഗതാഗത സൗകര്യം ചെയ്യാനായി ആരംഭിച്ചിരുന്ന ഈ റോഡിന്റെ ഒന്നാം ഘട്ടം അവസാനിക്കാറായി. രണ്ടാംഘട്ടത്തിന്റെ പണിയും ആരംഭിച്ചിട്ടുണ്ട്.

**എറണാകുളം ൬൦ അടി റോഡ്.**

എറണാകുളം ടൗൺ പരിഷ്കരണപദ്ധതിയുടെ ഒരു ഭാഗമായിട്ടാണ് ഈ റോഡിന്റെ പണി ആരംഭിച്ചിട്ടുള്ളത്. ൩ മൈൽ നീളത്തിലും ൬ ൦ അടി വീതിയിലുമാണ് ഈ റോഡ് വെട്ടിയിട്ടുള്ളത്. ഇതിന്റെ ഒന്നാം ഘട്ടത്തിന്റെ പണി മുൻപുതന്നെ കഴിഞ്ഞിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ പണി നടന്നുകൊണ്ടിരിക്കയാണ്. ൫൨ ലക്ഷം ഉറുപ്പികയാണ് ഈ റോഡിനു ചിലവ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

**പാണ്ടിക്കുടി-ചെല്ലാനം റോഡ്.**

മട്ടാഞ്ചേരിയും ചെല്ലാനവും ബന്ധിക്കുന്നതിനുള്ള ഈ റോഡിന്റെ ആവശ്യകത വളരെ കാലമായി വ്യക്തമായിട്ടുള്ള ഒന്നാണ്. ൫ ൦ ലക്ഷം ഉറുപ്പിക ഇതിനു ചിലവു വരുന്നതാണ്. റോഡിനാവശ്യമായ സ്ഥലം എടുത്തുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പണി ആരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

ഫൻ ൮ വൃ-ൽ ആരംഭിച്ച ചവറപ്പാലത്തിന്റെ പണി ഇപ്പോൾ നല്ലപോലെ പുരോഗമിക്കുന്നുണ്ട്.

**ചവറപ്പാലം.**

പാലത്തിന്റെ ഇരുവശത്തുമുള്ള റോഡിന്റെ പണി പാലത്തിന്റെ കല്ലുകളുടെ അസ്ഥിവാരം മുതലായവയുടെ പണി കഴിഞ്ഞു. ൫൨ ലക്ഷം ഉറുപ്പിക ഇതിനു ചിലവാകുമെന്നു പ്രതീക്ഷിക്കുന്നു.

**ഇടപ്പള്ളിപ്പാലം.**

ആലുവാ—എറണാകുളം റോഡിലെ ഇടപ്പള്ളിപ്പാലത്തിന്റെ പണി പൂർത്തിയായി. പാലം ഗതാഗതത്തിനായി ഫൻ ൩ ൦ ജനുവരി ൨ ൻ-ാംനു തുറക്കുകയും ചെയ്തു. ഒരു ലക്ഷത്തി മുപ്പത്തിനാലായിരം ഉറുപ്പികയാണ് ഈ പാലത്തിന്റെ ചിലവ്.

**മല്ലപ്പിള്ളിപ്പാലം.**

൩.൨ ലക്ഷം ഉറുപ്പിക ചിലവു വരുന്ന മല്ലപ്പിള്ളി പാലത്തിന്റെ പണിയും ആരംഭിച്ചു.

**കൊല്ലക്കടവ് പാലം.**

കൊല്ലക്കടവ് പാലത്തിന്റെ അസ്ഥിവാരം കഴിക്കൽ, മൺപണി മുതലായവ പൂർത്തിയായി. ഒട്ടാകെ ചിലവ് നിശ്ചയിച്ചിരിക്കുന്ന ൪.൩ ലക്ഷം ഉറുപ്പികയിൽ ൭൮,൦൦൦ ഉറുപ്പിക ചിലവായി കഴിഞ്ഞിട്ടുണ്ട്.

ഇവയ്ക്കും പുറമെ പാലായിൽ ഒരു വലിയ പാലം കെട്ടുവാനായി ൧ ലക്ഷം ഉറുപ്പിക ഈക്കൊല്ലം അനുവദിച്ചിട്ടുണ്ട്. ചവറയിലെ പാലം നന്നാക്കുകയും തോട്ടപ്പള്ളി, കണ്ണേറ്റിൽ എന്നീ പ്രദേശങ്ങളിലെ പാലങ്ങൾ താല്ക്കാലികമായി ബലപ്പെടുത്തുകയും ചെയ്തു.

**അരൂർ പാലവും ആലുവാ പാലവും.**

പശ്ചിമതീരറോഡ് പദ്ധതിയുടെ ഒരു ഭാഗമായി അരൂരും ആലുവായിലും പാലം കെട്ടുന്നതിനുള്ള ഏർപ്പാടുകൾ ഇന്ത്യാ ഗവൺമെണ്ട് മുഖാന്തിരം താമസിയാതെ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

**തോടുകൾ.**

ആലപ്പുഴ—ചേർത്തല തോടിന്റെ പണി ൧൧൨൨-ൽ ആരംഭിച്ചിട്ടുള്ളതാണ്. മിക്ക ഭാഗങ്ങളും വെള്ളനിമിന്നംവരെ താഴ്ത്തിക്കഴിഞ്ഞു. ഇപ്പോഴും പണി തുടർന്നുകൊണ്ടിരിക്കയാണ്.

മേല്പറഞ്ഞ ഇനങ്ങളിൽനിന്നും സംസ്ഥാനത്തെ ഗതാഗതസൗകര്യങ്ങൾ വിപുലപ്പെടുത്തുവാൻ ഗവൺമെണ്ട് ചെയ്തുവരുന്ന പരിശ്രമങ്ങൾ എത്രമാത്രമെന്നു ഗ്രഹിക്കാവുന്നതാണ്. മുൻപ് ആരംഭിച്ചുവച്ച ജോലികൾ തുടർന്നും പൂർത്തിയാക്കിയും പുതിയ ജോലികൾ ഏറ്റെടുത്തും നിലവിലുള്ള റോഡുകൾ നന്നാക്കിയും സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും ഗതാഗതം സുഗമമാക്കുവാനുള്ള പദ്ധതികളാണ് ഈ പരിശ്രമങ്ങളിൽ അടങ്ങിയിട്ടുള്ളത്.

# അഞ്ചൽ സർവ്വീസ് പരിഷ്കരണം

**എറണാകുളത്തെക്ക് എക്സ്പ്രസ്സ് സർവ്വീസ്.**


തിരുവിതാംകൂറും കൊച്ചിയും സംയോജിച്ചതോടുകൂടി കത്തുകൾ തിരുവനന്തപുരത്തുനിന്നും കൊച്ചിയുടെ പ്രധാന പ്രദേശങ്ങളിലേക്കും അവിടെനിന്നും തിരുവനന്തപുരത്തേക്കും എത്രയും വേഗത്തിൽ എത്തേണ്ടതിനുള്ള സജ്ജീകരണങ്ങൾ ആവശ്യമായിത്തീൎന്നു. അതിനായി തിരുവനന്തപുരത്തുനിന്നു എറണാകുളത്തേക്കും എറണാകുളത്തുനിന്നു തിരുവനന്തപുരത്തേക്കും ഒരു എക്സ്പ്രസ്സ് അഞ്ചൽസർവ്വീസ് ൧൯൪൯ ജൂലായി ൧൫-ാംനു മുതൽ ആരംഭിച്ചു. ഈ അഞ്ചൽ ബസ്സ് തിരുവനന്തപുരത്തുനിന്നും വൈകുന്നേരം ൭—൩൦ മണിക്കു പുറപ്പെട്ടു എറണാകുളത്തു രാവിലെ ൪ മണിക്കു എത്തുന്നു. തന്മൂലം, സംയോജനത്തിനു മുൻപ് തിരുവനന്തപുരത്തുനിന്നും തൃശ്ശിവപേരൂർ ഒരു കത്തു് എത്തുവാൻ മൂന്നു ദിവസം വേണ്ടിവന്നസ്ഥാനത്തു ഇപ്പോൾ ഒരു ദിവസം മാത്രമേ വേണ്ടിവരുന്നുള്ളു.

**മണിഓർഡറുകൾ കൂടുതൽ വേഗത്തിൽ എത്തുന്നു.**

സംയോജനത്തിനുമുമ്പ് തിരുവിതാംകൂറിൽനിന്നു കൊച്ചിയിലേക്കും കൊച്ചിയിൽനിന്നു തിരുവിതാംകൂറിലേക്കും അയച്ചിരുന്ന മണിഓർഡറുകൾ എത്തുവാൻ വളരെ താമസം വേണ്ടിവന്നിരുന്നു. ഈ താമസത്തിനു കാരണം ഈ രണ്ടു സംസ്ഥാനങ്ങളിലെയും മണിഓർഡർ റേറ്റുകൾ തമ്മിലുള്ള വ്യത്യാസംകൊണ്ടു അവ ആലുവായിലെയും എറണാകുളത്തെയും എക്സ്ചേയിഞ്ച് ആഫീസുകൾ വഴി പോകേണ്ടതു കൊണ്ടായിരുന്നു. സംയോജനത്തിനു ശേഷം ഈ റേറ്റുകളിലുള്ള വ്യത്യാസങ്ങൾ മാററുകയും എക്സ്ചേഞ്ചാഫീസുകൾ നിൎത്തലാക്കുകയും ചെയ്തു. ഈ പരിഷ്കരണങ്ങളുടെ ഫലമായി മണിഓർഡറുകൾ കൂടുതൽ വേഗത്തിൽ ഇരുസ്ഥലങ്ങളിലും എത്തുന്നുണ്ട്. സംയോജനത്തിനുശേഷം അഞ്ചൽ ഡിപ്പാർട്ടുമെൻറ പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൽ ലയിപ്പിക്കുന്നതിനുള്ള ആലോചനയുണ്ടായെങ്കിലും ഇവിടത്തെ ഗവൺമെണ്ടിന്റെ പരിശ്രമഫലമായി ഈ വിലയനത്തിനു പകരം സംസ്ഥാനത്തെ അഞ്ചലാഫീസുകൾ പോസ്റ്റൽ ഡിപ്പാർട്ടുമെണ്ടിന്റെ ഏജൻസി സമ്പ്രദായത്തിൽ പ്രവൎത്തനം ചെയ്തു പോരുകയാണ്. ഈ ഏജൻസി സമ്പ്രദായത്തിന്റെ ഫലമായി അഞ്ചലാഫീസുകളുടെ എണ്ണം കുറയാതെയും അഞ്ചൽ റേററ് കൂട്ടാതെയും കഴിഞ്ഞു. മാത്രമല്ല, അഞ്ചൽ ആഫീസുകളിൽതന്നെ ഇപ്പോൾ പോസ്റ്റൽ സ്റ്റാമ്പുകൾ ലഭിക്കുന്നതും അഞ്ചൽ കത്തുകൾ പോസ്റ്റൽ പെട്ടിയിലോ അഞ്ചൽ പെട്ടിയിലോ ഇടാവുന്നതുമാണ്. പോസ്റ്റാഫീസുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ മുമ്പ് അഞ്ചൽ

ആഫീസുവഴി പോസ്റ്റൽ കത്തുകൾ വിതരണം ചെയ്യണമെങ്കിൽ പ്രത്യേകം ചാർജ്ജു വേണ്ടിവന്നിരുന്നു. എന്നാൽ ൧൯൫൦ ഏപ്രിൽ ൧-ാം൹-ക്കു ശേഷം കത്തുകൾ ഇപ്രകാരം വിതരണം ചെയ്യുന്നതിനു പ്രത്യേകം ചാർജ്ജു ആവശ്യമില്ല. ഈ പരിഷ്കരണങ്ങളുടെ ഫലമായി ഒരണയുടെ പോസ്റ്റൽ സ്റ്റാമ്പോ അഞ്ചൽ സ്റ്റാമ്പോ ഉള്ള കത്തുകൾ അഞ്ചൽ വഴിയോ പോസ്റ്റൽ വഴിയോ അയച്ചു തന്നെ വ്യത്യാസം കൂടാതെ സംസ്ഥാനത്തു് എവിടെയും എത്തുന്നതാണു്.

---



വള്ളംകളി

സംയോജനത്തിനുശേഷം ബഹു: ഇന്ത്യാ പ്രധാന മന്ത്രിയും ബഹു: ഡെപ്യൂട്ടി പ്രധാന മന്ത്രിയും തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം ആദ്യമായി സന്ദർശിച്ചപ്പോൾ സംസ്ഥാനത്തിലെ ഒരു പ്രധാന വിനോദമായ വള്ളംകളി പ്രദർശിപ്പിച്ചിരുന്നു

# പൊതുജനാരോഗ്യം

**കൂടുതൽ ഡിസ്പെൻസറികൾ.**

സംയോജനത്തിനുമുമ്പ് തിരുവിതാംകൂറിലും കൊച്ചിയിലുംകൂടി ൪൩ ആസ്പത്രികളും ൧൩൭ ഡിസ്പെൻസറികളും ഉണ്ടായിരുന്നു. സംയോജനത്തിനുശേഷം പല്ലുവിള, അയിരൂർ, ആരുവാമൊഴി, കടയിരുപ്പ് എന്നീ സ്ഥലങ്ങളിൽ ഗവമ്മെൻറുവക ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടുള്ളതിനുപുറമെ കുനമ്മാവ്, പാറക്കാവ്, സാമ്പൂർ, വടകര എന്നീ സ്ഥലങ്ങളിൽ ഡിസ്പെൻസറികൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ മൂന്നു ഡിസ്പെൻസറികളും ഉടനെ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ൩൬ രോഗികൾക്കു കിടക്കാവുന്ന ഒരു പേവാർഡു പണികഴിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം കണ്ണുചികിത്സാസ്പത്രിയിലും ഒരു പേവാർഡിൻെറ പണി മിക്കവാറും പൂർത്തിയായി. ഇതിന് ൪.൭ ലക്ഷം ഉറുപ്പിക ചിലവു വരുന്നതാണ്.

**ഗ്രാൻറ്-ഇൻ-എയിഡ് പദ്ധതി.**

ഗവമ്മെൻറുവക ഡിസ്പെൻസറികൾ പുതുതായി ആരംഭിക്കുന്നതിനു പകരം ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾ ആരംഭിക്കുന്ന ഒരു പദ്ധതി തയാറാക്കുവാൻ ഒരു വിദഗ്ദ്ധകമ്മിററിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിററിയുടെ ശുപാർശകൾ പരിശോധിച്ചതിനുശേഷം മാത്രമേ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നകാര്യം ഗവമ്മെൻറ തീർച്ചപ്പെടുത്തുകയുള്ളു.

പൊതുജനങ്ങളുടെ വകയായി ഡിസ്പെൻസറികൾക്കു കെട്ടിടങ്ങൾ സംഭാവനചെയ്യാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഗവമ്മെൻറിൻെറ താല്ക്കാലിക നയം. ഈ പ്രോത്സാഹനം ഫലപ്രദമായി കാണുന്നുമുണ്ട്. പലരും കെട്ടിടങ്ങൾ ഡിസ്പെൻസറികൾക്കായി സംഭാവനചെയ്തുവരുന്നതായിട്ടാണ് കാണുന്നതു്.

**ക്ഷയരോഗനിവാരണ ശ്രമങ്ങൾ.**

ക്ഷയരോഗനിവാരണാത്ഥം വേണ്ട നടപടികൾ ആലോചിക്കുവാൻ കൂടിയ ഒരു കാൺഫറൻസിൽവച്ചു നാഗർകോവിലിൽ ഒരു പുതിയ വാർഡു മുനിസിപ്പാലിററിവകയായി സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ക്ഷയരോഗം തടയുവാൻ ബി. സി. ജി. കുത്തിവയ്പു പദ്ധതി ത്വരിതപ്പെടുത്തിയിട്ടുമുണ്ട്. ഇതി

നായി പരിശീലനത്തിന് ചിലരെ അയക്കുവാനും ഗവൺമെൻറ് തീർച്ചയാക്കിയിട്ടുണ്ട്. അഖിലലോക ആരോഗ്യസംഘടനയുടെ കീഴിൽ തിരുവനന്തപുരത്തേക്ക് ഒരു ക്ഷയരോഗകേന്ദ്രം ആരംഭിക്കുവാനും ആലോചിച്ചുവരുന്നു.

**മുളകുന്നത്തുകാവ് ടി. ബി. സാനട്ടോറിയം.**

തൃശ്ശിവപേരൂർനിന്നും എട്ടുനാഴിക അകലെ സ്ഥിതിചെയ്യുന്ന മുളകുന്നത്തുകാവിൽ ക്ഷയരോഗികൾക്കുള്ള ഒരു 'സാനട്ടോറിയം' ആരംഭിക്കാനുള്ള പദ്ധതി ൧൧൨൫-ൽ ആസൂത്രണം ചെയ്തു. ൧൫൦ രോഗികൾക്കുള്ള സ്ഥലമാണ് ഈ കെട്ടിടത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ പണി ൧൧൨൬-ൽ ആരംഭിച്ചു. നിർമ്മാണത്തിനുള്ള ഉപകരണങ്ങൾ ലഭിക്കുവാനുള്ള പ്രയാസംകൊണ്ടും മററും അതിനു ഗണ്യമായ പുരോഗതി ഉണ്ടായില്ല. പിന്നീട് സൗകര്യങ്ങൾ ഭേദപ്പെടുകയും ഇതിന്റെ പണി ത്വരിതപ്പെടുത്തുകയും ചെയ്തു. ൧൧൨൮ ആഗസ്റ്റിൽ അതു പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നുണ്ട്.

**എക്സ്റേ.**

കൊല്ലം ഡിസ്ത്രിക്ട് ആശുപത്രിയിൽ ഒരു എക്സ്-റേ സ്ഥാപിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളതനുസരിച്ച് എക്സ്-റേ പ്ലാൻറ് വന്നുകഴിഞ്ഞു. ആയതു സ്ഥാപിക്കുവാനുള്ള ഏർപ്പാടുകളും ചെയ്തുവരുന്നുണ്ട്.

**സന്ദർശകബോർഡുകൾ.**

നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ആലുവാ എന്നീ സ്ഥലങ്ങളിൽ ആസ്പത്രി സന്ദർശകന്മാരുടെ ബോർഡുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ എടുത്തു തുടങ്ങുകയും ചെയ്തിട്ടുണ്ട്.

**ഉള്ളൂർ എസ്സ്. എ. ടി. ആസ്പത്രി.**

൧൧൨൨-ലാണ് ഉള്ളൂർ എസ്സ്. എ. ടി. ആസ്പത്രിയുടെ പണി ആരംഭിച്ചത്. ൧൨,൨൦,൦൦൦ ഉറുപ്പികയാണ് ഇതിനു ചിലവാകുമെന്നു കരുതുന്നത്. ഈ കെട്ടിടത്തിന്റെ പണി ഇപ്പോഴും നടന്നുകൊണ്ടിരിക്കയാണ്. മെഡിക്കൽ കോളേജിനോടനുബന്ധിച്ച ക്ലാസ്സ് നടത്തുവാനും കൂടി ഇവിടെ സൗകര്യപ്പെടുത്തുവാനാണ് ആലോചിച്ചു വരുന്നത്. അതുകൊണ്ടു ഈ കെട്ടിടത്തിൽ തന്നെ പ്രസവാസ്പത്രി സ്ഥാപിക്കുവാനായി ഒരു നിലയും കൂടി ഉണ്ടാക്കുവാൻ ഇപ്പോൾ തീർച്ചപ്പെടുത്തിയിട്ടുണ്ട്.

**മെഡിക്കൽ കോളേജ്.**

സംയോജനത്തിനുശേഷം മെഡിക്കൽ കോളേജിനുള്ള കെട്ടിടത്തിന്റെ പണി ആരംഭിച്ചു. ൫൰ ലക്ഷം ഉറുപ്പിക ചിലവു വരുന്ന ഈ കെട്ടിടത്തിനുള്ള മൺപണി മുതലായവ ൧൧൨൬ ഡിസംബറിൽതന്നെ ആരംഭിക്കുകയും ഇ

പ്പോൾ തുടൎന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. തറ പണിക്കുള്ള കോൺട്രാക്ട് കൊടുത്തു പണി പുരോഗമിച്ചു വരുന്നുണ്ട്. നേഴ്സ്മാരുടെ ആസ്പത്രിയുടേയും സ്കൂളിന്റേയും പണി ൧൯൬൦-ൽ ആരംഭിച്ചു. ഈ പണിയും തൃപ്തികരമായി പുരോഗമിക്കുന്നുണ്ട്. ഇതു ൧൯൬൨ ജൂലായി ൧-ാംതീ- തുറക്കുന്നതായിരിക്കും.

**പാൽവിതരണം.**

ഗൎഭിണികൾ—ശിശുക്കൾ മുതലായവൎക്ക് സൗജന്യമായി പാൽ വിതരണം ചെയ്യുന്ന ഒരു പദ്ധതി ഇവിടെ ഉണ്ടായിരുന്നു. എന്നാൽ കുറേക്കാലമായി പാൽപ്പൊടി ലഭിക്കാത്തതുകൊണ്ട് ഇതിന്റെ പ്രവൎത്തനം മന്ദീഭവിച്ചിരിക്കുകയാണ്. ഇപ്പോൾ പാൽപ്പൊടി നൽകാമെന്നു കേന്ദ്രഗവൎമ്മെണ്ട് ഏററിരിക്കുന്നതിനെ തുടൎന്നു ൧൯൬൦—൬൧-ൽ പാൽപ്പൊടി വിതരണത്തിനായി രണ്ടു ലക്ഷം ഉറപ്പിക നീക്കി വച്ചിട്ടുണ്ട്.

**കൂടുതൽ സാനിട്ടറി ഉദ്യോഗസ്ഥന്മാർ.**

൩൭ വാക്സിനേററർമാരേയും ൧൩൫ സാനിട്ടറി അസിസ്റ്റൻറുമാരെയും ൩൯ സാനിട്ടറി ഇൻസ്പെക്ടർമാരെയും പുതിയതായി നിയമിച്ചിട്ടുണ്ട്. ഇവരുടെ നിയമനത്തോടുകൂടി റവന്യൂവകുപ്പിൽ നടത്തിവരുന്ന ജനനമരണക്കണക്കു പൊതുജനാരോഗ്യവകുപ്പിൽനിന്നും നടത്തുന്നതാണ്. പൊതുജനാരോഗ്യപരമായ സേവനങ്ങളും ഇവർ ചെയ്യുന്നതാണ്.

**ഹെൽത്ത് യൂണിററ്.**

നെയ്യാററിൻകരയിൽ ആധുനിക രീതിയിൽ ഒരു ഹെൽത്ത് യൂണിററ് നിലവിലുണ്ട്. യൂണിററ് പകൎച്ചവ്യാധികൾ തടയൽ, ശിശുസംരക്ഷണം, സ്കൂൾ മെഡിക്കൽ ഇൻസ്പെക്ഷൻ, ആരോഗ്യവിദ്യാഭ്യാസം മുതലായ ജോലികൾ നടത്തുന്നതിനു പുറമെ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാൎക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്. ഈ യൂണിററ് പുനഃസംഘടിപ്പിക്കുന്നതിനും ഓരോ ഡിസ്ട്രിക്ടിലും ഓരോ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുമുള്ള ഒരു പദ്ധതി ഗവൎമ്മെണ്ട് അംഗീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽനിന്നും പകൎച്ചവ്യാധികൾ തടയുന്നതിനു പ്രത്യേകശ്രമങ്ങൾ ചെയ്യുന്നതും ആരോഗ്യസേവനം നടത്തുന്ന ഫീൽഡ് ഉദ്യോഗസ്ഥന്മാൎക്കു പരിശീലനം നൽകുന്നതുമായിരിക്കും. മലമ്പനി ബാധിക്കാവുന്ന സ്ഥലങ്ങളിൽ ഡി. ഡി. ടി. ഉപയോഗിച്ചു തടയുവാനുള്ള പ്രത്യേക ശ്രമങ്ങളും ഈ കേന്ദ്രങ്ങൾവഴി നടത്തുന്നതാണ്. പൊതുജനാരോഗ്യവകുപ്പിൽനിന്നും സാധാരണമായി നടത്തിക്കൊണ്ടിരിക്കുന്ന വസൂരി മുതലായ പകൎച്ചവ്യാധികൾ തടയുന്നതിനുള്ള ശിശുസംരക്ഷണ കേന്ദ്രങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക തുടങ്ങിയുള്ള എല്ലാ പ്രവൎത്തനങ്ങളും തുടൎന്നുകൊണ്ടിരിക്കുന്നുണ്ട്.

**ആയുർവ്വേദം.**

ആയുർവ്വേദ ഡിപ്പാർട്ട്മെൻറ പുനഃസംഘടിപ്പിക്കുന്നതിനെ സംബന്ധിച്ചു കമ്മിററി സമർപ്പിച്ചിരുന്ന ശുപാർശകൾ ഗവണ്മെൻറ സ്വീകരിക്കുകയും തിരുവിതാംകൂർ സർവ്വകലാശാലയിൽ ഒരു ആയുർവ്വേദ ഫാക്കൽട്ടി സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് മററു നടപടികൾ സർവ്വകലാശാലയിൽനിന്നും എടുത്തുവരുന്നുണ്ട്.

മട്ടാഞ്ചേരിയിലെ ആയുർവ്വേദ ആസ്പത്രിയിലെ ഔട്ട്പേഷ്യൻറ് ഡിപ്പാർട്ട്മെൻറും ഇൻപേഷ്യൻറ് ഡിപ്പാർട്ട്മെൻറും ഇതിനുമുമ്പ് രണ്ടുസ്ഥലങ്ങളിലായിരുന്നത് ഒരുസ്ഥലത്താക്കി പട്ടണത്തിൻെറ മദ്ധ്യത്തിലായി സൗകര്യപ്രദമായ ഒരു കെട്ടിടത്തിൽ സ്ഥാപിച്ചു. മട്ടാഞ്ചേരി ആയുർവ്വേദാസ്പത്രിയിൽ പരീക്ഷണാർത്ഥമായി ഒരു പേവാർഡു സ്ഥാപിക്കുവാനും ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ട്.

ഒൻപതു പുതിയ സ്ഥാപനങ്ങൾക്കു ഗവണ്മെൻറ ധനസഹായം നൽകിയിട്ടുണ്ട്. ഇവയിൽ മൂന്ന് സിദ്ധാസ്പത്രികളും എഴെണ്ണം വില്ലേജു ഉദ്ധാരണകേന്ദ്രങ്ങളിലെ ആയുർവ്വേദവൈദ്യശാലകളുമാണ്.



പൊരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിയിൽ
പൈപ്പു ലൈൻ പണിയുന്നത്

# ഹൈഡ്രോ-ഇലക്ട്രിക്ക് പദ്ധതികൾ

**സെങ്കുളം പെരിങ്ങൽകുത്തു പദ്ധതികൾ.**

സംയോജനകാലത്തു മുതിരപ്പുഴയിൽനിന്നു ൨൨,൫൦൦ കിലോവാട്സ് വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്ന പള്ളിവാസൽ ഹൈഡ്രോ ഇലക്ട്രിക് സ്റ്റേഷനിൽനിന്നായിരുന്നു തിരുവിതാംകൂറിലേക്കു പ്രധാനമായി വിദ്യുച്ഛക്തി ലഭിച്ചുകൊണ്ടിരുന്നതു്. ഇതിനും പുറമെ ൪,൦൦൦ കിലോവാട്സ് വിദ്യുച്ഛക്തി മദ്രാസ് ഇലക്ട്രിസിററി ഡിപ്പാർട്ടുമെണ്ടിൽനിന്നും ലഭിച്ചിരുന്നു. അതേസമയത്തുതന്നെ, മുതിരപ്പുഴ പദ്ധതിയുടെ രണ്ടാം മത്തെ ഘട്ടമായ സെങ്കുളം പദ്ധതിയുടേയും പെരിങ്ങൽകുത്തു പദ്ധതിയുടേയും പണി തുടർന്നുകൊണ്ടിരിക്കുകയുമായിരുന്നു. ഇവയിൽ സെങ്കുളം പദ്ധതിയിൽ ൧൨,൦൦൦ കിലോവാട്സ് സെററുകളും പെരിങ്ങൽകുത്തു പദ്ധതിയിൽ ൭൦൦ കിലോവാട്സ് സെററുകളും പ്രവർത്തനം ചെയ്യാനുള്ള സാദ്ധ്യതകളുമുണ്ടു്. ഇവ രണ്ടിന്റേയും പണി ഒരേ വേഗതയിൽ നടക്കുന്നതിനേക്കാൾ ഒന്നിന്റേതു കൂടുതൽ ത്വരിതപ്പെടുത്തുന്നതായിരിക്കും സ്റ്റേററിനു് കൂടുതൽ വിദ്യുച്ഛക്തി ലഭിക്കുവാൻ നല്ലതെന്നു ഗവമ്മെണ്ടു് തീരുമാനിച്ചു. സെങ്കുളം പദ്ധതിക്കു വേണ്ട യന്ത്രം ൧൯൪൭ ഒക്ടോബറിൽ ഓർഡർ ചെയ്തിട്ടുള്ളതുകൊണ്ടു് ഇക്കൊല്ലംതന്നെ ലഭിക്കുന്നതായിരിക്കും. പെരിങ്ങൽകുത്തു പദ്ധതിക്കുള്ള യന്ത്രം ൧൯൪൯-ൽ ആണു് ഓർഡർ ചെയ്തിട്ടുള്ളതു്. അന്നു മുതൽ ൩ ൧/൨ വർഷം കഴിഞ്ഞേ അതു് ലഭിക്കയുള്ളു. അതുകൊണ്ടു് സെങ്കുളം പദ്ധതിയുടെ ജോലി ത്വരിതപ്പെടുത്തുവാനും പെരിങ്ങൽകുത്തു പദ്ധതിയുടെ സിവിൽ ജോലികൾ മാത്രം തുടരുവാനും ഗവമ്മെണ്ടു് തീച്ചപ്പെടുത്തി.

സെങ്കുളം പദ്ധതി സംബന്ധിച്ചുള്ള എല്ലാ പ്രാരംഭജോലികളും (റോഡു്, കെട്ടിടം മുതലായവ) അവസാനിച്ചു. ഹൈഡ്രോളിക്കു് ജോലികളും ധൃതഗതിയിൽ നടക്കുന്നുണ്ടു്. പവർഹൗസിന്റെ പണിയും ട്രാൻസ്ഫോർമർസ്ഥലം നിരപ്പാക്കലും മുഴുവനായും ടണലിന്റെ പണി ൬൦ ശതമാനവും കഴിഞ്ഞു. ൧൯൫൧ അവസാനത്തിലോ ൧൯൫൨ ആരംഭത്തിലോ ആയി ഈ പദ്ധതിയിൽനിന്നും ൧,൨൫,൦൦൦ കിലോവാട്സ് ശക്തി ഉല്പാദിപ്പിക്കുന്ന യന്ത്രം ലഭിക്കുന്നതായിരിക്കും. ൧൯൫൨ അവസാനത്തിനു് മുമ്പ് ഈ പദ്ധതിയുടെ പണി അവസാനിച്ചു ൪൭,൦൦൦ കിലോവാട്സ് ശക്തി ഉല്പാദിപ്പിക്കാൻ കഴിയും. മുതിരപ്പുഴയിലെ ജലശേഖരം വേനൽക്കാലത്തു കുറയുന്നതിനാൽ അതു് പരിഹരിക്കുവാനായി സേതു പാർവ്വതീപുരം മാട്ടുപ്പാട്ടി എന്നീ രണ്ടു സ്ഥലങ്ങളി

ലും ഓരോ അണ കെട്ടുന്നുണ്ട്. സേതു പാർവ്വതിപുരത്തെ അണയുടെ പണി കുറച്ചു കാലം മുൻപ് കഴിഞ്ഞു. മററത്ത് ൧൯൫൮-ൽ തീർച്ചയായും കഴിയും. അപ്പോൾ ൧൫,൦൦൦ കിലോവാട്സ് വിദ്യുച്ഛക്തികൂടി പള്ളിവാസലിൽനിന്നും ലഭിക്കും.


മട്ടുപ്പാട്ടി അണയുടേയും സെങ്കുളം പദ്ധതിയുടേയും പണികഴിഞ്ഞാൽ ൪൮,൫൦൦ കിലോവാട്സ് ശക്തി ലഭ്യമാകും. അതായത് ഇന്നത്തേതിന്റെ നാലിരട്ടി.

പൊരിങ്ങൽകുത്തു പദ്ധതിയുടെ ഒന്നാമത്തെ ഘട്ടത്തിൽതന്നെ ൩൨,൦൦൦ കിലോവാട്സ് ശക്തി ലഭിക്കുന്നതായിരിക്കും. ഈ പദ്ധതിയുടെ അണകെട്ട്, ടണൽ, പെൻസ്റ്റോക്ക് വഴി എന്നീ ജോലികൾ നടന്നുകൊണ്ടിരിക്കയാണു്. ടണൽ മുഴുവനും തുറന്നു കഴിഞ്ഞു. അണയുടെ പണിയും മററു സിവിൽ ജോലികളും തൃപ്തികരമായി പുരോഗമിക്കുന്നുണ്ട്.


**വിദ്യുച്ഛക്തി വിതരണം.**

ഇക്കാലത്തിനുള്ളിൽ ൮൫ മൈൽ ൧൧ കെ. വി. വിതരണ ലൈനും ൫൦ മൈൽ എൽ. ടി. വിതരണ ലൈനും ൩൬ വിതരണ കേന്ദ്രങ്ങളും പണി കഴിഞ്ഞു. ഇന്നേവരെ ൧൮൦൫ കേന്ദ്രങ്ങൾ തുറന്നു കഴിഞ്ഞിട്ടുണ്ട്. നിരവധിപേർക്കു വീട്ടാവശ്യത്തിനും വ്യവസായത്തിനുമായി സർവ്വീസ് കണക്ഷനും നൽകിയിട്ടുണ്ട്. ഇപ്പോൾ ഒട്ടാകെ ൩൬,൦൦൦ പേർക്കു കണക്ഷനും വഴിയിൽ ൭൦൦ വിളക്കുകളും കൊടുത്തിട്ടുണ്ട്. ൧൯൫൦—൫൧-ൽ ൬൦ പുതിയ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുവാൻ ആലോചനയുണ്ട്.

മേല്പറഞ്ഞവക്കും പുറമേ, ലിഫ്ററ് ഇറിഗേഷൻ പദ്ധതിക്കും വേമ്പനാട്ട് ഭൂസജ്ജീകരണപദ്ധതിക്കും വിദ്യുച്ഛക്തി നൽകിയിട്ടുണ്ട്. അവണങ്കോട്, കരുമാല്ലൂർ, പമ്പാപ്രദേശം, പുഴക്കൽ ജലസേചനം, മുതലായ പുതിയ പദ്ധതികൾക്കും ഇവക്കു മുൻപുണ്ടായിരുന്നതിനു പുറമെ വിദ്യുഛക്തി നൽകിയിട്ടുണ്ട്. തൽഫലമായി ൬,൦൦൦ ഏക്കറ് ഭൂമി നെൽകൃഷിയിറക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവക്കും പുറമെ ൧൨,൦൦൦ ഏക്കർ കൃഷിചെയ്യാവുന്നതിനു ചെറിയ ലിഫ്ററ് ഇറിഗേഷൻ പദ്ധതികൾക്കും വിദ്യുച്ഛക്തി നൽകിയിട്ടുണ്ട്. സംയോജനത്തിനു ശേഷം ഏകദേശം ൧൦൭ ലക്ഷം രൂപാ ഈ പദ്ധതികൾക്കായി ചിലവാക്കിയിട്ടുണ്ട്.



അതിരപ്പിള്ളി വെള്ളച്ചാട്ടം



പെരിങ്ങൽക്കുത്തിലെ ജോലിസ്ഥലം



പെരിങ്ങൽകുത്ത അണ കെട്ടുന്നിടത്തെ പാലം

# തൊഴിലാളി പ്രശ്നങ്ങൾ

തൊഴിലാളികളെ സംബന്ധിക്കുന്ന രണ്ടു പ്രധാന നിയമങ്ങൾ സംയോജനത്തിനുശേഷം പാസായിട്ടുണ്ട്. ഇവയിൽ ഒന്നു വ്യവസായികത്തക്ക ആക്ടും (Industrial Disputes Act) ഷോപ്പുകളും സ്ഥാപനങ്ങളും ആക്ടും (Shops and Establishments Act) ആണ്. വ്യവസായികത്തക്ക ആക്ടിലെ വ്യവസ്ഥകൾ മിക്കവാറും ഇന്ത്യൻ വ്യവസായികത്തക്ക ആക്ടിനോടു സാമ്യമുള്ളവയാണ്. എങ്കിലും ചില പ്രധാനമാററങ്ങൾ ഈ പുതിയ നിയമത്തിലുണ്ട്. വ്യവസായത്തിന്റെ നിർവ്വചനത്തിൽ 'കാപ്പി, ചായ, റബ്ബർ' എന്നിവയുടെ കൃഷിയും പെടുത്തിയിട്ടുണ്ട്. തൻമൂലം സംസ്ഥാനത്തിലെ എസ്റ്റേററ തൊഴിലാളികൾക്കും ഈ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാകുന്നതാണ്. ഈ നിയമപ്രകാരം തൊഴിലാളിയോടോ, മുതലാളിയോടോ ഏതെങ്കിലും വ്യവസ്ഥ സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നതിനു ഗവൺമെണ്ടിനധികാരമുണ്ട്. ഏതെങ്കിലും തൊഴിൽത്തക്കത്തെ സംബന്ധിക്കുന്ന അവാർഡു പ്രകാരമോ, ഒത്തുതീർപ്പു പ്രകാരമോ കല്പനപ്രകാരമോ, മുതലാളി കൊടുക്കേണ്ട സംഖ്യ കൊടുക്കാത്തപക്ഷം റവന്യു റിക്കവറി നിയമപ്രകാരം പിരിച്ചെടുക്കുവാനുള്ള അധികാരവും ഗവൺമെണ്ടിനു ഈ നിയമപ്രകാരം സിദ്ധിച്ചിട്ടുണ്ട്.

**ഷാപ്പുകളിലേയും സ്ഥാപനങ്ങളിലേയും തൊഴിലാളികൾ.**

'ഷാപ്പുകളും സ്ഥാപനങ്ങളും ആക്ട്' പ്രകാരം വ്യാപാരസ്ഥലങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയവും മററും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ നിയമം സംസ്ഥാനത്തെ ഗണ്യമായ ഒരു സംഖ്യ വരുന്ന വ്യാപാരസ്ഥലങ്ങളിലെ തൊഴിലാളികൾക്കു വലിയ ഒരാനുകൂല്യമാണു പ്രദാനം ചെയ്തിട്ടുള്ളതു്.

**ഫാക്ടറി നിയമപ്രകാരമുള്ള ചട്ടങ്ങൾ.**

തിരുവിതാംകൂർ ഫാക്ടറി ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ പാസാക്കി പ്രസിദ്ധം ചെയ്തുകഴിഞ്ഞു.

**വക്ക്സ് കമ്മിററികളും ഇൻഡസ്ട്രിയൽ റിലേ കമ്മിററികളും.**

തൊഴിലുടമസ്ഥനും തൊഴിലാളികളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീക്കുവാൻ ഗണ്യമായി സഹായിക്കുന്നതിനു പര്യാപ്തങ്ങളാണ് വക്ക്സ് കമ്മിററികൾ. ഈ കമ്മിററികളിൽ തൊഴിലാളികളുടെയും തൊഴിലുടമസ്ഥന്റെയും പ്രതിനിധികളുണ്ടായിരിക്കും. ഇത്തരം കമ്മിററികൾ മിക്ക ഫാക്ടറികളിലും സ്ഥാപിച്ചിട്ടുണ്ട്. ഈ കമ്മിററികൾ മുഖാന്തിരം പല തൊഴിൽത്തക്കങ്ങളും പറഞ്ഞുതീക്കുന്നുണ്ട്.

**നിർമ്മാണകമ്മറ്റികൾ.**

വ്യവസായശാലകളിൽ നിർമ്മാണം വർദ്ധിപ്പിക്കുവാനായി നിർമ്മാണകമ്മറ്റികൾ (Unit Production Committees) സ്ഥാപിക്കുവാനുള്ള ഏർപ്പാടുകളും ലേബർ ഡിപ്പാർട്ട്മെൻറിൽ നിന്നും ചെയ്തുവരുന്നുണ്ട്.

**തക്കങ്ങളുടെ ഒത്തുതീർപ്പ്.**

വ്യവസായികതക്കങ്ങൾ ഒത്തുതീർക്കുന്നതിനു ലേബർ ഡിപ്പാർട്ട്മെണ്ടിൽനിന്നും ലേബർകമ്മീഷണരും അസിസ്റ്റണ്ട് ലേബർ കമ്മീഷണർമാരും ഗണ്യമായ പരിശ്രമങ്ങൾ നടത്തുന്നുണ്ട്. ഡിപ്പാർട്ട്മെണ്ടിൽ മററു ഉദ്യോഗസ്ഥന്മാരും ഇതിനു സഹായിക്കുന്നുണ്ട്. ഈ പരിശ്രമങ്ങളുടെ ഫലമായി൧൨൰, ൩൬ തൊഴിൽതക്കങ്ങൾ ഒത്തുതീർപ്പിൽ എത്തിയിട്ടുണ്ട്.

**ട്രേയിഡ് യൂണിയനുകൾ.**

൨൩ ട്രേയിഡ് യൂണിയനുകൾ പുതിയതായി റജിസ്റ്റർ ചെയ്തിട്ടുണ്ട്.

**പുതിയ ഫാക്ടറികൾ.**

൭൩ ഫാക്ടറികൾ ഫാക്ടറി നിയമപ്രകാരം പുതിയതായി റജിസ്റ്റർ ചെയ്തിട്ടുണ്ട്.

**അഡ്ജ്യൂഡിക്കേഷൻ.**

ലേബർ ഡിപ്പാർട്ടുമെണ്ടിൻെറ പരിശ്രമങ്ങൾകൊണ്ട് ഒത്തുതീർപ്പിൽ എത്താത്ത തൊഴിൽത്തക്കങ്ങൾ മിക്കവയും ഗവൺമെണ്ട് വ്യവസായികത്തക്ക കോടതികളുടെ തീർപ്പിന് വയ്ക്കുകയാണ് ചെയ്യുന്നതു്. സംയോജനത്തിനു മുൻപു തിരുവനന്തപുരത്തു മാത്രമെ ഒരു വ്യവസായിക തക്കകോടതി ഉണ്ടായിരുന്നുള്ളു. എറണാകുളത്തുണ്ടായിരുന്ന കോടതി സംയോജനത്തിന് കുറച്ചു മുമ്പ് നിറുത്തിയിരുന്നു. സംയോജനത്തിനു ശേഷം ആലപ്പുഴയും എറണാകുളത്തും ഓരോ വ്യവസായിക കോടതികൾ വീതം സ്ഥാപിക്കുകയും തൻമൂലം വ്യവസായിക തക്കങ്ങൾ കൂടുതൽ വേഗത്തിൽ വിചാരണചെയ്യാൻ സാദ്ധ്യമാകുകയും ചെയ്തു.

**തൊഴിലാളിക്ഷേമം.**

തൊഴിലാളിക്ഷേമം കൈവരുത്തുവാനായി വേണ്ട എല്ലാ പരിശ്രമങ്ങളും ഗവൺമെണ്ടിൽനിന്നും ചെയ്യുന്നുണ്ട്. ലേബർ ഡിപ്പാർട്ടുമെണ്ടിൻെറ കീഴിലുള്ള വിപുലമായ ക്ഷേമാന്വേഷണ സംഘടനയുടെ പരിശ്രമങ്ങളുടെ ഫലമായി ഇപ്പോൾ വ്യവസായശാലകളിലും തോട്ടങ്ങളിലുമായി ൧൧൨ ലഘുഭക്ഷണശാലകളും ൧൭൨ വിശ്രമശാലകളും ൭൦ ശിശുസംരക്ഷണ ശാലകളും ൩൯ പരസ്പരസഹായസംഘങ്ങളും ൧൭ വായനശാലകളും സ്ഥാപിച്ചിട്ടുണ്ട്. മേല്പറഞ്ഞ

ഈ ശിശുസംരക്ഷണശാലകൾക്കു പുറമെ എല്ലാ കശുവണ്ടിഫാക്ടറികളിലും ശിശുസംരക്ഷണശാലകളുണ്ട്. തൊഴിലാളികൾക്കു കളിക്കുവാനുള്ള സൌകര്യങ്ങളും ഒർ വ്യവസായശാലകളിലോളം സജ്ജമാക്കിയിട്ടുണ്ട്. മേൽ ഉദ്ധരിച്ച ഇനങ്ങളിൽ ഏതാനും എണ്ണം സംയോജനത്തിനു ശേഷം ഉണ്ടായിട്ടുള്ളവയാണ്. ഗവമ്മെണ്ടു വകയായിതന്നെ രണ്ടു വെൽഫയർ കേന്ദ്രങ്ങൾ സംയോജനത്തിനു മുൻപുണ്ടായിരുന്നു. ഇവ ആലുവായിലും ചമ്പക്കുളത്തുമായിരുന്നു. സംയോജനത്തിനു ശേഷം ഒരു കേന്ദ്രം കൊല്ലത്തും ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ തൊഴിലാളിക്ഷേമത്തിനു പര്യാപ്തമായ നിശാപാഠശാലകൾ, കളികൾ മുതലായവ നടക്കുന്നുണ്ട്.

**വ്യവസായശാലകൾ പൂട്ടുന്ന കാര്യത്തിൽ ഗവമ്മെണ്ട് ഇടപെടുന്നു.**

വ്യവസായശാലകൾ പൂട്ടുന്ന കാര്യത്തിൽ പലപ്പോഴും ഗവമ്മെണ്ട് ഇടപെട്ടിട്ടുണ്ട്. അളഗപ്പാ ടെക്സ്റ്റയിൽസ്, സീതാറാം മിൽസ്, എ. ഡി. കാട്ടൺ മിൽ മുതലായവ പൂട്ടുന്ന കാര്യത്തിൽ ഗവമ്മെണ്ട് ഇടപെടുകയും തൊഴിലാളികൾക്കു ഹാനികരമായ ഭവിഷ്യത്തുകൾ ഇല്ലാതാക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികളും മുതലാളികളും തമ്മിൽ കഴിയുന്നത്ര യോജിപ്പ് ഉണ്ടാകുകയെന്നതാണ് ഗവമ്മെണ്ടിന്റെ ഉദ്ദേശം. ഈ ഉദ്ദേശം സഫലീകൃതമാക്കുവാനായി ഗവമ്മെണ്ടിന്റെ സകല കഴിവുകളും വിനിയോഗിക്കുന്നുമുണ്ട്.



എയർ കംപ്രസ്സർ

എയർ കംപ്രസ്സർ ഉപയോഗിച്ച് തൊഴിലാളികൾ ജോലി ചെയ്യുന്നു.

# പിന്നോക്കസമുദായങ്ങൾ

പിന്നോക്കസമുദായങ്ങളുടെ ഉന്നമനത്തിനായി മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കൂടുതൽ പുരോഗമനപരമായ ഒരു നയമാണ് സംയോജനത്തിനുശേഷം കൈക്കൊണ്ടിട്ടുള്ളത്. കഴിഞ്ഞ രണ്ടുവർഷങ്ങളിലും അഞ്ചിൽ ചില്വാനം ലക്ഷം ഉറുപ്പിക പിന്നോക്കസമുദായങ്ങളുടെ ഉദ്ധാരണത്തിനായി നീക്കിവച്ചിരുന്ന സ്ഥാനത്ത് ഇക്കൊല്ലം ൧൨ ലക്ഷം ഉറുപ്പികയാണ് ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളത്.

**കൂടുതൽ സംഖ്യ അനുവദിക്കുന്നു.**

പിന്നോക്കസമുദായങ്ങളുടെ ഉദ്ധാരണത്തെ സംബന്ധിച്ച ഗവമ്മെൻറിനെ ഉപദേശിക്കുവാനായി പ്രസ്തുത സമുദായത്തിലെ അംഗങ്ങളുള്ള ഒരു ഉപദേശക കമ്മററി സംയോജനത്തിനു ശേഷം ഗവമ്മെൻറ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിററിയുടെ നിർദ്ദേശമനുസരിച്ച് പിന്നോക്കസമുദായങ്ങളുടെ ഉദ്ധാരണത്തിനു പര്യാപ്തമായ ഒരു പദ്ധതി തയാറാക്കിയിട്ടുമുണ്ട്.

**ഉപദേശക കമ്മററി.**

ഭവനങ്ങളില്ലാത്ത നിരവധിപേർ പിന്നോക്കസമുദായങ്ങളിലുണ്ടെന്നുള്ള വസ്തുത പരിഗണിച്ച് അവക്കു ഭവനങ്ങൾ ഉണ്ടാക്കി കൊടുക്കുവാനുള്ള ഒരു പദ്ധതി ഗവമ്മെൻറ് അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ൧൨൫ വീടുകൾ തിരുവിതാംകൂർ പ്രദേശത്തു പണിയുവാനുള്ള അനുവാദം ൧൯൫൦ മാർച്ചിൽ ഗവമ്മെൻറ നൽകുകയും അതനുസരിച്ച് ൧൨൫ ഭവനങ്ങളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. കൊച്ചി പ്രദേശത്ത് ൩൦ വീടുകളുടെ പണിയും പുരോഗമിക്കുന്നുണ്ട്. കരിയാങ്കുഴി, സചിവോത്തമപുരം, വെങ്ങാന്നൂർ, പുത്തൻചിറ, എർന്നൂർ, വെളിയം മുതലായ സ്ഥലങ്ങളിലാണ് ഈ വീടുകൾ അനുവദിച്ചിട്ടുള്ളത്. ഇക്കൊല്ലം അഞ്ഞൂറു വീടുകൾ പണിയുവാനുള്ള ഒരു പദ്ധതിയും ആരംഭിക്കുന്നുണ്ട്. ഈ പദ്ധതിക്ക് ൧,൫൦,൦൦൦ ഉറുപ്പിക ചിലവു വരുന്നതായിരിക്കും.

**ഭവനനിർമ്മാണപദ്ധതി.**

മൂന്നു പുതിയ കോളനികൾ സ്ഥാപിക്കുവാനുള്ള ഏർപ്പാടുകളും ഇക്കൊല്ലം നടക്കുന്നുണ്ട്. കോളനികൾ സ്ഥാപിക്കുവാനുള്ള സ്ഥലം തീരുമാനിച്ചു കഴിഞ്ഞാൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതുമാണ്.

**പുതിയ കോളനികൾ.**

**പരസ്പരസഹായസംഘങ്ങൾ.**

പിന്നോക്കസമുദായങ്ങളുടെ ഇടയിൽ 'പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങളും ഗവൺമെന്റിൽനിന്നും ചെയ്യുന്നുണ്ട്.

**പിന്നോക്കസമുദായങ്ങൾ ഏവയെന്നു നിർണ്ണയിക്കുന്നു.**

ഗവൺമെന്റിൽനിന്നും പിന്നോക്കസമുദായങ്ങൾക്കു പല ആനുകൂല്യങ്ങളും നൽകുന്നുണ്ടെങ്കിലും പിന്നോക്കസമുദായങ്ങളിൽതന്നെ ഈ ആനുകൂല്യങ്ങൾ ഏററവും കൂടുതൽ ആവശ്യമുള്ളതും താരതമ്യേന എല്ലാ ആനുകൂല്യങ്ങളും മുഴുവൻ ആവശ്യമില്ലാത്തതുമായ വിഭാഗങ്ങളുമുണ്ട്. ഇതനുസരിച്ച് പിന്നോക്കസമുദായങ്ങളെ പട്ടികജാതിക്കാരെന്നും മലയന്മാരെന്നും പിന്നോക്കസമുദായങ്ങളെന്നുമായി തരംതിരിച്ചിട്ടുണ്ട്. ഇവയിൽ പട്ടികജാതിക്കാർക്കും മലയന്മാർക്കും എല്ലാ ആനുകൂല്യങ്ങളും പിന്നോക്കസമുദായങ്ങൾക്കു അപേക്ഷകരുടെ അർഹതയനുസരിച്ചു വിദ്യാഭ്യാസസൗജന്യങ്ങൾ മാത്രവും ലഭിക്കുന്നതായിരിക്കും. പിന്നോക്കസമുദായത്തിൽനിന്നും ക്രിസ്ത്യൻ സമുദായത്തിലേക്കു മതപരിവർത്തനം ചെയ്തിട്ടുള്ളവർക്ക് അടുത്ത പത്തു വർഷങ്ങൾക്കു താല്ക്കാലികമായി വിദ്യാഭ്യാസ സൗജന്യങ്ങൾ ലഭിക്കുന്നതായിരിക്കും. ഇതനുസരിച്ചു ചിലർക്ക് ആനുകൂല്യങ്ങൾ നൽകികഴിഞ്ഞിട്ടുമുണ്ട്.

**പിന്നോക്കസമുദായങ്ങളും ഉദ്യോഗങ്ങളും.**

പിന്നോക്കസമുദായങ്ങളിൽനിന്നും യോഗ്യതയുള്ളവരെ ഉയർന്ന ഉദ്യോഗങ്ങളിൽ നിയമിക്കുവാനും അതിനുവേണ്ട പരിശീലനം നൽകുവാനും ഡിപ്പാർട്ടുമെന്റിൽനിന്നും മലയന്മാരേയും പട്ടികജാതിക്കാരേയും ഒഴിവാക്കാനും നിശ്ചയിച്ചിട്ടുണ്ട്.

**വായനശാലകൾ, നിശാ പാഠശാലകൾ മുതലായവ.**

ഇപ്പോൾ ൩൨ വായനശാലകളും ൬൨ നിശാപാഠശാലകളും ൨൩ പയൽ സ്കൂളുകളും നിലവിലുണ്ട്. ഇവയുടെ എണ്ണം ൩൨ നിശാപാഠശാലകളും വായനശാലകളും ൬൦ പയൽ സ്കൂളുകളുമായി വർദ്ധിപ്പിക്കുവാനും മലയൻ സമുദായത്തിനുതന്നെ ഒരു വെൽഫയർ കേന്ദ്രം തുടങ്ങുവാനും പിന്നോക്കസമുദായാംഗങ്ങളെ ഹിന്ദി പഠിപ്പിക്കുവാനുമുള്ള പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവ താമസിയാതെ നടപ്പിൽ വരുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

# വിദ്യാഭ്യാസ പ്രശ്നങ്ങൾ

**പാഠ്യപദ്ധതികളുടെ ഏകീകരണം.**

സംയോജനത്തോടുകൂടി വിദ്യാഭ്യാസ സംബന്ധമായി പല മാററങ്ങളും വേണ്ടിവന്നു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും പാഠ്യ പദ്ധതികൾ ഏകീകരിക്കുകയാണ് ഇവയിൽ ഒന്നു. തിരുവിതാംകൂർ പ്രദേശത്തെ പ്രൈമറി ഡിപ്പാർട്ടുമെൻറിലെ ആദ്യത്തെ നാലു ക്ലാസുകളിലും കൊച്ചിയിലെ മൂന്നു ക്ലാസുകളിലും മിഡിൽ സ്കൂളിൽ മുഴുവനും ഹൈസ്കൂളിൽ ൪-ാം ഫാറത്തിലും ഈ ഏകീകരണം നടപ്പിലാക്കി കഴിഞ്ഞു. സംസ്ഥാനത്തു അടിസ്ഥാനവിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ പ്രാഥമികപടിയായി ചേർപ്പു് ഗ്രാമോദ്ധാരണ കേന്ദ്രത്തിൽ ഒരു അടിസ്ഥാനവിദ്യാഭ്യാസ പരിശീലന കേന്ദ്രം അദ്ധ്യാപകന്മാരുടെ ആവശ്യത്തിനായി ഗവർമ്മെണ്ടു അനുവദിച്ചിട്ടുണ്ടു്. ഇതുപോലെയുള്ള കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടവിഷയവും ഗവർമ്മെൻറ് ആലോചിക്കുന്നതാണ്.

**അടിസ്ഥാനവിദ്യാഭ്യാസകേന്ദ്രം.**

**വിദ്യാലയങ്ങളുടെ സ്ഥാനങ്ങളെപ്പററിയുള്ള അന്വേഷണം.**

ആവശ്യത്തിലധികം വിദ്യാലയങ്ങൾ ചില സ്ഥലത്തുണ്ടെന്നും അതേസമയം മററു ചില സ്ഥലങ്ങളിൽ ആവശ്യത്തിനുപോലും വിദ്യാലയങ്ങളില്ലെന്നുമുള്ള പരാതികളെ തുടർന്നു ഈ വിഷയത്തിൽ ശരിയായ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാനായി ഗവർമ്മെണ്ടിൽനിന്നും ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞിട്ടില്ല.

**തിരുവിതാംകൂർ സർവ്വകലാശാലയും കൊച്ചിയിലെ കോളേജുകളും.**

കൊച്ചിയിലെ രണ്ടു ഗവർമ്മെൻറ് കോളേജുകളും ൧൯൪൯-ൽ തന്നെ തിരുവിതാംകൂർ സർവകലാശാലയോടു് ചേർത്തു. തൃശ്ശിവപേരൂർ രാമവർമ്മ കോളേജും അടുത്തുതന്നെ ചേരുമെന്നു പ്രതീക്ഷിക്കാവുന്നതാണ്. സർവകലാശാലാനിയമം ഭേദഗതിചെയ്യേണ്ട കാര്യം ആലോചനയിലിരിക്കയാണ്.

**സംസ്കൃതകോളേജു പരിഷ്കരണങ്ങൾ.**

സംസ്കൃത വിദ്യാഭ്യാസ കമ്മററിയുടെ പ്രധാന ശുപാർശകൾ ഗവൺമെൻറ് സ്വീകരിച്ചു കഴിഞ്ഞു. സംസ്കൃത കോളേജു ഒരു പൂർണ്ണ ബിരുദ കോളേജായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കോളേജിൽ താഴെ പറയുന്ന കോഴ്സ് ഉണ്ടായിരിക്കുന്നതാണ്.

൧. ശാസ്ത്രികൾക്കുള്ള രണ്ടുവർഷത്തെ കോഴ്സ്.
൨. രണ്ടുവർഷത്തെ ഇൻറർമീഡിയററ് കോഴ്സ്.
൩. രണ്ടുവർഷത്തെ ഡിഗ്രി കോഴ്സ്.
൪. പോസ്റ്റ് മഹോപാദ്ധ്യായ ഡിഗ്രി കോഴ്സ്.

സർവ്വകലാശാലയിൽ ഒരു ആയുർവ്വേദ ഫാക്കൽട്ടി സ്ഥാപിക്കുവാൻ ഗവൺമെണ്ട് അനുവദിച്ചിട്ടുണ്ട്. ആയുർവ്വേദകോളേജ് ഈ ഫാക്കൽട്ടിയുടെ കീഴിലായിരിക്കും. ഫാക്കൽട്ടി സ്ഥാപിക്കുവാനും ആയുർവ്വേദ കോളേജ് സർവ്വകലാശാലയോടു ചേർക്കുവാനുള്ള നടപടികൾ സർവ്വകലാശാലയിൽനിന്നും എടുക്കുന്നുണ്ട്.

സംസ്കൃതവിദ്യാഭ്യാസത്തെ സംബന്ധിച്ചു തിരുവിതാംകൂർ ഗവൺമെണ്ട് ഒരു പദ്ധതി സംയോജനത്തിനുമുമ്പ് സ്വീകരിച്ചിരുന്നു. ആയതു കൊച്ചി പ്രദേശത്തും നടപ്പിൽ വരുത്തേണ്ട സംഗതി ഗവൺമെണ്ടിൻെറ ആലോചനയിൽ ഇരിക്കയാണ്. ഏറെത്താമസിയാതെ ഇതു നടപ്പിൽ വരുത്താമെന്നാണ് പ്രതീക്ഷ.

**സ്ത്രീകളുടെ കോളേജുപരിഷ്കരണം.**

൧൧൨൦—൨൧-ൽ തുടങ്ങി സ്ത്രീകളുടെ കോളേജ് ഒരു ഒന്നാം ഗ്രേഡ് കോളേജായി ഉയർത്തി.

**പുതിയ കോളേജുകൾ.**

പാലായിലും പന്തളത്തും ഓരോ കോളേജ് ൧൧൨൦—൨൧-ൽ ആരംഭിക്കുവാൻ ഗവൺമെണ്ട് അനുവാദം നൽകിയിട്ടുണ്ട്. നാഗർകോവിലിലെ സ്കോട്ട് ക്രിസ്ത്യൻ കോളേജ് ൧൧൨൦—൨൧ സ്കൂൾ വർഷം മുതൽ ഒന്നാംഗ്രേഡ് കോളേജാക്കുവാൻ ആലോചനയുണ്ട്. ൧൧൨൧—൨൨ സ്കൂൾ വർഷത്തിൽ കൊല്ലത്തു ഒരു കോളേജ് തുടങ്ങുവാൻ കൊല്ലം മെത്രാനു അനുവാദം നൽകിയിട്ടുമുണ്ട്.

**സർവ്വകലാശാലാ കമ്മീഷൻ റിപ്പോർട്ട്.**

അഖിലഭാരത സർവ്വകലാശാലാ കമ്മീഷൻെറ റിപ്പോർട്ടു ഫാക്കൽട്ടികളുടെ പരിശോധനയിൽ ഇരിക്കുകയാണ്.

**പ്രൈവററ് വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം.**

തിരുവിതാംകൂർ പ്രദേശത്തെ എല്ലാ ഗ്രാൻറ്-ഇൻ-എയിഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെയും ശമ്പളത്തിൽ ൧൫ ഉറുപ്പികയും ക്ഷാമബത്തയിൽ ൧൦ ഉറുപ്പികയും വീതം ൧൯൪൯ ആഗസ്റ്റ് ൧൭-ാംനു മുതൽ ഗവമ്മെണ്ട് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്. തിരുവിതാംകൂർ പ്രദേശത്തെ പ്രൈമറി അദ്ധ്യാപകന്മാരുടെ ശമ്പളം സാമാന്യമായി വർദ്ധിപ്പിക്കുന്ന സംഗതിയും ഗവമ്മെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കയാണ്. കൊച്ചി പ്രദേശത്തെ സെക്കണ്ടറി അദ്ധ്യാപകന്മാരുടെ ശമ്പളവും വിദ്യാഭ്യാസവകുപ്പിന്റെ വിശദസംയോജനം പൂർത്തിയാകുമ്പോൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതുമാണ്.

**പുതിയ വിദ്യാലയങ്ങൾ.**

ഗവമ്മെണ്ടുവകയായി ൧൭ പുതിയ പ്രൈമറി സ്കൂളുകളും ൩ മിഡിൽ സ്കൂളുകളും ൧൪ ഹൈസ്കൂളുകളും ൨ സംസ്കൃത സ്കൂളുകളും ൧൯൫൦—൫൧-ൽ അനുവദിച്ചിട്ടുണ്ട്. ഇവക്കുപുറമെ പ്രൈവററ് ഏജൻസികളുടെയായി ൪൯ പ്രൈമറിസ്കൂളുകളും ൩൨ മിഡിൽ സ്കൂളുകളും ൭ സംസ്കൃത വിദ്യാലയങ്ങളും അനുവദിച്ചിട്ടുണ്ട്.

**ട്രെയിനിംഗ് സ്കൂളുകൾ.**

ട്രെയിനിംഗ് സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനായി ൭ പുതിയ ട്രെയിനിംഗ് കോളേജുകൾ ആരംഭിക്കുകയും ചെയ്തു.

**പാഠ്യപുസ്തകങ്ങൾ.**

സംസ്ഥാനത്തെ വിദ്യാലയങ്ങളിലേക്ക് ആവശ്യമായ പാഠ്യപുസ്തകങ്ങൾ ഗവമ്മെണ്ടിൽ നിന്നും നേരിട്ടു പ്രസിദ്ധപ്പെടുത്തി വിതരണം ചെയ്യാൻ ഗവമ്മെണ്ടു തീരുമാനിക്കുകയും അതിനായി ഒരു പദ്ധതി ഗവമ്മെണ്ടു തയാറാക്കുകയും ചെയ്യുന്നുണ്ട്. അടുത്ത സ്കൂൾവർഷാരംഭത്തിനു മുമ്പായി സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമുള്ള എല്ലാ പുസ്തകങ്ങളും ഗവമ്മെണ്ടിൽനിന്നും പ്രസിദ്ധം ചെയ്യണമെന്നാണുദ്ദേശം.

**അദ്ധ്യാപകന്മാരുടെ നിയമനവും സ്ഥലം മാററവും.**

സ്കൂൾ വർഷാരംഭത്തിനു ശേഷം അദ്ധ്യാപകന്മാരുടെ സ്ഥലമാററംകൊണ്ടു അദ്ധ്യയനകാര്യത്തിൽ വിഷമങ്ങൾ നേരിടുന്നതു സ്വാഭാവികമാണ്. അദ്ധ്യാപകന്മാരുടെ സ്ഥലം മാററം സ്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ നടത്തേണ്ടതാണെന്നും സ്കൂൾ വർഷം ആരംഭിച്ചാൽ സ്ഥലമാററങ്ങൾ പാടില്ലെന്നും സ്കൂൾ വർഷാരംഭത്തിൽ ഒരു മാസത്തിനകം പെൻഷ്യൻ പററേണ്ട അദ്ധ്യാപകന്മാരെ സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ പെൻഷ്യൻകൊടുത്തു പിരിക്കുവാനും ഗവമ്മെണ്ട് നിർദ്ദേശിച്ചിട്ടുണ്ട്.



ചിററൂർ കോളേജിന്റെ ശിലാസ്ഥാപനകർമ്മം തിരുവിതാംകൂർ-കൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നത്.

**വർഗ്ഗീയ വിദ്യാലയങ്ങൾ.**

നിർബന്ധ വിദ്യാഭ്യാസം നിലവിലുള്ള പ്രദേശങ്ങളിൽ വർഗ്ഗീയ വിദ്യാലയങ്ങൾ (denominational schools) പ്രോത്സാഹിപ്പിക്കയില്ലെന്നുള്ള നയം ഗവണ്മെണ്ടു സ്വീകരിക്കുകയും അതനുസരിച്ചു പ്രാഥമികവിദ്യാഭ്യാസ ആക്ട് ഭേദഗതി ചെയ്യാൻ ഗവണ്മെൻറു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**ഹിന്ദി നിർബ്ബന്ധ വിഷയമാകുന്നു.**

ആറാം ക്ലാസ്സുതുടങ്ങിയ എല്ലാ ക്ലാസ്സുകളിലും ഹിന്ദി നിർബന്ധ വിഷയമാക്കി. ഈ നയം നടപ്പിലാക്കുവാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തു.

# വ്യവസായങ്ങൾ

**ഫാക്ടറികളിൽ നിർമ്മാണം ആരംഭിക്കുന്നു.**

വ്യവസായങ്ങൾ പോഷിപ്പിച്ചു രാജ്യത്തിനു അഭിവൃദ്ധി കൈവരുത്തുക എന്നതു് ഗവമ്മെൻറിൻെറ അംഗീകൃതനയമാണു്. ഈ നയമനുസരിച്ചു വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ടത്ര പ്രോൽത്സാഹം ഗവമ്മെൻറ് എന്നും നൽകിയിട്ടുമുണ്ടു്. സംയോജനത്തിനു മുൻപു് റജിസ്റ്റർ ചെയ്തിട്ടുള്ള പല ഫാക്ടറികളിലും ഇപ്പോൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ടു്. ഇങ്ങനെ ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള ഫാക്ടറികളിൽ പ്രധാനമായവയാണു് കോട്ടയത്തെ തിരുവിതാംകൂർ സിമൻറ് ഫാക്ടറി, പെരുമ്പാവൂരിലെ തിരുവിതാംകൂർ റെയൺസ് ഫാക്ടറി, കുണ്ടറയിലെ അലൂമിനിയം ഇൻഡസ്ട്രീസ്, തിരുവിതാംകൂർ ഇനാമൽ ഇൻഡസ്ട്രീസ്, ഇലക്ട്രിക്കൽ ആൻറ് അലൈയഡ് ഇൻഡസ്ട്രീസ്, കൊച്ചിൻ മാലിയബിൾസ് എന്നീ ഫാക്ടറികൾ. ഇവയിൽ തിരുവിതാംകൂർ സിമൻസിൽ ൧൫ ലക്ഷം ഉറുപ്പികയുടെയും, തിരുവിതാംകൂർ റെയൺസിൽ ൯൦ ലക്ഷം ഉറുപ്പികയുടെയും, കുണ്ടറ അലൂമിനിയം ഇൻഡസ്ട്രീസിൽ ൨ ലക്ഷം ഉറുപ്പികയുടെയും, ഇനാമൽ ഇൻഡസ്ട്രീസിൽ ൨൦,൦൦൦ ഉറുപ്പികയുടെയും ഓഹരികൾ ഗവമ്മെൻറിൽനിന്നും എടുത്തിട്ടുണ്ടു്.

**ഗവമ്മെണ്ട് നേരിട്ടു നടത്തുന്ന ഫാക്ടറികൾ.**

ഗവമ്മെൻറിൽനിന്നും നേരിട്ട് എടുത്തു നടത്തുന്നതായ രണ്ടു കമ്പനികളാണു് തിരുവിതാംകൂർ റബ്ബർ ഫാക്ടറിയും തിരുവിതാംകൂർ മിനറൽസും. ഈ വ്യവസായങ്ങൾക്കു ഭാസുരമായ ഭാവിയുണ്ടെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്. ഇവയിൽ തിരുവിതാംകൂർ റബ്ബർ ഫാക്ടറി സംയോജനത്തിനുശേഷമാണു് ഗവമ്മെണ്ടു് ഏറെറടുത്തതു്.


ഇപ്പോൾ നിർമ്മാണമാരംഭിച്ചിട്ടുള്ള കമ്പനികൾക്കു പുറമെ സംയോജനത്തിനു മുൻപു് ആരംഭിച്ചിട്ടുള്ള ആലുവായിലെ ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ്, ഇന്ത്യൻ അലൂമിനിയം കമ്പനി, ഒഗേൽ ഗ്ലാസ്സ് ഫാക്ടറി തുടങ്ങിയുള്ള പ്രധാനങ്ങളായ പല വ്യവസായങ്ങളിലും ഗവമ്മെൻറിനു ഓഹരികളുണ്ടെന്നും അവയുടെ അഭിവൃദ്ധിക്കു വേണ്ടത്ര പ്രോൽസാഹനങ്ങൾ ഗവമ്മെൻറ നൽകിയിട്ടുണ്ടെന്നുമുള്ള വസ്തുതയും ഇവിടെ പ്രസ്താവ്യമാണു്.


**ആലുവായിൽ പുതിയ മോണസൈററു് ഫാക്ടറി.**

പുതുതായി ആരംഭിക്കുവാൻ പോകുന്ന വ്യവസായങ്ങളിൽ ഏററവും പ്രധാനമായ ഒന്നാണു് ആലുവായിലെ മോണസൈററു് ഫാക്ടറി. ഈ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുമ്പോൾ തിരുവിതാംകൂർ പ്രദേശത്തെ മോണസൈററു് മണൽ നിർമ്മാണാവശ്യങ്ങൾക്കു് ഉപയോഗിക്കുവാൻ കഴിയുന്നതാണു്. ഈ ഫാക്ടറിക്കുള്ള യന്ത്രങ്ങൾ വാങ്ങുവാനായി ൧൦ ലക്ഷം ഉറുപ്പിക ആലുവായിലെ ഫെർട്ടിലൈസേഴ്സു് ആൻറു് കെമിക്കൽസിനു് കടം



സംയോജനത്തിനുശേഷം ഗവമ്മെൻറ് ഏറ്റെടുത്ത തിരുവനന്തപുരം റബ്ബർഫാക്ടറിയിൽ ജോലി നടക്കുന്നതു്.





തിരുവനന്തപുരം ആർട്ടസ് സ്കൂളിൽ ഉണ്ടാക്കുന്ന ചില സാധനങ്ങൾ

കൊടുക്കുവാൻ ഗവമ്മെൻറ് തീരുമാനിച്ചിട്ടുണ്ട്. മോണസൈററ് ഫാക്ടറിയോടനുബന്ധിച്ചു ഒരു കോസ്റ്റിക്ക് സോഡാ പ്ലാൻറും ആരംഭിക്കുവാൻ ആലോചനയുണ്ട്.

**മോട്ടോർ ഫാക്ടറി.**

കാറിൻെറ ഭാഗങ്ങൾ വരുത്തി അസംബ്ലീ ചെയ്തു കാറുകൾ ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ടറിയും ഇവിടെ ആരംഭിക്കുവാൻ വേണ്ട പ്രോത്സാഹനം നൽകുവാനും ഗവമ്മെൻറ ഉദ്ദേശിക്കുന്നുണ്ട്. ഈ ഫാക്ടറിയിൽ വലുതും ചെറുതുമായ കാറുകൾ ഉണ്ടാക്കുന്നതിനുപുറമെ, ഡീസിൽ ട്രക്കുകൾ, കോച്ചുകൾ, ട്രാക്ടറുകൾ, കൃഷിക്കാവശ്യമുള്ള സാമഗ്രികൾ മുതലായവയും ഉണ്ടാക്കുന്നതായിരിക്കും.

**ഉണ്ടനൂൽ ഫാക്ടറി.**

ഉണ്ടനൂൽ നിമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറിയും പ്രോത്സാഹിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയിലെങ്ങും ഉണ്ടനൂൽ ഉണ്ടാക്കുന്ന വലിയ ഫാക്ടറികൾ ഇല്ല. ഈ ഫാക്ടറി ആരംഭിക്കുന്നതായാൽ ഇന്ത്യയിൽ പല സ്ഥലങ്ങളിലും ഉണ്ടനൂൽ നൽകുവാൻ കഴിയുന്നതാണ്.

**ഇലക്ട്രിക്ക് മീററർ ഫാക്ടറി.**

പൂവ്വപ്രദേശത്തെങ്ങും ഇലക്ട്രിക്ക മീററുകൾ ഉണ്ടാക്കുന്ന ഫാക്ടറികൾ ഇല്ല. അതുകൊണ്ട് ഇലക്ട്രിക്ക മീററർ ഉണ്ടാക്കുന്ന ഒരു ഫാക്ടറി ഇവിടെ ആരംഭിക്കുന്നപക്ഷം അതിനു വേണ്ടത്ര സാദ്ധ്യതകളുണ്ടായിരിക്കുമെന്നു തീർച്ചയാണ്. ഈ വസ്തുതകൾ പരിഗണിച്ചു ഇലക്ട്രിക്ക മീററർ ഉണ്ടാക്കുന്നതിനു ഒരു ഫാക്ടറിയും ഇവിടെ ആരംഭിക്കുന്നതിലേക്ക് ൩ ലക്ഷം ഉറുപ്പിക കടം കൊടുക്കുവാൻ ഗവമ്മെൻറ് തീരുമാനിക്കയും ചെയ്തിട്ടുണ്ട്.

**ടയർ ഫാക്ടറി.**

റബ്ബർ ധാരാളം ഉണ്ടാക്കുന്ന ഇവിടെ ഒരു ടയർ ഫാക്ടറി സ്ഥാപിക്കുന്നതായാൽ വിജയപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്. ഈ ഫാക്ടറി മോട്ടോർകാർ ഫാക്ടറിയുടെ വികസനത്തിനും സഹായമായിരിക്കും. അതുകൊണ്ട് ഒരു ടയർ ഫാക്ടറിയും ഉടനെ ആരംഭിക്കുന്നതിനു വേണ്ട സഹായവും നൽകുവാൻ ഗവമ്മെണ്ട് തീരുമാനിച്ചിട്ടുണ്ട്.

**തുണി വ്യവസായം.**

സംസ്ഥാനത്തു തുണിവ്യവസായം പ്രോത്സാഹിപ്പിക്കുവാനായി ബാലരാമവമ്മ ടെക്സ്റ്റയിൽസിൽനിന്നും ൧ ലക്ഷം ഉറുപ്പികയുടെ ഓഹരി എടുക്കുവാനും ഗവമ്മെണ്ട് സമ്മതിച്ചിട്ടുണ്ട്. അളകപ്പാ ടെക്സ്റ്റയിൽസിനു് ൨൦ ലക്ഷം ഉറുപ്പിക ഗവമ്മെണ്ട് കടം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

മേല്പറഞ്ഞ വ്യവസായങ്ങളുടെ പ്രവത്തനം പൂത്തിയാകുമ്പോൾ ൧൦,൦൦൦ മുതൽ ൩൦,൦൦൦ തൊഴിലാളികൾക്കു ജോലികിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

**വ്യവസായ വിപുലീകരണ കമ്മററികഠം.**

വ്യവസായവിപുലീകരണത്തിന ഒരു പദ്ധതി തയാറാക്കവാനായി ൯ അംഗങ്ങഠം അടങ്ങിയ ഒരു കമ്മററി ഗവമ്മെണ്ടിൽനിന്നും നിയമിച്ചിട്ടുണ്ട്. ഈ കമ്മററി ഇന്ത്യാ ഗവമ്മെണ്ടിൽനിന്നും നിയമിച്ചിട്ടുള്ള പ്ലാനിംഗ് കമ്മീഷനോട് യോജിച്ചു പ്രവത്തിക്കേണ്ടതുമാണ്. കുടിൽ വ്യവസായങ്ങളെപ്പററിയും ചച്ചചെയ്യ് ഇപ്പോഠം ഉള്ളവയുടെ പ്രവത്തനം കാര്യക്ഷമമാക്കവാനും കൂടുതൽ വ്യവസായങ്ങഠം ആരംഭിക്കുന്നതിനുമുള്ള ഒരു പദ്ധതി തയ്യാറാക്കവാനായി മറെറാരു കമ്മററിയും ഗവമ്മെണ്ട് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മററിയും ഇന്ത്യാ ഗവമ്മെണ്ടിൽനിന്നും നിയമിച്ചിട്ടുള്ള റീജണൽ കുടിൽവ്യവസായ കമ്മററിയോട് യോജിച്ചു പ്രവത്തിക്കേണ്ടതാണ്.

**പരസ്പരസഹായസംഘങ്ങഠം വഴി വ്യവസായങ്ങഠം പോഷിപ്പിക്കുന്നു.**


യുദ്ധാവസാനത്തോടുകൂടി പല കുടിൽവ്യവസായങ്ങഠംക്കും വികസിക്കുന്നതിന സാധിക്കാതെയായിത്തീൻ. കയർവ്യവസായവും കൈത്തറിനെയ്ത്തുവ്യവസായവുമാണ് ഇവയിൽ പ്രധാനമായവ. ഈ വ്യവസായങ്ങളിൽ നിന്നുണ്ടാകുന്ന സാധനങ്ങഠം കയററി അയക്കുന്നതിൽ പല വിഷമങ്ങളുമുണ്ടായിരുന്നു. എന്നാൽ കേന്ദ്രഗവമ്മെണ്ടിന്റെ സഹായത്തോടുകൂടി ഈ വിഷമങ്ങഠംക്ക ഗണ്യമായ പരിഹാരമുണ്ടായിട്ടുണ്ട്. പല നിബന്ധനകളും പിൻവലിക്കുകയും ചിലതു് ഭേദഗതി ചെയ്യുകയും ഉണ്ടായി. കയർ വ്യവസായത്തിന കൂടുതൽ പ്രോത്സാഹനം നൽകുവാനായി ഗവമ്മെണ്ട് ഒരു ലക്ഷം ഉറുപ്പിക ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. കയർവ്യവസായം സഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നതു്. ഇതിനായി ഒരു സ്പെഷ്യൽ ആപ്പീസറേയും നിയമിച്ചിട്ടുണ്ട്. ഏതാനും സഹകരണസംഘങ്ങഠം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു. പത്തുലക്ഷം ഉറുപ്പിക വിലക്കുള്ള കൈത്തറിവസ്ത്രം വില്ക്കുവാൻ കേന്ദ്രഗവമ്മെണ്ടുവഴി ആലോചനകഠം നടക്കുന്നുണ്ട്. കുടിൽ വ്യവസായങ്ങഠം സഹകരണസംഘങ്ങഠംവഴി പ്രോത്സാഹിപ്പിക്കുവാനായി രണ്ടു ലക്ഷം ഉറുപ്പികയും ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്.

**നിലവിലുള്ള വ്യവസായങ്ങളുടെ സാമ്പത്തികസ്ഥിതി ശക്തിപ്പെടുത്തുന്നു.**

പുതിയ വ്യവസായങ്ങഠം ആരംഭിക്കുന്നതോടൊപ്പം തന്നെ ഇപ്പോഠം നിലവിലുള്ള വ്യവസായങ്ങളുടെ സാമ്പത്തികസ്ഥിതി ബലപ്പെടുത്തുവാനും ഗവമ്മെൻറ് ശ്രമിക്കുന്നുണ്ട്. ഗവമ്മെണ്ടിന ഓഹരികളുള്ള ഫാക്ടറികളുടെ മാനേജിംഗ് ബോർഡുകളിൽ ഗവമ്മെണ്ടിന്റെ പ്രതിനിധി ഒരംഗമാണ്. ബോർഡുയോഗങ്ങളിൽ ഗവമ്മെൻറ് പ്രതിനിധി സംബന്ധിക്കുകയും ഫാക്ടറികളുടെ നടത്തിപ്പുകാര്യങ്ങളെപ്പററിയുള്ള ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു വരുന്നുണ്ട്. മാത്രമല്ല, ഗവമ്മെ

ണ്ടിന് ഓഹരിയുള്ള ഫാക്ടറികളുടെ കണക്കുകൾ, പരിശോധിക്കുവാൻ ഒരു പ്രത്യേക ആഫീസറേയും ആഡിററ് സ്റ്റാഫിനേയും ജനകീയ ഗവൺമെണ്ട് ആരംഭിച്ചപ്പോൾ നിയമിച്ചിട്ടുണ്ട്. അവർ ഈ ഫാക്ടറികളുടെ സാമ്പത്തിക സ്ഥിതിയെപ്പററിയും ഗവൺമെൻറ് എടുക്കേണ്ട നടപടികളെപ്പററിയും യഥാകാലം ഗവൺമെണ്ടിലേക്കു റിപ്പോർട്ടു ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എതാനും ഫാക്ടറികളുടെ കണക്കുകൾ പരിശോധിച്ചു കഴിയുകയും ഒരു ഫാക്ടറിയുടെ കാര്യത്തിൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ ആഡിററ സംപ്രദായം കൂടുതൽ കാര്യക്ഷമമാക്കി കൊല്ലത്തിൽ ഒരിക്കലെങ്കിലും ഓരോഫാക്ടറിയുടേയും കണക്കുകൾ പരിശോധിക്കുവാനുള്ള നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്. ഗവൺമെൻറു മുഖാന്തിരം പണം കടമായി ആവശ്യം വരുന്ന കമ്പനികൾക്കു ഓരോന്നിൻെറ അർഹതയും ഗവൺമെണ്ടിൻെറ കഴിവുമനുസരിച്ചു വേണ്ട സഹായങ്ങൾ പ്രത്യേക വ്യവസ്ഥകളിൽ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പരിശ്രമങ്ങളുടെ ഫലമായി പല വ്യവസായങ്ങളുടെയും സാമ്പത്തിക സ്ഥിതി തൃപ്തികരമാക്കുവാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്.

---



ബഹു. മന്ത്രി ജയറാംദാസ് ദൌലത്ത്റാം കാലടിയ്ക്കു സമീപമുള്ള കൃഷി സ്ഥലം പരിശോധിക്കുന്നതു്.

# നിയമനിർമ്മാണം

സംയോജനത്തിനു ശേഷം ഇന്നുവരെ ൩൦ ഓർഡിനൻസുകളും നിയമസഭമൂലം ൩൫ നിയമങ്ങളും പാസ്സായിട്ടുണ്ടു്. ഇതിൽനിന്നു സംയോജനത്തെ തുടർന്നു ഉത്ഭവിച്ചിട്ടുള്ള പ്രശ്നങ്ങളെസംബന്ധിക്കുന്ന നിയമനിർമ്മാണം എത്രവേഗത്തിൽ നടന്നിട്ടുണ്ടെന്നു വ്യക്തമാണു്. നിയമസഭ മുഖാന്തിരം പാസ്സാക്കിയ നിയമങ്ങളിൽ പ്രാധാന്യമർഹിക്കുന്നവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**സാമൂഹ്യാവശതാ പരിഹാര ആക്ട്.**

മതപരമല്ലാത്ത ഏതെങ്കിലും പൊതു സർവ്വീസ്സ്ഥാപനത്തിൽ ജാതിയുടേയോ മതത്തിന്റേയോ അടിസ്ഥാനത്തിൽ ആർക്കെങ്കിലും പ്രവേശനംനിഷേധിക്കുകയോ, ആരോടെങ്കിലും പ്രത്യേക വിധത്തിൽ വർത്തിക്കുകയോചെയ്യുന്നതു് തടയുകയാണു് ഈ നിയമംകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. ലഘുഭക്ഷണശാലകൾ, പൊതുതാമസ സ്ഥലങ്ങൾ, ഹോട്ടലുകൾ മുതലായവയിൽ ഏതെങ്കിലും പ്രത്യേകജാതിക്കാർക്കു് പ്രവേശനം നല്കാതിരിക്കുക, ചിലർക്കു പ്രത്യേകസ്ഥലം നല്കുക മുതലായ അനാശാസ്യനടപടികൾ ഈ നിയമംകൊണ്ടു് കുറ്റകരമാക്കുകയും ചെയ്തിട്ടുണ്ടു്. ഇന്ത്യയുടെ ഭരണഘടനയനുസരിച്ചു ഒരു പൌരനുള്ള അവകാശങ്ങളെ പരിരക്ഷിക്കുകയാണു് ഈ നിയമംകൊണ്ടു് സാധിച്ചിട്ടുള്ളതു്.

**പൌരാവശതാ പരിഹാരആക്ട്.**

മതപരിവർത്തനംകൊണ്ടു് ചില സമുദായങ്ങളിലെ അംഗങ്ങൾക്കു അവരുടെ കുടുംബസ്വത്തിലുള്ള അവകാശം നഷ്ടപ്പെടുന്ന സമ്പ്രദായം ഈ നിയമം നിർമ്മാർജ്ജനം ചെയ്യുന്നു. ഒരു ഹൈന്ദവമരുമക്കത്തായതറവാടിലേയോ, മക്കത്തായ കുടുംബത്തിലേയോ അംഗം മതപരിവർത്തനം ചെയ്യുന്നപക്ഷം ആ കുടുംബത്തിൽനിന്നും അയാൾക്കുള്ള സർവ്വഅവകാശങ്ങളും വാങ്ങി പിരിയുവാൻ ഈ നിയമം അനുവദിക്കുന്നു. മതപരിവർത്തനംകൊണ്ടു് യാതൊരു വ്യക്തിക്കും തന്റെ ന്യായമായ അവകാശങ്ങൾ നഷ്ടപ്പെടരുതെന്നുള്ള മൌലികതത്വത്തെയാണു് ഈ നിയമം അംഗീകരിക്കുന്നതു്.

**തൊഴിലാളി പ്രശ്നങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ.**

തൊഴിലാളിപ്രശ്നങ്ങളെ സംബന്ധിക്കുന്ന രണ്ടു പ്രധാന നിയമങ്ങൾ പാസ്സാക്കിയിട്ടുള്ളതിൽ ഒന്നു വ്യവസായികത്തർക്കങ്ങൾ ആക്ടും (Industrial Disputes Act) ഷാപ്പുകളും സ്ഥാപനങ്ങളും ആക്ടും (Shops and Establishment Act) ആണു്. ഇവയിൽ വ്യാവസായികത്തർക്കങ്ങൾ ആക്ടുകൊണ്ടു് വ്യാവസായികത്തർക്കങ്ങൾ തീർക്കുവാനും വ്യവസായശാലകളിൽ വർക്സ് കമ്മററികൾ സ്ഥാപി

ക്കുവാനും ഏതെങ്കിലും ഒത്തുതീർപ്പോ അവാർഡോ അനുസരിച്ചു തൊഴിലാളിക്കു കിട്ടേണ്ട പണം റവന്യൂ റിക്കവറി ആക്ട്പ്രകാരം ഗവമ്മെന്റിനു പിരിച്ചെടുത്തു തൊഴിലാളിക്കു കൊടുക്കുവാനും മററുമുള്ള വ്യവസ്ഥകളടങ്ങിയിട്ടുണ്ട്. റബ്ബർ, തേയില മുതലായ തോട്ടം തൊഴിലാളികൾക്കും ഈ നിയമത്തിന്റെ ആനുകൂല്യം സിദ്ധിക്കുന്നതാണ്. ഷാപ്പുകളും സ്ഥാപനങ്ങളും ആക്ട്കൊണ്ടു ഷാപ്പുകളിലും മററും ജോലിചെയ്യുന്ന തൊഴിലാളികളുടെ ജോലിസമയത്തെയും മററും സംബന്ധിച്ചുള്ള വ്യവസ്ഥകളും ചെയ്തിട്ടുണ്ട്. ഈ രണ്ടു നിയമങ്ങളുടെയും വിശദവിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

ഹിന്ദുമതസ്ഥാപനങ്ങൾ ആക്ട്.

തിരുവിതാംകൂറിലെയും കൊച്ചിയിലെയും ദേവസ്വങ്ങളെ സംബന്ധിക്കുന്ന ഒന്നാണ് ഇത്. തിരുവിതാംകൂറിലെയും കൊച്ചിയിലെയും ദേവസ്വങ്ങളുടെ ഭരണം നടത്തുന്നതിനുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനെയും ദേവസ്വം ഫണ്ടിന്റെ ഭരണത്തെയും പററിയുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ അടങ്ങിയിട്ടുണ്ട്. ദേവസ്വം ഭരണം രാഷ്ട്രീയകാര്യങ്ങളിൽനിന്നും വിമുക്തമായിരിക്കുന്ന നിയമസഭയിലെ അംഗങ്ങൾ ബോർഡിൽ അംഗങ്ങളായിക്കൂടെന്നുള്ള വ്യവസ്ഥയും ദേവസ്വം ഫണ്ടിൽനിന്നും ഹിന്ദുസമുദായത്തിന്റെ വിദ്യാഭ്യാസപരവും, സംസ്കാരപരവും, സാമുദായികവും, സാമ്പത്തികവുമായ ഉന്നമനത്തിനു പണം വ്യയംചെയ്യാൻ അനുവദിക്കുന്ന വ്യവസ്ഥയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പഞ്ചായത്തു് ആക്ട്.

പഞ്ചായത്ത് ആക്ട്പ്രകാരം തിരുവിതാംകൂറിലെയും കൊച്ചിയിലെയും പഞ്ചായത്തുകൾ ഏകീകരിപ്പിക്കയാണ് ചെയ്യുന്നത്. പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ പ്രായപൂർത്തിവോട്ടവകാശവും പഞ്ചായത്തുകൾക്കു നികുതി ചുമത്തുവാനുള്ള അവകാശമുൾപ്പെടെയുള്ള പല അധികാരങ്ങളും ഈ നിയമപ്രകാരം നൽകപ്പെട്ടിട്ടുണ്ട്.

കൊച്ചി ക്ഷേത്രപ്രവേശന ഭേദഗതി നിയമം.

കൊച്ചിയിലെ ക്ഷേത്രപ്രവേശനനിയമത്തിൽ "ക്ഷേത്രം" എന്ന പദത്തിന്റെ നിർവ്വചനപ്രകാരം ഏതാനും ക്ഷേത്രങ്ങളിൽ അവർണ്ണഹിന്ദുക്കൾക്ക് പ്രവേശനം ലഭിച്ചിരുന്നില്ല. അതുപോലെതന്നെ തൃപ്പൂണിത്തുറയിലെ ശ്രീപൂർണ്ണത്രയീശക്ഷേത്രം ഈ നിയമത്തിൽനിന്നും ഒഴിവാക്കിനിറുത്തിയിരിക്കയുമായിരുന്നു. മേൽപ്പറഞ്ഞ ഭേദഗതിനിയമംകൊണ്ട് "ക്ഷേത്ര"ത്തിന്റെ നിർവ്വചനത്തിൽ എല്ലാ ക്ഷേത്രങ്ങളും ഉൾപ്പെടത്തക്കവണ്ണം വിപുലമാക്കുകയും ശ്രീപൂർണ്ണത്രയീശക്ഷേത്രത്തിൽ അവർണ്ണഹിന്ദു

ൾക്ക പ്രവേശനം അനുവദിക്കുകയും ചെയ്തു. തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിന് ചുററുമുള്ള എല്ലാറോഡുകളും പൊതുജനങ്ങൾക്ക തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

**ഭൂമിഒഴിപ്പിക്കൽ നിരോധനം.**

ഭൂമിയെ സംബന്ധിച്ചുള്ള നിയമം പാസ്സാക്കുന്നതുവരെ വസ്തു ഒഴിപ്പിക്കുവാനുള്ള വിധികൾ നടത്തിക്കൂടെന്നു സംയോജനത്തിനു മുമ്പ് കൊച്ചിയിൽ ഒരു നിയമമുണ്ടായിരുന്നു. ഈ നിയമത്തിന്റെ ആവശ്യം മേലാലുണ്ടാകുന്ന ഭൂനിയമത്തിന്റെ ആനുകൂല്യങ്ങൾ എവക്കും സിദ്ധിക്കണമെന്നതാണ്. സംയോജനത്തിനു ശേഷം തിരുവിതാംകൂർ പ്രദേശത്തും ഇതു് ആദ്യം ഒരു ഓർഡിനൻസുമൂലം നടപ്പിലാക്കുകയും പിന്നീട് നിയമസഭയിൽ നിയമം പാസാക്കുകയും ചെയ്തു.

**അഴിമതിനിരോധനനിയമം.**

സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കൈക്കൂലി മുതലായ അഴിമതികൾ തടയുന്നതിനായി ഒരു ഓർഡിനൻസു സംയോജനത്തിനു ശേഷം നടപ്പിൽ വരുത്തിയിരുന്നു. ഈ ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞപ്പോൾ അതിന്റെ സ്ഥാനത്തു ഒരു നിയമം പാസാക്കി നടപ്പിൽ വരുത്തുകയും ചെയ്തു. കൈക്കൂലി മുതലായ കുററങ്ങൾ ശിക്ഷാനിയമത്തിന്റെ പരിധിയിൽ വരുന്നതിനുപുറമെ ഈ നിയമപ്രകാരവും കുററകരമാക്കിയിട്ടുണ്ട്. ഈ കുററത്തിന്റെ വിചാരണക്കായി ഒരു പ്രത്യേക നടപടിക്രമവും നിശ്ചയിച്ചിട്ടുണ്ട്. അഴിമതികുററത്തെ സംബന്ധിച്ചുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഈ നിയമം സഹായിക്കുന്നതുമാണ്.

**കാർഷികാദായനികുതി ആക്ട്.**

ആദായനികുതി ഇപ്പോൾ കേന്ദ്രഗവമ്മെണ്ട് ഏറെറടുത്തിരിക്കുന്നതുകൊണ്ട് കാർഷികാദായനികുതി പിരിക്കുവാൻ ഒരു പ്രത്യേക നിയമം ആവശ്യമായി തീൎന്നു. ഇതിനായി കാർഷികാദായനികുതിനിയമം പാസ്സാക്കി.

**കോർട്ടുഫീസ്സ് ആക്ട്.**

൧൧൨൫-ലെ ഒന്നും രണ്ടും ആക്ടുകൾകൊണ്ടു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും കോർട്ടുഫീസ്സ് നിയമങ്ങൾ ഏകീകരിക്കപ്പെട്ടു. അതുപോലെതന്നെ അന്യായ സലനിൎണ്ണയിക്കുന്നതിനും തിരുവിതാംകൂറിനും കൊച്ചിക്കും ഏകനിയമം പാസ്സാക്കുകയും ചെയ്തു.

**വില്പനനികുതി ആക്ട്.**

വില്പനനികുതിയെ സംബന്ധിച്ച് ഇരു സംസ്ഥാനങ്ങളിലും സംയോജനത്തിനു മുമ്പുണ്ടായിരുന്ന നിയമം ഏകീകരിക്കുന്നതിനാണ് ഈ നിയമം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

**മദ്യനിരോധന ആക്ട്.**

തിരുവിതാംകൂറിലും കൊച്ചിയിലും സംയോജനത്തിനു മുമ്പുണ്ടായിരുന്ന മദ്യനിരോധനനിയമങ്ങൾ ഏകീകരിപ്പിക്കുകയാണ് ൧൯൫൦-ലെ ൧൩-ാം ആക്ടായ മദ്യനിരോധന ആക്ടുകൊണ്ട് സാധിച്ചിട്ടുള്ളത്.

**൧൯൫൦-ലെ വാഹനങ്ങൾ ആക്ട്.**

ഈ നിയമവും വാഹനങ്ങളെ സംബന്ധിച്ച് തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടായിരുന്ന നിയമങ്ങളെ ഏകീകരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

**പൊതുജനരക്ഷാ നടപടി നിയമം.**

പൊതുജനരക്ഷാ നിയമങ്ങളുടെ സംയോജനത്തെ തുടർന്നു ക്രിമിനൽ നിയമഭേദഗതി ആക്ടും പ്രസ്സ് അടിയന്തിരാധികാര ആക്ടും മററു പൊതുജനരക്ഷാനിയമങ്ങളും കൂടി ചേർത്തിട്ടുള്ളതാണ് പൊതുജനരക്ഷാ നടപടി നിയമം.

**ഓർഡിനൻസുകൾ.**

സംയോജനത്തിനുശേഷം പാസ്സാക്കിയിട്ടുള്ള ഓർഡിനൻസുകളിൽ പ്രധാനമായിട്ടുള്ളവ സംയോജനത്തിനുമുമ്പ് ഇരുസംസ്ഥാനങ്ങളിലുമുണ്ടായിരുന്ന നിയമങ്ങൾക്കു പ്രാബല്യം നൽകുക, ഹൈക്കോർട്ട്, നിയമസഭ, പബ്ളിക്ക് സർവ്വീസ്സ് കമ്മീഷൻ, ദേവസ്വം ബോർഡ്, റവന്യൂ ബോർഡ് മുതലായവയുടെ സ്ഥാപനം അനുവദിക്കുക, അഴിമതി നിരോധിക്കുക, തൊഴിൽത്തർക്കങ്ങളെ സംബന്ധിച്ച് തിരുവിതാംകൂറിലെയും കൊച്ചിയിലെയും നിയമം ഏകീകരിക്കുക, എന്നിവയെപ്പററിയാണ്. ഇവയിൽ മിക്കവയും ഇപ്പോൾ നിയമസഭമുഖേന പാസ്സായിട്ടുള്ള നിയമങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്.

സംയോജനത്തിനുശേഷം പാസ്സായിട്ടുള്ള നിയമങ്ങളിൽ പ്രാധാന്യമർഹിക്കുന്നവയുടെ ഒരു സംക്ഷിപ്തവിവരമാണ് മേൽപറഞ്ഞ ഭാഗങ്ങളിൽ ചേർത്തിട്ടുള്ളത്. ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഓർഡിനൻസുകളും ആക്ടുകളുമായി ൩൯ നിയമങ്ങളോളം ഇതുവരെ പാസ്സായിട്ടുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

# സാമ്പത്തിക നില

**കേന്ദ്രഗവമ്മെണ്ടുമായുള്ള സാമ്പത്തിക സംയോജനം.**

തിരുവിതാംകൂർ—കൊച്ചി സംയോജനം കഴിഞ്ഞു് ഏറെ താമസിയാതെ കേന്ദ്രഗവമ്മെൻറും ഈ സംസ്ഥാനവുമായുള്ള സാമ്പത്തികസംയോജനവും ആവശ്യമായി തീൎന്നു. കേന്ദ്രഗവമ്മെൻറും നാട്ടുരാജ്യങ്ങളുമായുള്ള ബന്ധം പ്രവിശ്യകളോടു് തുല്യനിലയിലായിരിക്കണമെന്നുള്ള കേന്ദ്രഗവമ്മെൻറിൻെറ നയത്തെത്തുടൎന്നു കേന്ദ്രഗവമ്മെൻറും നാട്ടുരാജ്യങ്ങളുമായി സാമ്പത്തിക സംയോജനം വരുത്തേണ്ടവിധത്തെപ്പററി അന്വേഷണം നടത്തിയ കൃഷ്ണമാചാരിക്കമ്മിററിയുടെ നിൎദ്ദേശങ്ങളുടെ സാമാന്യ അടിസ്ഥാനത്തിലുമാണു് ഈ സംയോജനം ആവശ്യമായിതീൎന്നതും നടന്നതും. അതായതു്, പ്രവിശ്യകളിൽ ഏതാനും വകുപ്പുകൾ കേന്ദ്രഗവമ്മെൻറു് നേരിട്ടാണു് ഭരിക്കുന്നതു്. അവയിൽനിന്നുള്ള ആദായവും അവയ്ക്കുള്ള ചിലവും കേന്ദ്രഗവമ്മെൻറാണു് എടുക്കുന്നതും വഹിക്കുന്നതും. ആദായമില്ലാത്തതാണെങ്കിലും ഫെഡറൽ വിഷയങ്ങളെ സംബന്ധിക്കുന്ന വകുപ്പുകളും കേന്ദ്രഗവമ്മെൻറാണു ഭരിക്കുന്നതു്. പക്ഷെ കേന്ദ്രഗവമ്മെൻറിനു ലഭിക്കുന്ന ആദായത്തിൽ ഒരു ഓഹരി പ്രവിശ്യാഗവമ്മെൻറിനു ലഭിക്കുന്നതുമായിരിക്കും. ഈ സമ്പ്രദായം നാട്ടുരാജ്യങ്ങളിലും വരുത്തണമെന്നുള്ളതാണു് സാമ്പത്തികസംയോജനത്തിൻെറ ഉദ്ദേശം.

൧൯൫൦ ഏപ്രിൽ ൧-ാംനു കേന്ദ്രഗവമ്മെൻറുമായുള്ള സാമ്പത്തികസംയോജനം നടപ്പിൽവന്നു. തൽഫലമായി കടൽചുങ്കം, ആദായനികുതി (കാഷികാദായകനികുതി ഒഴികെ) കേന്ദ്രഎക്സൈസ്, ടെലിഫോൺ, എന്നീഇനങ്ങളിൽനിന്നുള്ള ആദായം കേന്ദ്രഗവമ്മെൻറിൻേറതാവുകയും ചെയ്തു. മേൽപറഞ്ഞ ഇനങ്ങൾ ഉൾപ്പെടുന്ന വകുപ്പുകൾക്കുപുറമെ, അക്കൌണ്ട്സ്, പ്രക്ഷേപണം, നാണയനിൎമ്മാണം, തുടങ്ങിയ ഏതാനും വകുപ്പുകളുടെ ഭരണവും കേന്ദ്രഗവമ്മെൻറു് ഏറെറടുത്തു. ഇവയുടെ ഭരണച്ചിലവു കേന്ദ്രഗവമ്മെൻറാണു് വഹിക്കുന്നതു്. എന്നാൽ അഞ്ചൽ വകുപ്പിൻെറ ഭരണം കേന്ദ്രഗവമ്മെൻറിനു വിട്ടുകൊടുക്കുന്നതിനുപകരം കേന്ദ്രഗവമ്മെൻറിൻെറ ഏജൻറു് എന്നനിലയിൽ ഇവിടത്തെ ഗവമ്മെൻറുതന്നെ നടത്തുന്നതായിരിക്കും. ഇതുകൊണ്ടു ഇവിടത്തെ അഞ്ചലാപ്പീസുകളുടെ എണ്ണം കുറയാതെയും അഞ്ചൽ റേററ കൂടാതെയുംകഴിഞ്ഞു. മേൽപറഞ്ഞ വരുമാനങ്ങൾ കേന്ദ്രഗവമ്മെൻറിനു വിട്ടുകൊടുക്കുമ്പോൾ ഈ സംസ്ഥാനത്തിനുണ്ടാകാവുന്ന നഷ്ടം ഒന്നിച്ചു സഹിക്കുവാൻ ഗവമ്മെൻറിനു സ്വാഭാവി

കമായി സാദ്ധ്യമല്ല. ഈ വസ്തുതയെ പരിഗണിച്ചു കേന്ദ്രഗവമ്മെൻറിനു വിട്ടുകൊടുത്ത വരുമാനവും കേന്ദ്രവകുപ്പിൽനിന്നു ചില വകുപ്പുകളുടെ ഭരണം നടത്തുന്നതുകൊണ്ടു് ഇവിടത്തെ ഗവമ്മെൻറിനു കുറയുന്ന ചിലവും തമ്മിലുള്ള വ്യത്യാസം മുഴവനും ആദ്യത്തെ അഞ്ചു വഷത്തേക്കും പിന്നത്തെ അഞ്ചു വഷത്തേക്കും ക്രമേണ കുറഞ്ഞുവരുന്ന തോതിലും കേന്ദ്രഗവമ്മെൻറിൽനിന്നും ഇവിടത്തെ ഗവമ്മെൻറിനു തരുവാൻ കേന്ദ്രഗവമ്മെൻറു് സമ്മതിച്ചിട്ടുണ്ടു്. ആദായനികുതിയിൽനിന്നും പ്രവിശ്യകൾക്കു ലഭിക്കുന്ന തോതിലുള്ള ഓഹരിയും ഇവിടത്തെ ഗവമ്മെൻറിനു ലഭിക്കുന്നതായിരിക്കും. പക്ഷെ മേൽപറഞ്ഞ പത്തുകൊല്ലത്തേക്കു് അതു കേന്ദ്രഗവമ്മെൻറു നൽകുന്ന മുൻപറഞ്ഞ സഹായത്തിൽ വക കഴിക്കുന്നതാണു്. സംയോജനത്തിനുമുൻപു് ഭക്ഷ്യവിഷയത്തിൽ അന്യരാജ്യങ്ങളിൽനിന്നും വരുത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ വിലക്കൂടുതൽമൂലം നഷ്ടം വരുന്ന സംഖ്യയുടെ ൫൦ ശതമാനംമാത്രമെ കേന്ദ്രഗവമ്മെൻറിൽനിന്നും ലഭിച്ചിരുന്നുള്ളു. പക്ഷെ, പ്രവിശ്യാ ഗവമ്മെൻറുകൾക്കു് ൭൫ ശതമാനംവീതം കേന്ദ്രഗവമ്മെൻറു് കൊടുത്തിരുന്നു. സാമ്പത്തികസംയോജനത്തിന്റെ ഫലമായി ഈ ൭൫ ശതമാനംതന്നെ ഇവിടത്തെ ഗവമ്മെൻറിനു ലഭിക്കുന്നതായിരിക്കും.

സാമ്പത്തികസംയോജനത്തോടുകൂടി തിരുവിതാംകൂർ നാണയനിർമ്മാണം ഇല്ലാതായി. എന്നാൽ ഇപ്പോൾ പുറത്തുള്ള തിരുവിതാംകൂർ നാണയങ്ങൾ ൧൯൫൦ സെപ്റ്റംബർ ൩൦-ാംനു-വരെ സാധുവായിരിക്കും. അതിനുശേഷം ട്രഷറികളിൽമാത്രമെ ഇവ എടുക്കുകയുള്ളു. ഈ നാണയങ്ങൾ കേന്ദ്രഗവമ്മെൻറു എടുത്തു പകരം ഇന്ത്യൻ നാണയങ്ങൾ നൽകും. തിരുവിതാംകൂർ നാണയം നിറുത്തുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം മുഴവനും കേന്ദ്രഗവമ്മെൻറിൽനിന്നും ഇവിടത്തെ ഗവമ്മെൻറിനു നൽകുന്നതായിരിക്കും.

ഇന്ത്യൻഭരണഘടന ൩൦൧-ാം വകുപ്പുപ്രകാരം അഭ്യന്തര നികുതികൾ പാടില്ല. ഇതനുസരിച്ചു തിരുവിതാംകൂർ—കൊച്ചിസംസ്ഥാന അതൃത്തിയിൽ പിരിച്ചിരുന്ന എക്സൈസ്സ് ഡ്യൂട്ടി ൧൯൪൯ സെപ്റ്റംബർ ൧൭—ാംനു നിറുത്തേണ്ടതായിവന്നു. തന്മൂലം ഗവമ്മെൻറിനു സഹിക്കേണ്ടിവന്നിട്ടുള്ള നഷ്ടം പരിഹരിക്കപ്പെടണമെന്നു കേന്ദ്രഗവമ്മെൻറിനോടു് എഴുത്തുകുത്തുകൾ നടത്തിയതിന്റെ ഫലമായി ഇക്കൊല്ലം ഗവമ്മെൻറിനു വന്നിട്ടുള്ള നഷ്ടം ഇവിടത്തെ ആദായക്കുറവിന്റെ തോതിൽവകവെക്കാമെന്നു കേന്ദ്രഗവമ്മെൻറു സമ്മതിച്ചിട്ടുണ്ടു്. ഇതു താൽക്കാലികമാണു്. ഇനിയും ഗവമ്മെൻറു് ഈ വിഷയത്തിൽ എഴുത്തുകുത്തുകൾ നടത്തുന്നതാണു്.

സാമ്പത്തിക സംയോജനത്തെ തുടന്നു കേന്ദ്രഗവമ്മെൻറും സ്റ്റേറ്റുഗവമ്മെൻറും ഭരിക്കുന്ന വിഷയങ്ങളോടുചേന്ന കടധനങ്ങളും വീതിക്കുന്നതായിരിക്കും.

മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ വെളിച്ചത്തിൽ ഇവിടത്തെ ഗവമ്മെൻറിൻെറ വരുമാനത്തിൽ പ്രതിവർഷം ൩൭൬ ലക്ഷം ഉറുപ്പിക കുറയുന്നതാണ്. എന്നാൽ കേന്ദ്രഗവമ്മെൻറിൽ നിന്നും ഏറെറടുത്തിട്ടുള്ള വകുപ്പുകളുടെ ഭരണ ചിലവുവകയിൽ ൯൩ ലക്ഷം ഉറുപ്പിക ഇവിടത്തെ ഗവമ്മെൻറ് വഹിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ട് പ്രസ്തുത സംഖ്യ മേൽപ്പറഞ്ഞ ൩൭൬ ലക്ഷം ഉറുപ്പികയിൽ നിന്നും കുറക്കേണ്ടിയിരിക്കുന്നു. ഇതുകഴിച്ചു ബാക്കിയുള്ള സംഖ്യ ആദ്യത്തെ അഞ്ചു വർഷത്തേക്കു മുഴുവനായും പിന്നത്തെ അഞ്ചുവർഷത്തേക്കു കൊല്ലംതോറും കുറഞ്ഞുവരുന്ന തോതിലും കേന്ദ്രഗവമ്മെൻറിൽ നിന്നും ലഭിക്കുന്നതായിരിക്കും. പത്തു വർഷം കഴിയുമ്പോൾ ഈ ഇനത്തിലേക്കു യാതൊരു സംഖ്യയും കേന്ദ്രഗവമ്മെണ്ടിൽ നിന്നും ലഭിക്കാതാവുകയും ചെയ്യുമെങ്കിലും അപ്പോൾ കേന്ദ്രഗവമ്മെണ്ടിനു ലഭിക്കുന്ന ആദായനികുതിയിൽ ഒരു വീതം ഇവിടേക്കു ലഭിക്കുകയും ചെയ്യും. ൧൯൬൦—൬൧ ലേക്കു ൧൪ കോടി ഉറുപ്പികയാണ് ഇവിടത്തെ ഗവമ്മെണ്ടിൻെറ വരുമാനമായി ഉദ്ദേശിച്ചിരിക്കുന്നതു്. ൧൪·൩൯ കോടി ഉറുപ്പിക ചിലവു വരുന്നതുമായിരിക്കും. ഇക്കൊല്ലത്തെ ആദായത്തിൽ കസ്റ്റംസ് ഇനത്തിലും റയിൽവേ ഇനത്തിലും സ്പെഷൽ ക്രഡിററായി ലഭിക്കുന്ന ൯൩ ലക്ഷം ഉറുപ്പിക അടുത്ത വർഷം മുതൽ ലഭിക്കുന്നതല്ല. ഇന്നത്തെ തോതിലുള്ള വരുമാനവും ചിലവും അനുസരിച്ചു ൧൯൬൧—൬൨ മുതൽ ഏകദേശം ൧൨൦ ലക്ഷം ഉറുപ്പികയുടെ കമ്മി നികത്തേണ്ടതായി വരുന്നതാണ്. കൂടുതൽ വരുമാനങ്ങൾക്കുള്ള മാറ്റങ്ങൾ സ്വീകരിച്ചും ഭരണവിഷയത്തിൽ വ്യയന്യൂനീകരണം വരുത്തിയും കേന്ദ്രഗവമ്മെണ്ടിൽ നിന്നും കൂടുതൽ സംഖ്യ ആവശ്യപ്പെട്ടും ഈ കമ്മി നികത്തുവാൻ സാധിക്കുമെന്നാണ് ഗവമ്മെണ്ട് പ്രതീക്ഷിക്കുന്നതു്. ഈ മാറ്റങ്ങളിൽ വ്യയന്യൂനീകരണത്തിനുള്ള നടപടികൾ ഊർജ്ജിതമായി ഇപ്പോൾ തന്നെ ആരംഭിച്ചിട്ടുണ്ട്. ഈ നടപടികളുടെ സംക്ഷിപ്തവിവരമാണ് താഴെ ചേർക്കുന്നതു്.

**വകുപ്പുകളുടെ സംയോജനവും വ്യയന്യൂനീകരണവും.**

സംയോജനത്തെ തുടർന്നു ഗവമ്മെണ്ട് ഊർജ്ജിതമായ വ്യയന്യൂനീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവയിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു് വകുപ്പുകളുടെ സംയോജനത്തോടുകൂടി ഉദ്യോഗസ്ഥന്മാരുടെ സംഖ്യ കുറക്കുകയെന്നുള്ളതാണ്. ഇന്നുവരെ വകുപ്പുകളുടെ സംയോജനകാര്യത്തിൽ ഗവമ്മെൻറ് പാസ്സാക്കിയിട്ടുള്ള കൽപ്പനകളിൽ നിന്നും ഇതു വിശദമാകുന്നതാണ്.

**ലേബർ വകുപ്പ്**

സംയോജനത്തെ തുടന്ന് കൊച്ചിയിലെ ലേബർ കമ്മീഷണർ, ഇൻഡസ്ട്രിയൽ ഹൈജീൻ ഓഫീസർ, തിരുവിതാംകൂറിലെയും കൊച്ചിയിലെയും ലേബർ കമ്മീഷണർ ഓഫീസുകളിലെ രണ്ടു മാനേജർമാരിൽ ഒന്ന്, തിരുവനന്തപുരം ബോയിൽ ഇൻസ്പെക്ടർ, തൃശ്ശൂർ ഫാക്ടറീസ് ആൻഡ് ബോയിലർ ഇൻസ്പെക്ടർ, ഒരു ബോയിലർ ഡ്രാഫ്ട്സ്മാൻ, ഒരു ബോയിലർ മെക്കാനിക്ക്, അഞ്ചു ക്ലാക്കന്മാർ, രണ്ടു ടൈപ്പിസ്റ്റുകൾ, എന്നിവരുടെ തസ്തികകൾ നിറുത്തലാക്കുവാൻ ഗവമെണ്ട് ഉത്തരവ് പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ചു കൊല്ലത്തിൽ ൩൫,൦൦൦ ഉറപ്പികയുടെ വ്യയന്യൂനീകരണം ഈ വകുപ്പിലുണ്ടാകുന്നതാണ്.

**പിന്നോക്ക സമുദായോന്നമന വകുപ്പ്.**

പിന്നോക്കസമുദായോന്നമന വകുപ്പിന്റെ സംയോജനത്തെ സംബന്ധിച്ചു ഗവമെണ്ട പാസ്സാക്കിയിട്ടുള്ള ഉത്തരവു പ്രകാരം പ്രോപ്പഗൻഡാ ആഫീസർ, ഓർഗനൈസിംഗ് സൂപ്പർവൈസർ, വെൽഫയർ ഓഫീസർ ക്ലാക്കുമാർ എന്നിവരുടെ തസ്തികകളും നിറുത്തലാക്കുന്നതും അതുവഴി ൮൮,൦൦൦ ഉറപ്പിക കൊല്ലത്തിൽ ചിലവു കുറവുവരുന്നതുമായിരിക്കും.

**ഫിഷറീസ് വകുപ്പ്.**

ഫിഷറീസ് വകുപ്പ് സംയോജിപ്പിക്കുന്നതിനെ സംബന്ധിച്ചും ഗവമെണ്ട ഉത്തരവ് പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള ഒരു സൂപ്രിൻറൻറിനെയും മൂന്നു ക്ലാക്ക് അക്കൌണ്ടൻറുകളേയും ഒരു ടൈപ്പിസ്റ്റിന്റെയും ൪ ഇൻസ്പെക്ടർമാരുടേയും രണ്ടു പെററി ആഫീസർമാരുടേയും തസ്തികകൾ നിറുത്തുന്നതാണ്. തൻമൂലം കൊല്ലത്തിൽ ൮൪,൧൪൬ ഉറപ്പികയുടെ ചിലവ് കുറയുന്നതായിരിക്കും.

**കാഴ്ചബംഗ്ലാവ്, ശ്രീചിത്രാലയം, ഗവമെണ്ട് ഗാർഡൻസ് മുതലായവ.**

സംയോജനത്തിനു മുമ്പ്, തിരുവിതാംകൂറിലെ കാഴ്ചബംഗ്ലാവുകളും മൃഗശാലകളും ഗവമ്മേണ്ട് തോട്ടങ്ങളും രണ്ട് ഉദ്യോഗസ്ഥന്മാരുടെ കീഴിലായിരുന്നു. തൃശ്ശൂരിലെ കാഴ്ചബംഗ്ലാവും മൃഗശാലയും ദിവാൻപേഷ്കാരുടെ കീഴിലുമായിരുന്നു. സംയോജനത്തിനുശേഷം തിരുവിതാംകൂറിലെയും കൊച്ചിയിലെയും മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ രണ്ടു ഉദ്യോഗസ്ഥന്മാരുടെ കീഴിലാക്കി. ഈ സ്ഥാപനങ്ങളിലെ ഏതാനും തസ്തികകൾ കുറക്കുകയും ചെയ്തു. ഇതിൽനിന്നും രണ്ടായിരം ഉറപ്പിക ഈ വകുപ്പിന്റെ ഭരണച്ചിലവിൽ കുറവു കിട്ടുകയും ചെയ്യും.

**പൊതുജനാരോഗ്യ വകുപ്പ്.**

പൊതുജനാരോഗ്യവകുപ്പിന്റെ സംയോജനത്തെ സംബന്ധിച്ചുള്ള തീരുമാനവുമായികഴിഞ്ഞു. ഇതനുസരിച്ചു ഒരു മലേറിയ ഓഫീസരുടെയും രണ്ടു അസിസ്റ്റന്റ് ഡയറക്ടർമാരുടേയും അവരുടെ സ്റ്റാഫിന്റേയും തസ്തികകൾ നിറുത്തലാക്കുകയും ചെയ്തു. തൻമൂലം ൭൦,൦൦൦ക. കൊല്ലത്തിൽ ആദായമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

**ആയുർവ്വേദവകുപ്പ്.**

ഈ വകുപ്പിന്റെ സംയോജന ഫലമായി ൪,൫൦൦ ഉറുപ്പിക കൊല്ലത്താൽ ചിലവു കുറവായിട്ടുണ്ട്.

**പഞ്ചായത്തുവകുപ്പ്.**

തിരുവിതാംകൂറിലെയും കൊച്ചിയിലെയും പഞ്ചായത്തു വകുപ്പുകളെ സംബന്ധിച്ചുള്ള പുനഃസംഘടനയെ സംബന്ധിച്ചുള്ള ഉത്തരവുകൾ പാസായികഴിഞ്ഞു. ഇതുപ്രകാരം ൩൩,൦൩൦ ഉറുപ്പികയുടെ വ്യയന്യൂനീകരണമുണ്ടാകുന്നതാണ്.

**ഇലക്ട്രിസിറ്റി വകുപ്പ്.**

സംയോജനത്തിനു മുൻപ് കൊച്ചിയിലെ ഇലക്ട്രിക്കൽ ഡിവിഷൻ പൊതു മരാമത്തു വകുപ്പിന്റെ കീഴിലായിരുന്നതു ഇപ്പോൾ വേർതിരിച്ചു തിരുവിതാംകൂർ-കൊച്ചിയിലെ ഇലക്ട്രിസിറ്റി വകുപ്പിനോടു് കൂട്ടിച്ചേർത്തു. കൊച്ചിയിലെ ഹൈഡ്രോ ഇലക്ട്രിക്ക് വകുപ്പിന്റെ ചീഫ് എഞ്ചിനിയരെ സംസ്ഥാനത്തെ മുഴവനും ഹൈഡ്രോ ഇലക്ട്രിക്ക് വകുപ്പിന്റെ മേലധികാരിയാക്കി. പെരിങ്ങൽകുത്ത് പദ്ധതിയിൽ മൂന്നു എക്സിക്യൂട്ടീവ് എഞ്ചിനീയറന്മാരുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ഒന്നുമാത്രമെയുള്ളു. സെങ്കളം ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ തസ്തിക വീണ്ടും ആരംഭിച്ചു. പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിയിലെ സ്റ്റാഫിന്റെയും തൃശ്ശിവപേരൂർ ഇലക്ട്രിക്കൽ ഡിവിഷന്റെയും പുനഃസംഘടനയുടെ ഫലമായി ൭൩,൦൦൦ ഉറുപ്പിക കൊല്ലം തോറും ലാഭമുണ്ടായിട്ടുണ്ട്. മററു ഡിവിഷനുകളിലെയും സ്റ്റാഫ് പുനഃസംഘടനയെപ്പററിയുള്ള ആലോചന നിലവിലിരിക്കുകയാണ്.

**പൊതുമരാമത്തു വകുപ്പ്.**

തിരുവിതാംകൂറിലെയും കൊച്ചിയിലെയും മരാമത്തു വകുപ്പുകളുടെ സംയോജനത്തെ തുടൎന്നു കൊച്ചിയിലെ ചീഫ് എഞ്ചിനീയരുടെയും, കൊച്ചിയിലെ മെക്കാനിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെയും കൊച്ചിൻ ചീഫ് എഞ്ചിനീയർ ആഫീസിലെ മാനേജരുടെയും തസ്തികകൾ നിറുത്തുകയും കൊച്ചിയിലെ മെക്കാനിക്കൽ അസിസ്റ്റന്റ് എഞ്ചിനീയരെ മാററുകയും ചെയ്തു. കൊച്ചിയിലെ പൊതുമരാമത്തു വകുപ്പിൽനിന്നും ഇലക്ട്രിക്കൽ വകുപ്പു

വേർതിരിക്കുകയും ചെയ്തു. ഇവയുടെ ഫലമായി ൨,൨൦,൦൦൦ ഉറുപ്പിക പ്രതിവർഷം ചിലവു് കുറവുവന്നിട്ടുണ്ടു്.

**എക്സൈസ് വകുപ്പ്.**

സംയോജനത്തിനു ശേഷം ഇരുസംസ്ഥാനങ്ങളിലെയും എക്സൈസ് വകുപ്പുകൾ ഒന്നിച്ചു ചേർത്തു റവന്യൂ ബോർഡിന്റെ കീഴിലാക്കി. ഒൻപതു എക്സൈസ് ഡിവിഷൻ ഉണ്ടായിരുന്നതു് ൪ ആയി കുറച്ചു. റേഞ്ചുകൾ പണ്ടത്തെപ്പോലെ ൮൨ തന്നെയുണ്ടു്. ഇവ ൨൪ സർക്കിളുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. സ്പെഷൽ റിസർവ്വ് അതൃത്തി പെട്രോൾ പാർട്ടി, പുകയില ശേഖര സ്ഥലങ്ങളിലെ സ്റ്റാഫ് എന്നിവ നിറുത്തുവാൻ ഉത്തരവുണ്ടായി. ഇതു് ൧൯൬൦ സെപ്റ്റംബറിൽ നടപ്പിൽ വരും. നാഗർകോവിലിലേയും ദേവികുളത്തെയും എക്സൈസ് ഡിവിഷനുകൾ ഇപ്പോൾ തന്നെ നിറുത്തലാക്കുകയും ചെയ്തു. സെൻട്രൽ എക്സൈസ്, സാൾട്ട് എന്നീ വിഭാഗങ്ങൾ കേന്ദ്രഗവമ്മെൻറ് ഏറെറടുക്കുകയും ചെയ്തു.

**ഇൻഫർമേഷൻ വകുപ്പ്.**

ഈ ഡിപ്പാർട്ട്മെൻറിന്റെ പുനഃസംഘടനയുടെ വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ടു്. ഇൻഫർമേഷൻ ഡിപ്പാർട്ടുമെണ്ടു നിറുത്തലാക്കി പബ്ലിക്ക് റിലേഷൻസ് വകുപ്പായി പുനഃസംഘടിപ്പിച്ചു. ഈ പുനഃസംഘടനയുടെ ഫലമായി ൨൩,൩൯൨ ഉറുപ്പിക ചിലവു കുറവു വരുമെന്നാണു് ഗവമ്മെൻറ് പ്രതീക്ഷിക്കുന്നതു്.

**പോലീസ് വകുപ്പ്.**

ഈ വകുപ്പിൽ ൩൦ ക്ലാർക്കുമാരെയും ൪ ടൈപ്പിസ്റ്റുമാരെയും കുറവു ചെയ്തു. ഈ ഇനത്തിൽ ൨൩,൦൦൦ ഉറുപ്പിക ആദായമുണ്ടെങ്കിലും ഫീൽഡ് സ്റ്റാഫിന്റെ പുനഃസംഘടനയുടെ ഫലമായി കൂടുതൽ ചിലവു വന്നിട്ടുണ്ടു്.

**രജിസ്ട്രേഷൻ വകുപ്പ്.**

രജിസ്ട്രേഷൻ വകുപ്പിന്റെ സംയോജനംകൊണ്ടു് ൨൮ സബ് രജിസ്റ്റർ ആഫീസുകൾ ഒന്നിച്ചു ചേർത്തും ഇവയുടെ അധികാരാതിർത്തികൾ മാററിയും ഒൻപതെണ്ണമായി കുറച്ചിട്ടുണ്ടു്. വേറെയും ചില നിർദ്ദേശങ്ങൾ ഗവമ്മെൻറിന്റെ പര്യാലോചനയിലിരിക്കുന്നുണ്ടു്. ഇവ നടപ്പിൽ വരുമ്പോൾ ൮൧,൯൭൭ ഉറുപ്പികയുടെ വ്യയന്യൂനീകരണം സാധിക്കുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്.

വകുപ്പുകളുടെ വിശദ സംയോജനത്തെക്കുറിച്ചു് മേൽപ്പറഞ്ഞ ഉത്തരവുകളിൽ ഇപ്പോൾ നടപ്പിലാക്കിയതു കഴിച്ചു ബാക്കിയുള്ളവ സർവ്വീസ് സീനിയോറിററി നിശ്ചയിച്ചു കഴിഞ്ഞാൽ ഉടനെ നടപ്പിൽ വരുന്നതാണു്. ഇക്കാര്യം ഗവമ്മെൻറിൻറെ അടിയന്തിര ശ്രദ്ധയിൽ പെട്ടിട്ടുള്ളതും താമസിയാതെ ഇതിനെ സംബന്ധിച്ചുള്ള തീരുമാനമുണ്ടാകുന്നതുമാണു്. സംയോജനത്തിൻറെ വിശദാംശങ്ങൾ തിരുമാനിച്ചു കഴിയാത്ത ചുരുക്കം ചില വകുപ്പുകൾ മാത്രം ഇനി ബാക്കിയുണ്ടു്. ഇവയെപ്പററിയുള്ള ഉത്തരവുകളും എത്രയും വേഗത്തിൽ പാസാകുമെന്നു പ്രതീക്ഷിക്കാവുന്നതുമാണു്.

**മററു് വ്യയന്യൂനീകരണ നടപടികൾ.**

സംയോജനം കഴിഞ്ഞു ഉടനെതന്നെ ഗവമ്മെണ്ടിൻറെ ഭരണ ചിലവു് കുറക്കുവാനുള്ള നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കി. ഗവമ്മെണ്ടുദ്യോഗസ്ഥന്മാക്കു് സംയോജനത്തിനു് മുൻപു് നൽകിവന്നിരുന്ന അലവൻസുകളെ നിയന്ത്രിച്ചുകൊണ്ടു് ചില നിശ്ചിത വ്യവസ്ഥകളുണ്ടാക്കി. ഇവയുടെ ഫലമായി ക്ഷാമബത്ത, ടൗൺ അലവൻസു് മുതലായ സാമാന്യ അലവൻസുകളൊഴികെ പ്രത്യേക അടിസ്ഥാനത്തിൽ നൽകിവന്നിരുന്ന അലവൻസുകൾ സാമാന്യമായി നിറുത്തലാക്കി. സഞ്ചാര ബത്ത, കണ്ടിൻജൻസീസു് മുതലായവയിൽ ൧൨½ ശതമാനം വീതം കുറവു് ചെയ്തു. വീട്ടുവാടകക്കുവേണ്ടി നൽകിയിരുന്ന അലവൻസു് മിക്ക പ്രദേശങ്ങളിലും കുറക്കുകയും ചില വ്യവസ്ഥകളിന്മേൽ മാത്രമെ കൊടുക്കുവാൻ പാടുള്ളുവെന്നു നിശ്ചയിക്കുകയും ചെയ്തു. ചുരുക്കം ചില വകുപ്പുകളിലെ ജോലിക്കാക്കു മാത്രമെ ഇതിൽ നിന്നും ഒഴിവുകൊടുത്തു മുൻപു് കൊടുത്തിരുന്ന വീട്ടുവാടക അലവൻസു് കൊടുക്കുന്നുള്ളു. സക്കാർ സ്ഥലങ്ങളിൽ താമസിക്കുന്നവർ ഗവമ്മെണ്ടിലേക്കു കൊടുക്കേണ്ട വീട്ടുവാടക ക്ലിപ്തപ്പെടുത്തുകയും ചെയ്തു. ഉദ്യോഗസ്ഥന്മാരുടെ വീട്ടിൽ ശിപായികളെ നിറുത്തുവാൻ പാടില്ലെന്നു നിശ്ചയിച്ചു. ഓരോ ആഫീസിലും നിയമിക്കാവുന്ന ശിപായിമാരുടെ എണ്ണം ക്ലിപ്തപ്പെടുത്തി കൂടുതലുള്ള എണ്ണം കുറക്കുവാനും വേണ്ട നടപടികൾ നടത്തി. പല ഉദ്യോഗസ്ഥന്മാരുടെ വീടുകളിലും ഉണ്ടായിരുന്ന ടെലിഫോൺ നിറുത്തി. ശിപായിമാരെ യാതൊരു ഉദ്യോഗസ്ഥനും ഡ്രൈവർമാരായൊ മററു ജോലി ചെയ്യിപ്പിച്ചുകൂടെന്നു നിബന്ധന ചെയ്തു. വകുപ്പദ്ധ്യക്ഷന്മാർ വഷാരംഭത്തിനുശേഷം ഗവമ്മെണ്ടിലേക്കയക്കുന്ന പുതിയ പദ്ധതികൾ പരിശോധിക്കുവാനായി ഒരു ഫൈനാൻസ് കമ്മിററിയെ നിയമിച്ചു. ഓരോ വകുപ്പിൻേറയും എസ്റ്റിമേററുകൾ പരിശോധിക്കുവാനായി ഒരു എസ്റ്റിമേററു് കമ്മിററിയേയും നിയമിച്ചിട്ടുണ്ടു്. ഇനിയും ഇത്തരം നടപടികൾ എടുക്കേണ്ട കാര്യവും ഗവമ്മെണ്ടു് പരിശോധിച്ചുകൊണ്ടിരിക്കയാണു്.

മേല്പറഞ്ഞ വ്യയന്യൂനീകരണ പദ്ധതികൾകൊണ്ട് ഗവൺമെൻ്റിൻ്റെ ഭരണചിലവിൽ ഗണ്യമായ കുറവ് വരുമെന്നു വ്യക്തമാണ്.

**ഭക്ഷ്യധാന്യങ്ങളുടെ വകയിൽ കേന്ദ്ര ഗവൺമെൻ്റിനുള്ള കടം വീട്ടുന്നു.**

ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ വകയിൽ കേന്ദ്രഗവൺമെൻ്റിന് കൊടുക്കുവാനുണ്ടായിരുന്ന കടം കേന്ദ്ര ഗവൺമെൻ്റുമായുള്ള സാമ്പത്തിക സംയോജനത്തെ തുടർന്നു ഇവിടത്തെ ഗവൺമെൻ്റിന് കേന്ദ്ര ഗവൺമെൻ്റിൽനിന്നും കിട്ടുവാനുണ്ടായിരുന്ന ചില ഇനങ്ങളിൽ തട്ടിക്കഴിച്ചും ബാക്കിയുണ്ടായിരുന്നതു് റൊക്കം കൊടുത്തും ഇതിനകം വീട്ടുകയും ചെയ്തു. കേന്ദ്ര ഗവൺമെൻ്റുമായുള്ള സാമ്പത്തിക സംയോജനംകൊണ്ടു് ഇവിടത്തെ ഗവൺമെൻ്റിന് ഭാവിയിൽ ഉണ്ടാകാവുന്ന വരുമാനക്കുറവ് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ എത്രകാലേക്കൂട്ടി തന്നെ ഗവൺമെൻ്റ് നിർദ്ദേശിച്ചു വേണ്ടത്തക്ക മുൻകരുതലുകൾ ചെയ്യുന്നുണ്ടെന്നു മേല്പറഞ്ഞ നടപടികൾ വ്യക്തമാക്കുന്നു.

## ഭൂനയ കമ്മററി

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചുള്ള ഭൂനയം നിർണ്ണയിക്കുവാനുള്ള പരിശ്രമത്തിലും ഗവൺമെൻ്റ് ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തെപ്പററി അന്വേഷണം നടത്തി വേണ്ട ശുപാർശകൾ സമർപ്പിക്കുവാനായി ഗവൺമെൻ്റ് ഒരു കമ്മററിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കമ്മററിയുടെ അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വസ്തു ഉടമസ്ഥന് കൈവശം വെച്ചുകൊണ്ടിരിക്കാവുന്ന ഭൂമിയുടെ പരിധിനിർണ്ണയത്തിൻ്റെ ആവശ്യവും വിധവും, അങ്ങിനെ നിർണ്ണയിക്കുന്നതായാൽ ഗവൺമെൻ്റുവക ഭൂമിയുടെ പരിധി നിർണ്ണയിക്കേണ്ട ആവശ്യവും, കാർഷികഭൂമി കൈമാററം ചെയ്യുന്നതു തടയുവാനുള്ള നയത്തിൻ്റെ ആവശ്യകത, സഹകരണതത്വത്തിൻ്റെ അടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുവാൻ ഗവൺമെൻ്റ് എടുക്കേണ്ട നടപടികൾ, കുടിയായ്മ സ്ഥിരത, ഭൂനികുതി നിർണ്ണയിക്കേണ്ട വ്യവസ്ഥകൾ, എന്നിങ്ങനെ സുപ്രധാനങ്ങളായ പലവിഷയങ്ങളെപ്പററിയും ഈ കമ്മററിയുടെ അഭിപ്രായം ഗവൺമെൻ്റ് ആരാഞ്ഞിട്ടുണ്ട്.

## ഭൂനികുതി കമ്മററി

സംയോജനത്തിനുമുമ്പ് ഭൂനികുതിയെപ്പററി അന്വേഷിക്കുവാൻ നിയമിച്ചിരുന്ന കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻ്റിനു സമർപ്പിച്ചുകഴിഞ്ഞു. ഉടനെ അതിന്മേൽ നടപടികൾ നടത്തുവാൻ ഗവൺമെൻ്റു വിചാരിക്കുന്നുമുണ്ട്.

## മദ്യനിരോധനം

ഗവമ്മെണ്ടിൻെറ പ്രഖ്യാപിത നയം മദ്യനിരോധനമാണ്. സംയോജനത്തിനു മുമ്പുതന്നെ തിരുവിതാംകൂറിലെ ഒൻപതു താലൂക്കുകളിലും കൊച്ചിയിലെ രണ്ടു താലൂക്കുകളിലും മദ്യനിരോധനം നടപ്പാക്കി. സംയോജനത്തിനു ശേഷം ൧—൧—൧൧൨൬ മുതൽ പത്തനാപുരം താലൂക്കിലും കൊടുങ്ങല്ലൂർ താലൂക്കിലും കൂടി മദ്യനിരോധനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൊണ്ട് ഗവമ്മെണ്ടിനു ൩൮ ലക്ഷം ഉറുപ്പിക നഷ്ടമുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്.

## ചണം കൃഷി

ഇന്ത്യയുടെ വിഭജനത്തിനുശേഷം ചണം കൃഷി ചെയ്യുന്ന പല ഭാഗങ്ങളും പാകിസ്ഥാനിൽപ്പെട്ടു. വിദേശങ്ങളിൽ ചണം ധാരാളം ചിലവുണ്ട്. ചണം കയററുമതിചെയ്യുവാൻ സാധിച്ചാൽ, അതിൻെറ വിലക്കുള്ള ഡോളർ ഉപയോഗിച്ചു ഇവിടെ ആവശ്യമുള്ള ഭക്ഷ്യസാധനങ്ങളും മററും വിദേശങ്ങളിൽനിന്നും കൊണ്ടു വരുവാൻ സാധിക്കുന്നതാണ്. ഈ വസ്തുതകൾ പരിഗണിച്ച് ചണം കൃഷിക്കു ഇന്ത്യാഗവമ്മെൻറ് പ്രോത്സാഹനം നൽകുന്നുണ്ട്. മധ്യതിരുവിതാംകൂർ പ്രദേശത്തു പുഞ്ചനിലങ്ങളിൽ പുഞ്ചകൃഷി കഴിഞ്ഞ ഉടനെ ചണം കൃഷിചെയ്തുനോക്കിയതിൻെറ ഫലം വളരെ ആശാജനകമായിട്ടാണ് കാണുന്നത്. അതുകൊണ്ട് സംസ്ഥാനത്തു ചണം കൃഷി വികസിപ്പിക്കുവാനായി ഗവമ്മെൻറു രണ്ടുലക്ഷം ഉറുപ്പിക ചിലവുവരുന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ ചിലവിൻെറ പകുതി ഇന്ത്യാഗവമ്മെൻറു വഹിക്കുന്നതും ഇവിടെയുണ്ടാകുന്ന ചണം നിശ്ചിതവിലക്ക് ഇന്ത്യയിലെ മില്ലുകൾ വാങ്ങുന്നതുമാണ്. ൭൦൩ ഏക്കർ സ്ഥലം ഇത്തവണ ചണം കൃഷി ചെയ്തിട്ടുണ്ട്.

## വനപരിപോഷണം

കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ ൧൫൭൭ ഏക്കർ വന പ്രദേശത്തെ പുതുതായി വൃക്ഷങ്ങൾ വളർത്തി പരിപോഷിപ്പിച്ചിട്ടുണ്ട്. ഇതിൽ ൨൦൦ ഏക്കർ പ്രദേശത്തു ചുള്ളിക്കാടാണ് വളർത്തിയിട്ടുള്ളത്. ൩൭൪ ഏക്കറിൽ നല്ലതരം തേക്കുകൾ പിടിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള ൮൮൧ ഏക്കർ പ്രദേശത്തു വിത്തുപാകിയും തൈകൾ പറിച്ചുവച്ചും തേന്മാവ്, അയിനി, വെന്തേക്ക്, പ്ലാവ്, മുതലായ വിലയേറിയ കാട്ടുവൃക്ഷങ്ങൾ പിടിപ്പിക്കുകയും ചെയ്തു.

കോന്നി ഡിവിഷനിൽ ൧൦൧ ഏക്കറിൽ തേക്കും ൧൧൪ ഏക്കറിൽ മററു കാട്ടുവൃക്ഷങ്ങളും കൊല്ലം ഡിവിഷനിൽ ൨൦൦ ഏക്കറിൽ ചുള്ളിക്കാടുകളും ൬൦ ഏക്കറിൽ കാട്ടുവൃക്ഷങ്ങളും കോട്ടയം ഡിവിഷനിൽ ൪൦൭ ഏക്കറിൽ കാട്ടുവൃക്ഷങ്ങളും ൪൧ ഏക്കറിൽ തേക്കും തിരുവനന്തപുരം ൧൫൨ ഏക്കറിൽ കാ

57721



ട്ടുവൃക്ഷങ്ങളും ചാലക്കുടി ഡിവിഷനിൽ ൨൦൦ ഏക്കറിൽ തേക്കും മലയാറ്റൂർ ഡിവിഷനിൽ ൭൩ ഏക്കറിൽ തേക്കും ൨൩൨ ഏക്കറിൽ കാട്ടുവൃക്ഷങ്ങളും മൂവാററുപുഴ ഡിവിഷനിൽ ൯൦ ഏക്കറിൽ തേക്കും ൨൪൩ ഏക്കറിൽ കാട്ടുവൃക്ഷങ്ങളും ആണ് പുതിയതായി ഈക്കൊല്ലത്തിൽ പിടിപ്പിച്ചിട്ടുള്ളത്.

## സമാധാനപാലനം


പൊതുജനക്ഷേമത്തിനുള്ള സൃഷ്ടിപരമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുന്നതോടൊപ്പംതന്നെ സംസ്ഥാനത്തിൽ സമാധാനവും നിയമവും പാലിക്കുന്നതിലും ഗവമെന്റ് നിഷ്ക്കർഷിണ്യമായും ഊർജ്ജിതമായും വർത്തിച്ചുപോന്നിട്ടുണ്ട്. രാജ്യത്തിന്റെ സമാധാനത്തിനു ഭംഗം വരുത്തുന്നവർ പൊതുജനങ്ങളുടെ ശത്രുക്കളാണെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. സംസ്ഥാനത്തിലെ ചില പ്രദേശങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ അടുത്തകാലത്തു അക്രമ പ്രവർത്തികളിൽ ഏർപ്പെട്ട വിവരം എവർക്കും അറിയാവുന്നതാണ്. അക്രമികളെ പോലീസ് ഡിപ്പാർട്ടുമെന്റ് ഉടനടി കണ്ടുപിടിക്കുകയും അവരുടെ പേരിൽ നിയമപ്രകാരമുള്ള നടപടികൾ ഊർജ്ജിതമായി എടുക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, അക്രമങ്ങൾ വിജയപ്രദമായി തടയുന്നതിനുള്ള എല്ലാ നടപടികളും ഗവമെന്റ് ഇതിനകം കൈക്കൊള്ളുകയും കമ്മ്യൂണിസ്റ്റു ശല്യങ്ങളുണ്ടെന്നു കാണുന്ന പ്രദേശങ്ങളിൽ പൊതുജനനേതാക്കന്മാരടങ്ങിയ അനുദ്യോഗസ്ഥ സംഘങ്ങൾ കമ്മ്യൂണിസ്റ്റു പ്രതിരോധത്തിനായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്മ്യൂണിസ്റ്റു സംഘടന അക്രമപ്രസക്തമായ ഒന്നാണെന്നു ഗവമെന്റിനു ബോദ്ധ്യം വന്ന ഉടൻ തന്നെ പ്രസ്തുത സംഘടനയെ നിയമവിരുദ്ധമാക്കി ഗവമെന്റ് പ്രഖ്യാപിക്കുകയും ചെയ്തു. അക്രമങ്ങളിലും പൊതുജനസമാധാനത്തിനു ഹാനികരമായ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരുടെ പേരിൽ തക്കതായ നടപടികൾ എടുക്കുന്നതിനു ആവശ്യമായ നിയമങ്ങൾ പാസാക്കുകയും പോലീസ് വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## പബ്ളിക്ക് റിലേഷൻസ്


പൊതുജനാരോഗ്യം, മദ്യനിരോധനം, പഞ്ചായത്ത്, വ്യവസായം, പിന്നോക്കസമുദായോദ്ധാരണം മുതലായ വകുപ്പുകളിൽനിന്നും നടത്തേണ്ട പ്രസിദ്ധീകരണജോലി ഏകീകരിച്ചു നടത്തുവാനായി ഒരു പദ്ധതി ഗവമെന്റ് സ്വീകരിക്കുകയും അതനുസരിച്ചു പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ആരംഭിക്കുകയും ചെയ്തു. സംസ്ഥാനത്തെ പ്രസിദ്ധീകരണജോലി പബ്ളിക്ക് റിലേഷൻസ് ഡയറക്ടർ മേല്പറഞ്ഞ വകുപ്പുകളുടെ അദ്ധ്യക്ഷന്മാരടങ്ങിയ ഒരു കമ്മിററിയുടെ നിർദ്ദേശങ്ങളനുസരിച്ചു നടത്തേണ്ടതാകുന്നു. പബ്ളിക്ക് റിലേഷൻസ് വകുപ്പ് ആരംഭിച്ചതോടുകൂടി ഇൻഫർമേഷൻ ഡിപ്പാർട്ട്മെന്റ് നിറുത്തലാക്ക

കയും ഇൻഫർമേഷൻ ഡയറക്ടരുടെ ജോലികൾ പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ നടത്തുകയും ചെയ്യുന്നതാണ്. ഈ പദ്ധതിയനുസരിച്ചുള്ള പ്രചരണ ജോലിക്കുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ ജോലി ആരംഭിച്ചിട്ടില്ലെങ്കിലും വകുപ്പിന്റെ പ്രവർത്തനത്തിനുള്ള വിശദ നിർദ്ദേശങ്ങൾ ഗവമ്മെണ്ടിനു ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇൻഫർമേഷൻ വകുപ്പ് നടത്തിയിരുന്ന ജോലികൾ ഈ ഡിപ്പാർട്ടുമെണ്ട് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. തിരുവിതാംകൂർ-കൊച്ചി ഇൻഫർമേഷൻ ആൻഡ് ലിസണർ എന്ന മാസികയും തിരുവിതാംകൂർ-കൊച്ചി പത്രികയും നിറുത്തലാക്കുകയും തൽസ്ഥാനത്ത് ഒരു ബുള്ളററിൻ രണ്ടാഴ്ച കൂടുമ്പോൾ പ്രസിദ്ധീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പബ്ലിക്ക് റിലേഷൻസ് വകുപ്പിലെ നിയമനങ്ങൾ നടത്തി കഴിഞ്ഞാൽ ഉടനെ ഈ ബുള്ളററിന്റെ പ്രസിദ്ധീകരണം ആരംഭിക്കുന്നതായിരിക്കും.

---



കന്യാകുമാരി


MAP OF
TRAVANCORE & COCHIN



പെരിയാർ തടാകം

PRINTED AT THE GOVERNMENT PRESS, ERNAKULAM AND PUBLISHED FROM THE DEPARTMENT OF PUBLIC RELATIONS, TRAVANCORE—COCHIN STATE.
BY M. K. DEVASSY, DIRECTOR OF PUBLIC RELATIONS